2013

# ബിലീവേഴ്സ് ജേണൽ

ഒക്ടോബർ 25 | ക്രൈസ്തവ ലോകത്തെ വേറിട്ട ശബ്ദം... | വാല്യം 06 ലക്കം 20

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# യു. എസ്. പ്രതിസന്ധി രാഷ്ട്രീയമോ? സാംസ്കാരികമോ?

**പ്രകാശ് പി. കോശി**

അമേരിക്കയിലെ സാമ്പത്തിക പ്രതിസന്ധിയും അതിന് കാരണമായ ഡെമോക്രാറ്റ് റിപ്പബ്ലിക്കൽ തർക്കവും രാഷ്ട്രീയപരമായി കാണാനാണ് പ്രമുഖ മാധ്യമങ്ങളും ഭൂരിഭാഗം ജനങ്ങളും താത്പര്യപ്പെടുന്നത്. എന്നാൽ അമേരിക്കയിൽ ചില ദിവസങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് മതപരവും സാംസ്കാരികവുമായ മാനം നൽകാൻ ചില ബ്ലോഗ് എഴുത്തുകാരും ചിന്തകരും ശ്രമിച്ചു. അതായത് അമേരിക്കയിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ മാനവികതയിലും മതേതരത്തിലും വിശ്വസിക്കുന്ന ഡെമോക്രാറ്റുകളും വലതു പക്ഷ നിലപാടിലും മതത്തിന്റെ സ്വാധീനത്തിനുള്ളിലും നിൽക്കാൻ ശ്രമിക്കുന്ന റിപ്പബ്ലിക്കന്മാരും തമ്മിലുള്ള ആശയസംഘട്ടനത്തിന്റെ ഫലമാണെന്ന് ചിലരെങ്കിലും വിശ്വസിക്കുന്നു.

ചില പ്രമുഖപത്രങ്ങൾ സാമ്പത്തിക പ്രതിസന്ധിയുടെ പൂർണ്ണ ഉത്തരവാദിത്വം റിപ്പബ്ലിക്കന്മാരിൽ അടിച്ചേൽപ്പിച്ചു. പ്രസിഡന്റ് ബറാക് ഒബാമയുടെ സ്വപ്ന പദ്ധതിയായ അഫോഡസിൽ ഹെൽത്ത് കെയർ (obamacare) അമേരിക്കയിലെ എല്ലാ പൗരന്മാർക്കും ഇൻഷുറൻസിലൂടെ ആരോഗ്യ പരിരക്ഷ ഉറപ്പിക്കുന്ന ഒരു പുതിയ നയം ആണ്. ഒരു പക്ഷെ എല്ലാവർക്കും ആരോഗ്യം എന്നത് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ഭാഗമാണെന്ന് റിപ്പബ്ലിക്കൻ ചേരിയിൽ ചിലരെങ്കിലും വിശ്വസിക്കുന്നുണ്ടാകാം ഈ പദ്ധതി ഗവൺമെന്റിന്റെ കടമെടുപ്പ് വർദ്ധിപ്പിക്കുകയും നികുതി പണത്തിനുമേൽ ഇത് വൻ സാധ്യതയാവുമെന്നും ബില്ലിനെ എതിർക്കുന്നവർ കരുതുന്നു.

ഒബാമാ കെയറിനെതിരെ ശക്തമായ ലോബിയിംഗ് നടത്തിയ ടെക്സസിൽ നിന്നുള്ള സെനറ്റർ



ടെഡ് ക്രൂസ് വലിയ ക്യാമ്പയിനുകൾ നടത്തി. ടെഡിന്റെ ശക്തമായ വലുതുപക്ഷ നിലപാടിന്റെയും മതവിശ്വാസത്തിൽ അധിഷ്ഠിതമായ കാരണം അന്വേഷിച്ച് പോയവർ എത്തി നിൽക്കുന്നത് അദ്ദേഹത്തിന്റെ പിതാവായ പാസ്റ്റർ റാഫേൽ ക്രൂസിലാണ്. ഒരു ക്യൂബൻ അഭയാർത്ഥി കുടുംബത്തിൽ ജനിച്ച ടെഡ് എങ്ങനെയാണ് ഒരു വലതു പക്ഷ രാഷ്ട്രീയക്കാരനായത് എന്നത് പലർക്കും ഒരു പ്രഹേളിക്കുകയാണ്.

ഒബാമാ കെയർ അവതരിപ്പിച്ചപ്പോൾ തന്നെ പാസ്റ്റർ റാഫേൽ ക്രൂസ് ഈ ബിൽ പരാജയപ്പെടുത്തണം എന്നും ഇത് അമേരിക്കൻ ജനതയുടെ കൂർ (ഭക്തി) ഗവൺമെന്റിൽ മാത്രമാക്കി കുറയ്ക്കുമെന്നും പ്രചരിപ്പിച്ചു. പുതിയ ബിൽ മതത്തിനെതിരെ ഉള്ള ആക്രമണം ആണെന്നാണ് ഒരു ലീഡർ ഷിപ്പ് സെമിനാറിൽ പാസ്റ്റർ ക്രൂസ് പറഞ്ഞത്. "സോഷ്യലിസം ഗവൺമെന്റിനെ നിങ്ങളുടെ ദൈവമാക്കുന്നു. ദൈവത്തെ കുറിച്ചുള്ള നമ്മുടെ സങ്കല്പം അവർ നശിപ്പിക്കും. നമ്മുടെ എല്ലാ ഭക്തികളും അവർ നശിപ്പിക്കും. അവസാനം ഒരു ഭക്തി മാത്രം ബാക്കിയുണ്ടാവും ഗവൺമെന്റിനോടുള്ള ഭക്തി" പറഞ്ഞു പാസ്റ്റർ റാഫേൽ.ടെഡ് ക്രൂസിന്റെ നയങ്ങളും അഭിപ്രായങ്ങളും തന്റെ പിതാവിന്റേതിൽ നിന്നും ഒട്ടും വ്യത്യസ്ഥമല്ല. അതുകൊണ്ടാണ് ഒബാമാ കെയറിനെ താമസിപ്പിക്കാനും കടമെടുപ്പ് പരിധി ഉയർത്താതിരിക്കാനും ടെഡ് ക്രൂസിനെപ്പോലുള്ള ഒരു പുതിയ നേതാവ് മുന്നോട്ട് വന്നത്. വിശ്വാസത്തിനും മതത്തിനും ഇതുമായി ബന്ധപ്പെട്ട സദാചാര നിഷ്ഠകൾക്കും ഇന്നും അമേരിക്കയിൽ സ്ഥാനം വേണം എന്ന് ചിന്തിക്കുന്ന രാഷ്ട്രീയക്കാരിൽ ഒരാളാണ് ടെഡ് ക്രൂസ്.


ലക്ഷക്കണക്കിന് ജനങ്ങളെ വലച്ചാൽ ഗവൺമെന്റ് സ്ഥാപനങ്ങളെ നിശ്ചലമാക്കിയ സാമ്പത്തിക പ്രതിസന്ധി ദൈവീകമല്ലെന്ന് പറയാനും ചിലർ മുന്നോട്ട് വന്നു. പുരോഗമന ചിന്താഗതിക്കാരനായ ജിം വാലിസാണ് പ്രതിസന്ധി ബൈബിൾ സത്യങ്ങൾക്ക്

05



## ഒരു കോടിയിലധികം സന്ദർശകരുമായി ബിലീവേഴ്സ് ജേണൽ വെബ് സൈറ്റ്

## ചരിത്രം തിരുത്തിക്കുറിച്ച് ബിലീവേഴ്സ് ജേണൽ മുന്നേറുന്നു



പത്രപ്രവർത്തകരുടെ സംയുക്ത കൂട്ടായ്മയായി ആരംഭിച്ച ബിലീവേഴ്സ് ജേണൽ എന്നും ഒരു പടി മുന്നിൽ. മൾട്ടിക്കളറിൽ ആദ്യലക്കം മുതൽ ബിലീവേഴ്സ് ജേണൽ ഇറങ്ങിയപ്പോൾ മറ്റ് പത്രങ്ങളും അത് അനുകരിക്കേണ്ടി വന്നു. അച്ചടി മാധ്യമത്തോടൊപ്പം ബിലീവേഴ്സ് ജേണൽ ഓൺ ലൈൻ പത്രം സൗജന്യമാക്കി. മറ്റുള്ളവരും ജേണലിനെ അനുഗമിച്ചു. 35000ത്തിലധികം ആളുകൾക്ക് ഈ-മെയിലിൽ പി. ഡി. എഫ്. അയച്ച് ഞങ്ങൾ ചരിത്രം തിരുത്തിക്കുറിച്ചു. ബിലീവേഴ്സ് ജേണൽ വെബ് സൈറ്റ് സന്ദർശിക്കുന്നവരുടെ എണ്ണം ഓരോ മാസവും മൂന്നു ലക്ഷത്തിലധികമായി. ഇതുവരെ ബിലീവേഴ്സ് ജേണൽ വെബ് സൈറ്റ് സന്ദർശിച്ചവരുടെ എണ്ണം ഒരു കോടിയിലധികമായിരിക്കുന്നു!

**ബഹുമാന്യ വായനക്കാർക്ക് ഹൃദയം നിറഞ്ഞ നന്ദി!**

Website: www.beljourn.com / www.bjournal.org

**സാക്ഷി**



പള്ളി തർക്കം മെത്രാന്മാരുടെ സമരം തെരുവിൽ

*യേശുവിനെ ക്രൂശിച്ചതും ഇവരൊക്കെ തന്നെയല്ലേ*

## ഐ. പി. സി. ജനറൽ കൗൺസിൽ അംഗസംഖ്യ ഉയർത്തി

### പി. വൈ. പി. എ. പ്രായപരിധി 40 വയസ്സ്

**കുമ്പനാട്:** ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയുടെ അന്താരാഷ്ട്ര ഭരണസമിതിയായ ജനറൽ കൗൺസിൽ അംഗസംഖ്യ 84 ൽ നിന്ന് 105 ആയി ഉയർത്തി. ഒക്ടോബർ 1 ന് ഹെബ്രോൻപുരത്തു കൂടിയ ഐ. പി. സി. ജനറൽ ബോഡിയിലാണ് ഇത് സംബന്ധമായ തീരുമാനം ഉണ്ടായത്. പി. വൈ. പി. എ. ഭാരവാഹികളുടെ പ്രായപരിധി 35ൽ നിന്ന് 40 ആയി ഉയർത്തുവാനും ജനറൽ ബോഡിയിൽ തീരുമാനമായി.

നടപടിക്രമം പാലിച്ചല്ല ജനറൽ ബോഡി വിളിച്ചു കൂട്ടിയതെന്നാക്ഷേപം യോഗത്തിൽ പരക്കെ ഉയർന്നു. ഇതുമായി ബന്ധപ്പെട്ടുയർന്ന വാദപ്രതിവാദങ്ങൾ ജനറൽ ബോഡി തടസ്സപ്പെടുന്ന നിലയിൽ എത്തി. എങ്കിലും അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്ന വിഷയങ്ങൾ നടപ്പിലാക്കിയെടുക്കുവാൻ ഭരണസമിതിക്ക് കഴിഞ്ഞു.

## ബിജു കടുക്കോയിക്കൽ നിത്യതയിൽ



**പള്ളിപ്പാട്:** സുപ്രസിദ്ധ ബാല സുവിശേഷ പ്രസംഗകനായ ബിജിൻ കടുക്കോയിക്കലിന്റെ പിതാവ് ബിജു കടുക്കോയിക്കൽ (40) നിത്യതയിൽ പ്രവേശിച്ചു. കടുക്കോയിക്കൽ ഗീവർഗീസ് - അമ്മിണി ദമ്പതികളുടെ മകനാണ് പരേതൻ. ബെല്ലാരിയിൽ വച്ച് ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം സംഭവിച്ചത്. ജോയി കടുക്കോയിക്കലിന്റെ ഇളയ സഹോദരനാണ് ഇദ്ദേഹം. സംസ്കാരം വൻജനാവലിയുടെ സാന്നിധ്യത്തിൽ നടന്നു. പാസ്റ്റർ എം. വി. വർഗ്ഗീസ്, പാ. രാജു പൂവക്കാല എന്നിവർ ശുശ്രൂഷകൾ നിർവ്വഹിച്ചു. പാ. ജോണിക്കുട്ടി നേതൃത്വം നൽകി. ഭാര്യ ഷൈനി. മക്കൾ ബിജിൻ, അക്സ. സഹോദരങ്ങൾ രാജൻ വർഗീസ്, മോളി, കെ. ജോയി, കെ. സാമുവേൽ, പരേതനായ കെ. മാത്യു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

യു. എ. ഇ. കോർഡിനേറ്റർ
റെഞ്ചി ചരളേൽ

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.in
www.bjournal. Org

### അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ആദിമ അനുഭവത്തിലേക്ക് മടങ്ങുക




സഭയുടെ ഈ ഭൂമിയിലെ ദൗത്യം ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുക എന്നുള്ളതാണ്. സ്വർഗ്ഗീയ മഹിമകൾ വെടിഞ്ഞ് താണഭൂമിയിലേക്ക് വന്ന് കാൽവറി ക്രൂശിൽ യാഗമായി തീർന്ന കർത്താവ് സഭയെ ഭരമേൽപ്പിച്ച ദൗത്യവും അതുതന്നെയാണ്. ലോകത്തിൽ സുവിശേഷം പ്രചരിപ്പിച്ചും ദൈവീക ഉപദേശം പഠിപ്പിച്ച് ജനത്തെ മാനസാന്തര അനുഭവത്തിലേക്കു നടത്തിയും വിശുദ്ധ ജീവിതം നയിച്ചും പ്രത്യാശയോടെ കാന്തനെ കാത്തിരിക്കുക. എന്നാൽ ലക്ഷ്യത്തിൽ നിന്നും മാറി ഓടിക്കൊണ്ടിരിക്കുന്ന സഭ ഭരമേൽപ്പിക്കപ്പെട്ട ദൗത്യം മറന്നിരിക്കുന്നു എന്നത് ദുഃഖകരമായ യാഥാർത്ഥ്യം.

സമുദായ സഭകളെ വിട്ട പെന്തക്കോസ്ത് അനുഭവത്തിലേക്കും അപ്പൊസ്തലിക ഉപദേശത്തിലേക്കും ആകർഷിക്കപ്പെട്ട നമ്മുടെ പിതാക്കന്മാർ ആ ദർശനത്തോടെ മുന്നേറി. അന്നത്തെ സമൂഹത്തിൽ ചുരുക്കമായിരുന്നിട്ടും അവർ അറിഞ്ഞ സത്യത്തിനായി നിലകൊണ്ടു. ശരിയായ ഉപദേശം പഠിപ്പിച്ചു. പ്രായോഗിക ജീവിതത്തിന് പ്രാധാന്യം നൽകുന്നതായിരുന്നു അവരുടെ പഠിപ്പിക്കലുകൾ. തങ്ങൾ പഠിപ്പിക്കുന്നത് സ്വന്ത ജീവിതത്തിൽ പ്രായോഗികമാക്കിയ അവരുടെ ഉപദേശത്തിൽ ജനം ആകൃഷ്ടരായി. എന്നാൽ ഇന്ന് ഉപദേഷ്ടാക്കളുടെ ജീവിതവും ഉപദേശവും തമ്മിലുള്ള അന്തരം കണ്ട് ജനം അന്തം വിട്ടു നിൽക്കുന്നു. ബിലയാമിന്റെ ഉപദേശം സഭകളിൽ സാർവ്വത്രികമായിരിക്കുന്നു. സത്യ ഉപദേശം പ്രസംഗിക്കുന്നവരുടെ എണ്ണം വിരലിലെണ്ണാവുന്നതായി മാറി. ബാലാക്കിന്റെ കൂലി കൊതിച്ച് വേർപാടിന്റെ സത്യം മറന്ന് ജനത്തെ അഴിച്ചു വിടുന്നു. ലോകക്കാരേക്കാൾ യാതൊരു വ്യത്യാസവും ഇല്ലാതെ വിശ്വാസികളും ഉപദേഷ്ടാക്കളും അവരുമായി ഇടകലർന്നിരിക്കുന്നു. സ്വർഗ്ഗം ഇവിടെതന്നെയെന്നും കർത്താവിനെ അറിയുന്നവർക്ക് എല്ലാവിധ അനുഗ്രഹങ്ങളും ഈ ഭൂമിയിൽ തന്നെ ലഭ്യമെന്നുള്ള പഠിപ്പിക്കലുകളിൽ ആകൃഷ്ടരായി ദ്രവ്യ സമ്പാദനത്തിനായി അവർ ഓടുന്നു. ഭൗതിക അനുഗ്രഹങ്ങൾ ആത്മീയ അനുഗ്രഹത്തിന്റെ അളവുകോലാക്കി മാറ്റിയവർ സഭയുടെ ദൗത്യം ബുദ്ധിപൂർവ്വം മറക്കുന്നു.

സുവിശേഷീകരണം എന്ന വലിയ ദൗത്യം സഭ ഇന്നു മറന്നിരിക്കുന്നു. ഉപദേശസത്യങ്ങൾ ബലികഴിക്കുന്നു. ലോകവും പിശാചുമായി രഹസ്യസന്ധികൾ ചെയ്യുന്നു. ലോകക്കാരെ ലജ്ജിപ്പിക്കുന്ന രാഷ്ട്രീയക്കളികൾ കസേരക്കായി നടത്തുന്നവർ ഈ രാജ്യത്തിനു സിംഹാസനം ഉറപ്പിക്കുവാൻ നെട്ടോട്ടമോടുന്നു. കസേരയിൽ ഇരിക്കുന്നവർ അത് നഷ്ടപ്പെടാതിരിക്കുവാനും കസേര കിട്ടാത്തവർ അതു നേടിയെടുക്കനും തന്ത്രങ്ങൾ മെനഞ്ഞ് ദൗത്യം മറന്ന് അതിനായി സമയം നഷ്ടപ്പെടുത്തുന്നു. ചില സഭാ പ്രസ്ഥാനങ്ങൾ പഴയ നിയമ പൗരോഹിത്യം പോലെ മക്കളിലേക്കും കൊച്ചുമക്കളിലേക്കും കസേര കൈമാറാൻ തന്ത്രങ്ങൾ ഒരുക്കുന്നു. ഇങ്ങനെ പല നിലകളിൽ സഭ തന്റെ ദൗത്യം മറന്നോടുന്നു.

ആദിമകാല സഭയിൽ പരിശുദ്ധാത്മ വ്യാപാരത്തിനും ദൈവ പ്രവർത്തിക്കുമായിരുന്നു പ്രാധാന്യമെങ്കിൽ ഇന്ന് എഴുതപ്പെടാത്ത ആരാധനാക്രമത്തിലൂടെ എല്ലാം പ്രഹസനമാകുന്നു. കൃപാവരങ്ങൾ ലഭിച്ചവർ സൗജന്യമായി നൽകാതെ തങ്ങളുടെ ധനസമ്പാദത്തിനായി അത് ഉപയോഗിക്കുന്നു. ഈ ലോകത്തിലേക്കു മാത്രം വേണ്ട വരങ്ങൾക്കു അമിത പ്രാധാന്യം നൽകി വരുവാനുള്ള ലോകത്തേക്കു പോകുവാനാവശ്യമായ ആത്മാവിന്റെ ഫലങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല. ഭക്തി പ്രകടനങ്ങളിലൊതുക്കുന്നു പണം എല്ലാറ്റിന്റെയും അടിസ്ഥാനമാക്കുന്ന സംഘടനകൾ ദർശനമുള്ളവനെയും നിയോഗമുള്ളവനെയും മാറ്റി നിർത്തി പണം നൽകാൻ കഴിവുള്ളവരെ പ്രോത്സാഹിപ്പിക്കുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമെന്ന വചനം അന്വർത്ഥമാകുമാറ് നേതൃത്വങ്ങളും തെറ്റിപ്പോകുന്നു. സഭക്ക് ഒരു മടങ്ങിവരവ് ആവശ്യമാണ്. അതിനായി വേണ്ടത് ദൈവീകനിയോഗവും ദർശനവും ഉള്ള നേതൃത്വവും. അതിനായി പ്രാർത്ഥിക്കാം. പ്രതീക്ഷിക്കാം.

– തുടർച്ച 09 –

## മാതാപിതാക്കൾ അറിയാൻ

# കുഞ്ഞുങ്ങൾക്ക് നൽകേണ്ടത് നൽകുക



ബിനു ജോസഫ് വടശ്ശേരിക്കര
9495834994

"ഒരു പട്ടിക്കും കുട്ടിക്കും വേണ്ടത് എല്ലാം നൽകുക; നിങ്ങൾക്ക് അനുസരണമുള്ള ഒരു പട്ടിയെയും വഴിപിഴച്ച ഒരു കുട്ടിയെയും കിട്ടും" എന്നത് ഒരു ചൈനീസ് പഴമൊഴിയാണ്.

കുഞ്ഞുങ്ങൾക്ക് ദുഃഖമോ, ബുദ്ധിമുട്ടോ ഉണ്ടാകരുതെന്ന് കരുതി അവർക്ക് വേണ്ടി എല്ലാം വാങ്ങി നൽകുന്ന മാതാപിതാക്കൾ ഉണ്ട്. എല്ലാം നൽകുമ്പോഴും നൽകേണ്ടത് നൽകിയില്ലെങ്കിൽ കുഞ്ഞുങ്ങളുടെ ഭാവി അധഃപതനത്തിലാകും.

കഴിഞ്ഞ ദിവസം കണ്ട ഒരു പിതാവ് തന്റെ മകന് വാങ്ങി നൽകിയ സമ്മാനത്തെപ്പറ്റി പറഞ്ഞപ്പോൾ ഞാൻ അന്തം വിട്ടു പോയി. ഒമ്പതാം ക്ലാസ്സുകാരനെ പഠനത്തിൽ മികവുകാട്ടിയതിന് പിതാവ് നൽക്കികൊടുത്തത് 13000 രൂപയ്ക്ക് മുകളിൽ വില വരുന്ന ഒരു മൊബൈൽ ഫോൺ. അല്ല ഒമ്പതാം ക്ലാസ്സുകാരന് എന്തിനാ ആ മൊബൈൽ. അതും ഇത്രയും വിലയുള്ളത് എന്ന ചോദ്യം വേണ്ട. സ്നേഹിക്കുന്ന പിതാക്കന്മാർ മക്കൾക്ക് വേണ്ടി നല്ല ദാനങ്ങളെ നൽകുക എന്നു മാത്രം കരുതിയാൽ മതി. പിതാവിന്റെ കൈയിലിരിക്കുന്ന ഫോണോ കേവലം 1000 വിലമതിക്കുന്ന ഒരു പഴയ ഫോൺ.

ചർച്ചയ്ക്കിടയിൽ ഞാൻ ഈ പിതാവിനോട് പറഞ്ഞത്; അച്ചാ, സമ്മാനം നന്നായി, ഇനിയും എല്ലാ മാസവും ആയിരം രൂപയ്ക്ക് പണം കൂടി ഇട്ടുകൊടുക്കണം. ഒരു എട്ടു വർഷം കഴിയുമ്പോൾ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ചെന്ന് മകനെ കാണാം. അയ്യോ! അതെന്താ സാറേ അങ്ങനെ പറയുന്നേ?

അച്ചാ സമ്മാനം കൊള്ളാമെങ്കിലും ഈ മൊബൈൽ ഉപയോഗിക്കുവാനുള്ള പ്രായമോ പക്വതയോ ഈ മകന് ഇപ്പോൾ ഇല്ല. ഇത് ഇപ്പോൾ കൊടുത്താൽ ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യും. ഇത്രയും കേട്ടപ്പോൾ ആ പിതാവിന് എന്തോ ഒരു പന്തികേടുപോലെ തോന്നി.

**നാം നൽകുന്നത് എന്താണ്?**

കുഞ്ഞുങ്ങൾക്ക് നാം നൽകുന്നത് അവർക്ക് ഏതുതരത്തിൽ പ്രയോജനപ്പെടുന്നവയാണെന്ന് വിലയിരുത്തുന്നത് നല്ലതാണ്. കുഞ്ഞുങ്ങൾക്ക് യാതൊരു വിധത്തിലും പ്രയോജനം ഇല്ലാത്തവയ്ക്കുവേണ്ടി ധാരാളം പണം ചിലവഴിക്കുന്നവർ ഉണ്ട്. ചിലരെങ്കിലും പറയും; ഞാൻ വളരെ ബുദ്ധിമുട്ടിയാ വളർന്നത്. എന്റെ കുഞ്ഞുങ്ങൾക്ക് ബുദ്ധിമുട്ടൊന്നും ഉണ്ടാകരുത്. ശരിയാണ് നിങ്ങൾ അല്പം ബുദ്ധിമുട്ടി വളർന്നതിനാലാണ് ഇപ്പോൾ നിങ്ങൾ ആയിരിക്കുന്ന നിലവാരത്തിലെത്തിയത്. ജീവിതത്തിലെ ബുദ്ധിമുട്ടും അത്യാവശ്യം പണത്തിന്റെ വിലയും അറിഞ്ഞ് കുഞ്ഞുങ്ങൾ വളർന്നാൽ മാത്രമേ അവർ ഭാവിയിൽ ലക്ഷ്യബോധം ഉള്ളവരാകുകയുള്ളൂ.

വിശപ്പിന്റെ വില അറിഞ്ഞവൻ
വിയർപ്പിന്റെ വിലയും അറിയും...

എന്നത് ഓർക്കുക. "കഠിനാധ്വാനം കൂടാതെ ജീവിതത്തിൽ ഉയർന്നവരും ഇല്ല".

ഏഴാം വയസ്സിൽ രാജാവായ യോവാശിനെപ്പറ്റി ദൈവവചനത്തിൽ കാണാം (2 ദിന. 24:1-5). ചെറുപ്പത്തിലെ ഉത്തരവാദിത്വം ഏതെങ്കിലും ദൈവീക കാര്യങ്ങൾക്കും ദൈവപ്രസാദമുള്ള കാര്യങ്ങൾ ചെയ്യുവാനും യോവാശ് മനസ്സുവെച്ചു.

കുഞ്ഞുങ്ങൾക്ക് നാം നൽകുന്നത് അവരുടെ ആത്മീക - ശാരീരിക- മാനസീക വളർച്ചയ്ക്ക് ഉതകുന്നവയായിരിക്കണം. കുഞ്ഞുങ്ങൾ ടി. വി.യിൽ കാണുന്ന പരിപാടികൾ ആത്മീയ മൂല്യം ഉള്ളതോ ധാർമ്മിക മൂല്യങ്ങളോ ഉള്ളതായിരിക്കണം.

**കുഞ്ഞുങ്ങളും ടി. വി.യും**

ടി. വി.യിൽ കുഞ്ഞുങ്ങൾക്ക് കാണാൻ യുക്തമായ അനവധി പരിപാടികൾ ഉണ്ട്. എന്നാൽ പലപ്പോഴും അമാനുഷിക കഥാപാത്രങ്ങളായ, കുട്ടിച്ചാത്തനും, ഛോട്ടാ ബീമും മറ്റുമാണ് കുഞ്ഞുങ്ങൾ തിരഞ്ഞെടുക്കുന്നത്. അത്യാവശ്യ ഘട്ടങ്ങളിൽ യേശുവിന്റെ സഹായത്തിനു പകരം മായാവിയെയോ, കുട്ടിച്ചാത്തനെയോ, മറ്റോ കുഞ്ഞുങ്ങൾ ആശ്രയിച്ചാൽ നാം അമ്പരക്കേണ്ട കാര്യമില്ല. നാം നൽകുന്ന ടി. വി.യിലെ പരിപാടികളിൽ ഏറെക്കുറെ കുഞ്ഞുങ്ങൾക്ക് പ്രയോജനമില്ലാത്തവയാണ്. അതിനാൽ നല്ലത് തിരഞ്ഞെടുക്കുവാൻ കുഞ്ഞുങ്ങളെ ശീലിപ്പിക്കുക. കാർട്ടൂണുകൾ, അമാനുഷിക കഥാപാത്രങ്ങൾ ഉള്ള പരിപാടികൾ ഇവയ്ക്കു പകരം മൂല്യങ്ങളുള്ള പ്രോഗ്രാമുകൾ കാണുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുക. ടി. വി.യിൽ കാണുന്നതും കേൾക്കുന്നതും അവരുടെ ഭാവിയെയും വളർച്ചയെയും ബാധിക്കും. കൊലപാതകം, ഗുസ്തി, ആത്മഹത്യ, പീഡനങ്ങൾ തുടങ്ങിയവ സ്ഥിരമായി കാണുന്നവരിൽ അക്രമവാസനകൾ വർദ്ധിക്കുമെന്ന് മനഃശാസ്ത്രം വിലയിരുത്തുന്നു.

കുട്ടികൾ കാണുന്ന കാര്യങ്ങൾ കേൾക്കുന്നവയെക്കാൾ ആഴത്തിൽ മനസ്സിൽ പതിയും. സിനിമയിലെ ഡയലോഗുകൾ, ഗാനങ്ങൾ ഇങ്ങനെ തുടർച്ചയായി പറയുകയോ പാടുകയോ ചെയ്യുന്നവരെ ശ്രദ്ധിക്കുകയും അത് അവരെ എത്രത്തോളം സ്വാധീനിച്ചു എന്ന് മനസ്സിലാക്കുകയും ചെയ്യുക.

ഹൃദയം നിറഞ്ഞ് കവിയുന്നത്
വായ് സംസാരിക്കുന്നു

എന്നത് മറക്കരുത്. ആത്മീയത ഉളവാക്കുന്ന പരിപാടികൾ കാണുന്നത് നല്ലതാണ്.

കുട്ടികളുടെ പ്രായത്തിന് അനുയോജ്യമായ സി. ഡി.കൾ വാങ്ങി നൽകുന്നത് നല്ലതാണ്. എന്നാൽ അവയിൽ അടങ്ങിയിരിക്കുന്നത് എന്താണെന്ന് മാതാപിതാക്കൾ ശ്രദ്ധിക്കണം.ബൈബിൾ കഥകൾ, നല്ല പാട്ടുകൾ, മൂല്യങ്ങളുടെ കഥകൾ ഇവ അടങ്ങിയ വി. സി.ഡി.കൾ മാത്രം വാങ്ങി നൽകുക. ടി. വി., കമ്പ്യൂട്ടർ ഇവ കാണുന്നതിനെ പ്രത്യേകസമയം നിർദ്ദേശിക്കേണ്ടത് ഉചിതമാണ്.

**മൊബൈൽ ഫോൺ..**

കഴിവതും പതിനെട്ട് വയസ്സിൽ താഴെപ്രായമുള്ള കുട്ടിക്ക് മൊബൈൽ നൽകരുത്. മൊബൈൽ കണക്ഷൻ ലഭ്യമാകാനുള്ള പ്രായം പതിനെട്ടായി ഗവ

10

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

**ഭാഗം: ഒന്ന്**

**- തുടർച്ച -**



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**പൗലോസ് തർസോസിലും അന്ത്യോക്യയിലും**
**അപ്പൊ. പ്രവ. 9:26-37**

വഴിയിൽ വച്ച് കർത്താവിനെ കണ്ട കാര്യവും ദമസ്കോസിലെ അനുഭവുമെല്ലാം പൗലോസ് യെരുശലേമിൽ എത്തി സഭയെ അറിയിച്ചു. ഒരു പക്ഷെ പത്രോസിനെയും യോഹന്നാനേയും മറ്റ് ശിഷ്യന്മാരെയും കാണുവാൻ താൻ ആഗ്രഹിച്ചിരിക്കാം. യഹൂദന്മാരായ ആൾക്കാർ വട്ടം കൂടിയപ്പോൾ അത് അറിഞ്ഞ സഹോദരന്മാർ പൗലോസിനെ തർസൊസിലേക്കു അയച്ചു. പൗലോസിന്റെ മാനസാന്തരത്തോടെ സഭയ്ക്കുള്ള വലിയ സമാധാനം കൈ വന്നു. പത്ത് വർഷത്തോളം പൗലോസ് തർസൊസിലുണ്ടായിരുന്നതായി ചരിത്രം പറയുന്നു.

യെരുശലേം കഴിഞ്ഞാൽ കൂടുതൽ വചനം കേട്ട മറ്റൊരു പ്രദേശമാണ് അന്ത്യോക്യ (സിറിയയിലെ അന്ത്യോക്യ), അന്ത്യോക്യയിൽ അനേകർ വചനം കേട്ടിരിക്കുന്നുവെന്ന് യെരുശലേം സഭ അറിയുകയും ബർന്നബാസിനെ മുന്നോടിയായി അയയ്ക്കുകയും ചെയ്തു അപ്പൊ. പ്രവ. 11:22. പൗലോസിന്റെ ശുശ്രൂഷ ആവശ്യമാണെന്നറിഞ്ഞതിൽ തുറസോസിലേക്കുപ്പോയി കൂട്ടിക്കൊണ്ടു വന്നു. ഒരു സംവത്സരം മുഴുവനും സഭായോഗങ്ങളിൽ കൂടുകയും ബഹുജനത്തെ ഉപദേശിക്കുകയും ചെയ്തു. അന്ത്യോക്യയിൽ വച്ചാണ് ആദ്യമായി ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേരുണ്ടായത് അപ്പൊ. പ്രവ. 11:26. യെരുശലേം സഭയുടെ ഉതവിനായി അന്ത്യോക്യ സഭയുടെ സഹായം പൗലോസിന്റെയും ബർന്നബാസിന്റെയും കൈയിൽ കൊടുത്തിട്ടു ബർന്നബാസും പൗലോസും ശുശ്രൂഷ നിവർത്തിച്ചശേഷം യോഹന്നാൻ മർക്കൊസിനെയും കൂട്ടിക്കൊണ്ട് അന്ത്യോക്യയിലേക്ക് മടങ്ങിപ്പോന്നു.

**പൗലോസിന്റെ ഒന്നാം മിഷണറി യാത്ര അപ്പൊ. പ്രവ. 13:1-14; 28**

പ്രവർത്തി 13-ാം അദ്ധ്യായം ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിക്കുന്നു എന്നു പറയാം. യെരുശലേം സഭ മാതൃസഭയെങ്കിലും മിഷനറി പ്രവർത്തനങ്ങളിൽ മുന്നിട്ട് നിന്നത് അന്ത്യോക്യ സഭ തന്നെ. പത്രോസിനെക്കാൾ പൗലോസിന്റെ ശുശ്രൂഷ പ്രാമുഖ്യം നേടുന്നത് ഈ അദ്ധ്യായം മുതലാണ്. ഒന്നാം മിഷനറി യാത്രയിൽ പൗലോസും ബർന്നബാസും യോഹന്നാൻ എന്ന മർക്കൊസും സംഘത്തിലുണ്ടായിരുന്നു. ഇവർ സന്ദർശിച്ച സ്ഥലങ്ങളും പ്രധാന സംഭവങ്ങളും ചുവടെ ചേർക്കുന്നു.

സൈപ്രസ് (അപ്പൊ. പ്രവ. 13: 5-12)

സലാമീസ് - സിനഗോഗിൽ പ്രസംഗിച്ചു.

പാംഫോസ് - ബർ യേശു എന്ന കള്ളപ്രവാചകനെ എതിരിടുന്നു.

പെർഗ്ഗ - യോഹന്നാൻ എന്ന മർക്കൊസ് വിട്ട് പിരിഞ്ഞു യെരുശലേമിലേക്ക് മടങ്ങിവരുന്നു (13: 13).

പിസിദ്യൻ അന്ത്യോക്യ - പൗലോസിന്റെ പ്രസംഗങ്ങൾ (13:14-52)

ഇക്കോന്യ - സിനഗോഗിൽ പ്രസംഗിച്ചു, കല്ലെറിവാൻ ഭാവിച്ചു (14:1)

ലൂസ്ത്ര - മുടന്തനെ സൗഖ്യമാക്കി, പൗലോസും ബർന്നബാസുംദേവന്മാരെന്ന് തെറ്റിദ്ധരിക്കപ്പെടുന്നു, പൗലോസിനെ കല്ലെറിയുന്നു (8-19).

ദെർബ - സുവിശേഷം പ്രസംഗിച്ചു, പലരെയും ശിഷ്യരാക്കി, തിരികെ കപ്പൽ കയറി അന്ത്യോക്യയിലേക്കുപോയി (20-26).

മിഷനറി റിപ്പോർട്ട് - അന്ത്യോക്യയിൽ (27).

പാലോസിന്റെ രണ്ടാം മിഷണറിയാത്ര 15:36-18,22

പൗലോസിന്റ രണ്ടാം പ്രേഷിത യാത്രയെ സംബന്ധിച്ച് പ്രവർത്തിയുടെ പുസ്തകം 15 മുതൽ 18-ാം അദ്ധ്യായം വരെ രേഖപ്പെടുത്തിയിരിക്കുന്നു. അന്ത്യോക്യയിൽ നിന്ന് വ്യത്യസ്തമായി കൂടുതൽ ദൂരം സഞ്ചരിച്ച് സുവിശേഷം അറിയിക്കുവാൻ വേണ്ടി ദൈവത്തിന്റെ പരിശുദ്ധാത്മാവ് പൗലോസിലൂടെ പ്രവർത്തിക്കുന്നു. കൂട്ടിന് സഹായിയായി ശീലോസിനെയാണ് തെരഞ്ഞെടുത്തത്. ഈ കാലഘട്ടത്തിൽ ചില ലേഖനങ്ങൾ എഴുതുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് കൃപ നൽകി. സഞ്ചരിച്ച സ്ഥലങ്ങളും സംഭവങ്ങളും സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

സിറിയ, കിലിക്യ - സഭകളെ ഉറപ്പിച്ചു, 15:40

ലുസ്ത്ര തിമൊഥെയൊസിനെ കണ്ടു മുട്ടുന്നു, 16:1-5

ത്രോവാസ് - മക്കദോന്യ ദർശനം, 16: 9-10

ഫിലിപ്പിയ - ലുദിയായുടെ ഹൃദയം കർത്താവ് തുറക്കുന്നു, വെളിച്ചപ്പാടത്തിയിലുള്ള ഭൂതത്തെ ശാസിക്കുന്നു, കാരാഗൃഹത്തിൽ നിന്നും തന്റെ സഹോദരന്മാരെ ദൈവം വിടുവിക്കുന്നു 11-40.

തെസ്സലോനിക്യ - ശബ്ബത്തിൽ പള്ളിയിൽ പ്രസംഗിച്ചു, 17:1-9

ബെരോവ - മാന്യരായ യവന സ്ത്രീകളിലും പുരുഷന്മാരിലും അനേകർ കർത്താവിൽ വിശ്വസിക്കുന്നു, യഹൂദന്മാരുടെ ഉപദ്രവം നേരിട്ടു, (10-15).

അഥേന - അരയോപഗമദ്ധ്യേ നിന്നുകൊണ്ടുള്ള പൗലോസിന്റെ പ്രസംഗം (16-34).

കൊരിന്ത് - അകിലാസിനെയും പ്രിസ്കി

04

**ജേണൽ ഫോക്കസ്**

# ഫൈലിൻ ചുഴലിക്കാറ്റ്; ആത്മീയ ചുഴലികളുടെ മാപ്പുസാക്ഷി



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

**2004** ഡിസംബർ 26 ലെ സുനാമിക്കുശേഷം ഇൻഡ്യ കൈക്കൊണ്ട മുൻകരുതൽ നടപടികളുടെ ഫലമാണ് ഇത്തവണ ജേണൽ ഫോക്കസ് ചെയ്യുന്നത്. മനുഷ്യരുടെ ജീവനാണ് ഏറ്റവും വിലയേറിയതെന്ന് തിരിച്ചറിവിൽ ഏതു സാഹചര്യത്തിലും മനുഷ്യരെ സംരക്ഷിക്കാൻ ഉള്ള ബാധ്യത ഇൻഡ്യ ഫലപ്രദമായി നിറവേറ്റിയിരിക്കുന്ന എന്നതാണ് എടുത്തുപറയേണ്ട വസ്തുത. ഒറീസ്സ, ആന്ധ്രപ്രദേശ് തീരദേശങ്ങളിൽ ആഞ്ഞടിച്ച ഫൈലിൻ കൊടുംകാറ്റിൽ മരണസംഖ്യ തുലോം ചുരുങ്ങിയത് കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമാണ്. ഇത് ഇൻഡ്യയുടെ ദുരന്ത നിവാരണ യജ്ഞങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ കാൽവയ്പ്പാണ്.

1999ൽ ഒറീസ്സാ തീരത്തു നാശം വിതച്ച കൊടുങ്കാറ്റിൽ 15,000 മനുഷ്യരാണ് മരിച്ചത്. അന്നത്തെ തിക്താനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് രാജ്യത്തിന് ഈ തവണ പ്രവർത്തിക്കാനായി. ലണ്ടൻ ആസ്ഥാനമായ കാലാവസ്ഥ നിരീക്ഷണ പഠനകേന്ദ്രം ഇത്തവണ ചുഴലിക്കാറ്റിന്റെ വേഗവും പ്രഹരണ ശേഷിയും മുൻകൂട്ടി പറഞ്ഞതിനെത്തുടർന്ന് ഇൻഡ്യയിലെ ഭൂനിരീക്ഷണ ഉപഗ്രഹ സംവിധാനം ഓരോ കിലോമീറ്ററിലും സംഭവിച്ചേക്കാവുന്ന പ്രഹരങ്ങളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇൻഡ്യയുടെ ഉപഗ്രഹങ്ങൾ കാർമേഘാവൃതമായ രാത്രിയിൽ പോലും ചുഴലിക്കാറ്റ് പോലുള്ള പ്രതിഭാസങ്ങൾ കണ്ടെത്താനാവുംവിധം സജ്ജമാണ്.

ഒക്ടോബർ 8നാണ് ന്യൂന മർദ്ദത്തിന്റെ ആദ്യലക്ഷണം കണ്ടത്. ചൈനാ കടലിൽ ആഞ്ഞടിച്ച കാറ്റിന്റെ ശേഷിപ്പുകളിൽ നിന്നാണ് ഉടലെടുത്ത മേഘപടലം ഏതാനും ദിവസങ്ങൾക്കുള്ളിൽ ചുഴലിക്കാറ്റായി രൂപാന്തരപ്പെടുമെന്ന് ഐ. എം. ഡി. മുന്നറിയിപ്പ് നൽകിയിരുന്നു. ശനിയാഴ്ച രാത്രി 9 മണിയോടെ കാറ്റ് ഒറീസ്സാതീരത്തിലേക്ക് കയറുമെന്നായിരുന്നു നിഗമനം. എന്നാൽ യു. എസ്. നാവികസേനയുടെ ജോയിന്റ് ടൈഫൂൺ സെന്റർ, ബ്രിട്ടണിലെ കാലാവസ്ഥാനിരീക്ഷണ കേന്ദ്രം, ലണ്ടനിലെ ട്രോപ്പിക്കൽ സ്റ്റോം റിസ്ക് സെന്റർ തുടങ്ങിയ വമ്പൻ ഏജൻസികൾ കാറ്റിന്റെ വേഗം മണിക്കൂറിൽ 315 കി.മീ. ഉയർന്നു ഫൈലിൻ സൂപ്പർ സൈക്ലോൺ ആകുമെന്ന് മുന്നറിയിപ്പ് നൽകി. തിരയുടെ ഉയരം 6 മീറ്റർ വരെ ഉയരാൻ സാധ്യതയാണന്നും അവർ പറഞ്ഞു. എന്നാൽ ഐ. എം. ഡി. യുടെ ന്യൂഡൽഹിയിലെ ആസ്ഥാനത്ത് കാറ്റിനെ നിരീക്ഷിച്ച അഞ്ഞൂറുപേർ അടങ്ങുന്ന ശാസ്ത്ര വിദഗ്ദ സംഘം. വിദേശികളുടെ മുന്നറിയിപ്പുകളെ പൂർണ്ണമായും ഉൾക്കൊള്ളാതെ കാറ്റിന്റെ വേഗം 200 കി. മീ. ആയിരിക്കും എന്ന് ഉറച്ചു നിന്നു.

ദിവസങ്ങൾക്കുമുമ്പുതന്നെ സംസ്ഥാനസർക്കാരിനും കേന്ദ്ര സർക്കാരിനും സൈന്യത്തിനും ആഭ്യന്തര മന്ത്രാലയത്തിനും മാധ്യമങ്ങൾക്കും കാറ്റിന്റെ വരവു സംബന്ധിച്ച വിവരങ്ങൾ ഇൻഡ്യൻ കാലാവസ്ഥ വകുപ്പ് നൽകിത്തുടങ്ങി. കാലാവസ്ഥ വകുപ്പിന്റെ സൈക്ലോൺ നിരീക്ഷണ ഡോപ്ലർ റെഡാറുകളും ഉപഗ്രഹങ്ങളുമാണ് ഫൈലിൻ ചുഴലിയെ പിൻതുടർന്ന് ശാസ്ത്രജ്ഞർക്ക് തൽസമയം ഇമേജുകൾ നൽകിയത്.

കടൽ കയറി വരുന്ന കാറ്റിന്റെ ദുരന്തം മുന്നിൽ കണ്ട് ഒറീസ്സയിൽ 8.73 ലക്ഷവും ആന്ധ്രയിൽ 1.35 ലക്ഷവും ജനങ്ങളെ സുരക്ഷിതതാവളങ്ങളിലേക്ക് മാറ്റി പാർപ്പിച്ചിരുന്നു. കരസേനയും വ്യോമസേനയും 10 രക്ഷാസംഘങ്ങളും 12 വിമാനങ്ങളും 18 ഹെലികോപ്റ്ററുകളും രക്ഷാ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരുന്നു. നാവികസേനയുടെ രണ്ട് കപ്പലുകളും 7 ഹെലികോപ്റ്ററുകളും ദുരന്തമേഖലകളിൽ സംയുക്തരായി നിന്നു. ഐ. എം. ഡി.യുടെ രണ്ട് സംഘങ്ങൾ ഒറീസ്സയിലും 18 സംഘങ്ങൾ ആന്ധ്രയിലും ക്യാമ്പ് ചെയ്തു. ഭക്ഷ്യശാലകളിൽ ആറുമാസത്തേക്കുള്ള ഭക്ഷ്യ സാധനങ്ങൾ മുൻകൂട്ടി ശേഖരിച്ചു വെച്ചു. ദുരന്ത മേഖലയിൽ 44 സാറ്റലൈറ്റ് ഫോണുകൾ സ്ഥാപിച്ചു. ആവശ്യത്തിന് ഡീസലും മണ്ണെണ്ണയും വ്യോമയാന ഇന്ധനവും ഇരുസംസ്ഥാനങ്ങളിലും സംഭരിച്ചു വെച്ചു. റെയിവേ ഡീസൽ എഞ്ചിനുകൾ ഇരുസംസ്ഥാനങ്ങളിലും തയ്യാറാക്കി നിർത്തി. വൻ സമ്പർണ്ണശേഷിയുള്ള കുടിവെള്ള ടാങ്കുകൾ, ജലവിതരണടാങ്കുകൾ എന്നിവ സജ്ജമാക്കി. പായ്ക്കറ്റ് കുടിവെള്ളവും ശേഖരിച്ചുവെച്ചു. കൊടുങ്കാറ്റ് ശമിച്ചാലുടൻ വൈദ്യുതിയും വാർത്താവിനിമയ ബന്ധവും പുനർസ്ഥാപിക്കാനും റോഡുകൾ ഗതാഗതയോഗ്യമാക്കുവാനും നിയുക്ത സംഘങ്ങളെ മുൻകൂട്ടി സ്ഥലത്ത് എത്തിച്ചിരുന്നു. കാറ്റ് വീശി വരുന്ന വഴിയും അതു വന്നടിക്കാനിടയുള്ള കരയും അണുവിട തെറ്റാതെയാണ് ഐ. എം. ഡി. മുൻകൂട്ടി പ്രവചിച്ചത്. ദുരന്തങ്ങളും ദുരിതങ്ങളും പുതുമയല്ലാത്ത ഇൻഡ്യ സ്വയം രക്ഷിക്കാൻ പഠിച്ചിരിക്കുന്നു എന്നാണ് ഇതിൽ നിന്നൊക്കെ നാം മനസ്സിലാക്കേണ്ടത്.

അപകടമേഖലകളിൽ നിന്നും ജനങ്ങളെ കുടിയൊഴിപ്പിച്ച് സുരക്ഷിതസ്ഥാനങ്ങളിലേക്ക് ത്വരിതഗതിയിൽ മാറ്റിയതുകൊണ്ടാണ് ഒറീസ്സയിലും ആന്ധ്രയിലും ഒരു ദേശീയ ദുരന്തം ഒഴിവാക്കാനായത്. ഉത്തരാഖണ്ഡിൽ മൂന്നു മാസം മുമ്പുണ്ടായ വെള്ളപ്പൊക്കത്തിൽ ആയിരങ്ങൾക്ക് ജീവഹാനി സംഭവിച്ചതും ജനങ്ങൾ ദിവസങ്ങളോളം മലയിടുക്കുകളിൽ ഒറ്റപ്പെട്ടു പോയതും ദുരന്തം നേരിടാൻ സംസ്ഥാന സർക്കാർ വേണ്ടത്ര മുൻകരുതലുകൾ എടുക്കാതിരുന്നതും രാജ്യത്തിന്റെ മുമ്പിൽ പാഠമായി ഉണ്ടായിരുന്നത് ഇത്തവണ ഗുണമായി. പത്ത് ലക്ഷത്തിൽ ഏറെപ്പേരെ രക്ഷിച്ചപ്പോൾ അംഗലീ പരിമിതമായി മാത്രം എണ്ണപ്പെടുന്നവർക്ക് മാത്രമാണ് ജീവൻ നഷ്ടപ്പെട്ടത്. അവയാകട്ടെ കാറ്റ് വിതച്ച ദുരിതത്തിലല്ല എന്നുള്ളതും എടുത്തുപറയേണ്ട വസ്തുതയാണ്.

“ഈ രക്ഷാപ്രവർത്തനം ലോക റിക്കാർഡ് ആണ്. ഒരുമിച്ച് നിന്നു പ്രവർത്തിച്ചാൽ അസാധ്യമായി ഒന്നുമില്ലെന്ന് തെളിയിക്കുന്ന ഇൻഡ്യൻ കരുത്തിന്റെ പ്രതീകമാണ്” ശാസ്ത്ര-സാങ്കേതിക മന്ത്രി എസ്. ജയപാൽ റെഡ്ഡി പറയുന്നു. “2004 ലെ സുനാമിക്ക് ശേഷം രാജ്യം കൈക്കൊണ്ട മുൻകരുതൽ നടപടികളുടെ ഫലമാണ്” എന്നാണ് രക്ഷാപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രന്റെ അഭിപ്രായം. ദുരന്ത നിവാരണ ദുരിതാശ്വാസ സേനകളുടെ നീക്കങ്ങൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നല്ലോ”?

കഴിഞ്ഞ 120 വർഷത്തിനിടയിൽ 74 ചുഴലികളാണ് കടലിൽ രൂപം കൊണ്ടത്. 2004 മുതൽ ആണ് ഐ. എം. ഡി.യുടെ ചുഴലി പ്രവചനം ആധുനിക യുഗത്തിലേക്ക് പ്രവേശിച്ചു തുടങ്ങിയത്. ഇന്ന് ബംഗാൾ ഉൾക്കടലിലോ അറബിക്കടലിലോ ഉണ്ടാകുന്ന ചെറിയ തിരയിളക്കം മുതൽ കൊട്ടം ചുഴലിവരെ നിരീക്ഷിച്ച് തൽസമയം വിവരം നൽകാൻ ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സഹായത്താൽ ഇൻഡ്യയ്ക്ക് സാധിക്കും. അപ്പോൾത്തന്നെ വെല്ലുവിളികളും ഇൻഡ്യ നേരിടുന്നുണ്ട്. ഇപ്പോൾ സംഭവിച്ച ചുഴലിക്കാറ്റ് മുഖേന ഇതുസംസ്ഥാനങ്ങളെയും സാധാരണ നിലയിലേക്ക് കൊണ്ടുവരുന്നതിൽ വൻവെല്ലുവിളികൾ നേരിടേണ്ടതുണ്ട്. ആയിരക്കണക്കിന് വീടുകൾ പുനർനിർമ്മിക്കേണ്ടി വരും. കൊടുങ്കാറ്റ് വിതച്ച കനത്ത കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകേണ്ടി വരും. പ്രകൃതി ദുരന്തത്തെ നേരിട്ട അതേ നികവും കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഏകോപനവും ഇനിയുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളിലും ഉണ്ടാക

04

ചോദ്യോത്തര വേദി

# ഡോ. ബാബുപോളിന്റെ വചനവ്യാഖ്യാനങ്ങൾ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** ഡോ. ബാബുപോൾ ഐ. എ. എസ്. ഗവ. ചീഫ് സെക്രട്ടറിയായി റിട്ടയർ ചെയ്ത ആളാണ്. യാക്കോബായ സഭയിലെ ഒരു പുരോഹിതന്റെ മകനാണ്. ടെലിവിഷൻ ചാനലുകളിൽ ബൈബിൾ ചിന്തകൾ അവതരിപ്പിക്കുന്ന വ്യക്തിയാണ്. എന്നാൽ സൂര്യാഫെസ്റ്റിവൽ 2008-ലെ സമസ്യ പ്രഭാഷണ പരമ്പരയിൽ (ബൈബിൾ ചിന്തകൾ) അദ്ദേഹം പ്രസ്താവിച്ചത് ഉൽപത്തി പുസ്തകത്തിലെ സൃഷ്ടിവൃത്താന്തം **അവിശ്വസനീയമാണ്** എന്നത്രേ. കൂടാതെ നക്ഷത്രഫലം നോക്കിയാണ് അദ്ദേഹം ജീവിതം വീക്ഷിക്കുന്നതെന്ന് 2013 ഒക്ടോബർ2 മംഗളം ദിനപത്രം വെളിപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ വചന വ്യാഖ്യാനത്തെക്കുറിച്ച് പ്രതികരിക്കുമല്ലോ!

**തോമസ് സി. റ്റി. താഴത്തുമലയിൽ, നല്ലൂർപടവ്**

**ഉത്തരം:** കത്തോലിക്കസഭ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കാൻ പോകുന്ന (പ്രഖ്യാപിച്ച) ജോൺപോൾ മാർപ്പാപ്പ, ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം തെറ്റല്ലെന്ന് എ. ഡി. 1996ൽ ലോകത്തോടു പ്രസ്താവിച്ചിരുന്നു. അതുപോലെ ഡോ. ബാബുപോളിന് ഉൽപത്തി പുസ്തകത്തിലെ സൃഷ്ടിവിവരണത്തിലും പഴയനിയമത്തിലെ അത്ഭുതകഥകളിലും വിശ്വാസമില്ലെങ്കിലും, സത്യ ദൈവവും നിത്യജീവനുമായ യേശുക്രിസ്തു (1 യോഹ. 5:20), തന്റെ മനുഷ്യാവതാരകാലത്ത് സൃഷ്ടിവിവരണത്തിലും പഴയനിയമ ചരിത്രത്തിലും വിശ്വസിച്ചിരുന്നു.

1) ആദാമും ഹവ്വായും ചരിത്ര വ്യക്തികളാണെന്ന് യേശു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു (മത്തായി 19:4; മർക്കൊസ് 10:6). തങ്ങളുടെ മുതുമുത്തച്ഛൻ കുരങ്ങനല്ലെന്നും ഭൂമിയ്ക്കധികം പ്രായമില്ലെന്നും വിശ്വസിക്കുന്ന ധാരാളം ശാസ്ത്രജ്ഞർ ഇന്നുണ്ട്.

2) നോഹയുടെ കാലത്തെ ജലപ്രളയം ചരിത്രയാഥാർത്ഥ്യമാണെന്ന് യേശു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു (ലൂക്കോ. 17:26).

3) യോന മത്സ്യത്തിന്റെ വയറ്റിൽ മൂന്നു ദിവസം കിടന്നത് കർത്താവ് വിശ്വസിച്ചു (മത്തായി 12:40).

4) സോദോമും ഗോമോറയും ഭൂമിയിൽ നിലനിന്നതായി അവിടുന്ന് വിശ്വസിച്ചു (മത്തായി 11:24).

5) ദാനിയേലിനെ സിംഹക്കൂട്ടിലിട്ടത് കർത്താവ് വിശ്വസിച്ചു (മത്തായി 24:15)

6) ഈജിപ്റ്റിലെ ഫറവോന്റെ കാലത്തു നടന്ന അത്ഭുതങ്ങളും മോശെ മുഖേന ചെങ്കടൽ വിഭാഗിക്കപ്പെട്ടതും കർത്താവ് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ വിവരങ്ങളെല്ലാം ഉള്ള ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളും മോശെ എഴുതിയതാണെന്ന് അവിടുന്ന് വിശ്വസിച്ചു (മർക്കൊസ് 10:4,5)

7) ഏലിയാവും ഏലീശയും നടത്തിയ അത്ഭുത ശുശ്രൂഷകൾ കർത്താവ് അനുസ്മരിച്ചു (ലൂക്കോസ് 4:25-27)

8) ശേബാരാജ്ഞി ശലോമോന്റെ ജ്ഞാനം കേൾക്കാൻ വന്നത് കർത്താവ് അനുസ്മരിച്ചു (മത്തായി 12:42)

9) മുഴുവൻ തിരുവെഴുത്തുകളെയും പൗലോസ് അപ്പൊസ്തലൻ വിശ്വസിച്ചു (അപ്പൊ. പ്രവ. 24:14)

യേശുക്രിസ്തുവിനെ വിശ്വസിക്കുകയും, യേശു വിശ്വസിച്ചത് വിശ്വസിക്കുകയും ചെയ്യുന്നവനാണ് ക്രിസ്ത്യാനി. യേശുവിനെ അറിഞ്ഞു എന്നു പറയുകയും യേശുവിന്റെ കൽപ്പനകൾ പ്രമാണിക്കാതിരിക്കുയും ചെയ്യുന്നവർ കള്ളനാകുന്നു. സത്യം അവനിലില്ല (1 യോഹ. 2:4-6). അതുകൊണ്ട് **ആകാത്ത വേലക്കാരെ** സൂക്ഷിച്ചുകൊൾവീൻ (ഫിലിപ്പ്യർ 3:1,2).

**നക്ഷത്രഫലം അഥവാ ജ്യോതിഷത്തെക്കുറിച്ച്**

പതിനഞ്ചാം നൂറ്റാണ്ടിനുമുൻപ്, ദൂരദർശിനി കണ്ടുപിടിക്കുന്നതിന് മുമ്പ്, ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും, സൂര്യനും ചന്ദ്രനും മറ്റുഗ്രഹങ്ങളുമെല്ലാം ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കയാണെന്നും വിശ്വസിച്ചിരുന്നു. ഈ '**ഭൂമി കേന്ദ്രസിദ്ധാന്ത**'ത്തിലാണ് നക്ഷത്രഫലം അഥവാ ജ്യോതിഷം ഇന്നും അടിസ്ഥാനമിട്ടിരിക്കുന്നത്. ഈ മഹാ പ്രപഞ്ചത്തിന്റെ മദ്ധ്യത്തിൽ ഭൂമി നിശ്ചലമായി നിൽക്കുകയാണെന്നും, സൂര്യൻ, ചന്ദ്രൻ, ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി, രാഹു, കേതു എന്നീ ഗ്രഹങ്ങൾ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്നു എന്ന് **തെറ്റായി,** ഒരു ശാസ്ത്രീയ അടിസ്ഥാനവുമില്ലാതെ ജ്യോതിഷം പ്രഖ്യാപിക്കുന്നു. സൂര്യൻ ഒരു നക്ഷത്രമാണെന്നും, ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണന്നും രാഹുവും കേതുവും ഗ്രഹങ്ങളല്ലെന്നും മറിച്ച് അത് സൂര്യചന്ദ്രഗ്രഹണങ്ങളാണെന്നും ജ്യോതിഷികൾക്ക് ഇന്നും മനസ്സിലായിട്ടില്ല.

സൂര്യൻ ഒരു നക്ഷത്രമാണെന്നും, ഭൂമിയും മറ്റു ഗ്രഹങ്ങളും സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുകയാണെന്ന '**സൂര്യമധ്യസിദ്ധാന്തം**' 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന **നിക്കോളാസ് കോപ്പർനിക്കസ്** എന്ന ജ്യോതിശാസ്ത്രജ്ഞനാണ് വിശദീകരിച്ചത്. അസ്ട്രോണമി അഥവാ ജ്യോതിശാസ്ത്രം ഈ വിശദീകരണത്തിലാണ് നിലനിൽക്കുന്നത്. **ജ്യോതിശാസ്ത്രത്തിന്, ജ്യോതിഷവുമായി ഒരു ബന്ധവുമില്ല.** മാത്രമല്ല, ജ്യോതിശാസ്ത്രജ്ഞർ ദൂരദർശിനി ഉപയോഗിച്ച് എ. ഡി. 1781-ൽ കണ്ടുപിടിക്കപ്പെട്ട **യൂറാനസ്** എന്ന ഗ്രഹവും, എ. ഡി. 1846-ൽ കണ്ടുപിടിക്കപ്പെട്ട **നെപ്ടൂൺ** എന്ന ഗ്രഹവും, 1980-ൽ കണ്ടുപിടിക്കപ്പെട്ട **പ്ല്യൂട്ടോ** എന്ന ഗ്രഹവും ജ്യോതിഷത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം ശാസ്ത്രീയ കണ്ടുപിടിത്തങ്ങളോ, സൂര്യൻ ഗ്രഹമല്ലെന്നും ഒരു നക്ഷത്രമാണന്നും ജ്യോത്സ്യന്മാർക്ക് ഇതുവരെ മനസ്സിലായിട്ടില്ല. ഇതൊന്നും മനസ്സിലാക്കാതെ, മനുഷ്യന്റെ ഭാവിയിലും ഭൂമിയിലെ പ്രശ്നങ്ങളിലും ഗ്രഹങ്ങൾക്ക് സ്വാധീനമുണ്ടെന്ന് പറയുന്നതാണ് ജ്യോതിഷം. **ഇതിന് ആധുനിക ജ്യോതിശാസ്ത്രത്തിന്റെ ഒരു പിൻബലവുമില്ല.** ഭൂമി ഉരുണ്ടതല്ലെന്നും മറിച്ച് പരന്നതാണെന്നും വിശ്വസിക്കുന്ന 1500 പേരുടെ ഒരു സംഘടന നിലവിലുണ്ട്. സംഘടനയുടെ പേര് 'International Flat Earth Society'.

തങ്ങൾ വിശ്വസിച്ചിരിക്കുന്നത് എന്താണെന്ന് മനസ്സിലാകാത്ത ചില ക്രിസ്ത്യാനികൾക്ക് ജ്യോതിഷത്തിൽ താൽപര്യമുണ്ടെങ്കിലും, ഹിന്ദുക്കളുടെ ഇടയിൽ ഇതിന് എതിർപ്പ് കൂടി വരുന്നുണ്ട്. ഹൈന്ദവമതത്തിലെ പരിഷ്കരണവാദികൾ ഇതിനെ എതിർക്കുന്നു. അറിയപ്പെടുന്ന ഒരു ജ്യോതിഷചിന്തകനും പണ്ഡിതനുമായ ശ്രീ. എം. വി. രാഘവൻ പറയുന്നതു ശ്രദ്ധിക്കുക: "....എന്നാൽ നമുക്ക് ചുറ്റും നോക്കുമ്പോൾ കാണുന്നതെന്താണ്? ക്രിസ്ത്യാനികളും മുസ്ലീങ്ങളും മറ്റും വിവാഹിതരായി സുഖമായി ജീവിക്കുന്നു. ജ്യോതിഷവിശ്വാസമോ ജാതക പരിശോധനയോ ഇല്ലാതെ ഇത് എങ്ങനെ സാധിക്കുന്നു? അതുകൊണ്ടുതന്നെ ഈ ജാതകപരിശോധന എന്ന സമ്പ്രദായം ചോദ്യം ചെയ്യപ്പെടേണ്ടതായ ഒന്നാണെന്നു വരുന്നു..." (ജ്യോതിഷം: സത്യവും മിഥ്യയും മാതൃഭൂമി ബുക്സ് 2007: പേജ് 73,74). ഈജിപ്ഷ്യൻ ജ്യോതിഷത്തിൽ നിന്നും പേർഷ്യൻ ജോതിഷത്തിൽ നിന്നും വ്യത്യസ്തമായ ഭാരതീയ ജ്യോതിഷത്തിന്റെ അടിസ്ഥാന തത്വം പുനർജന്മസിദ്ധാന്തവും കർമ്മഫല സിദ്ധാന്തവും ആണ്. മുൻജന്മങ്ങളിൽ ചെയ്തുപോയ പുണ്യപാപ കർമ്മങ്ങളുടെ ഫലം അനുഭവിച്ചുകഴിഞ്ഞു ബാക്കിയായവയും ഈ ജന്മത്തിൽ അനുഭവിക്കേണ്ടവയുമായ ഫലങ്ങളെ കാണിക്കുന്നതാണ് ജാതകം. എല്ലാ കർമ്മങ്ങൾക്കും ഫലമുള്ളതുകൊണ്ട് ഈ ജന്മത്തിൽ ചെയ്യുന്ന കർമ്മങ്ങളുടെ ഫലമായി മുൻജന്മകർമ്മഫലങ്ങൾ മാറുകയോ തീരെ ഇല്ലാതാക്കുകയോ ചെയ്യാൻ കഴിയുമെന്നും ജ്യോതിഷം പറയുന്നു. **എന്നാൽ പുനർജന്മസിദ്ധാന്തത്തിൽ വിശ്വാസം വയ്ക്കാൻ പാടില്ലാത്ത ക്രിസ്ത്യാനി, മരണശേഷം ന്യായമായ വിധി കാത്തിരിക്കുന്ന ക്രിസ്ത്യാനി (എബ്രായർ 9:27), നക്ഷത്രഫലവുമായി** ഒരു കാരണവശാലും **ബന്ധപ്പെടാൻ പാടുള്ളതല്ല.** യേശുക്രിസ്തുവിനും അപ്പൊസ്തലിക വചനത്തിനും ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുത്ത ഒരു ക്രിസ്ത്യാനിയിൽ ദൈവാത്മാവ് സന്തോഷത്തോടെ വാസം ചെയ്യുന്നു. അന്ധവിശ്വാസങ്ങൾക്കടിമപ്പെട്ടും, വ്യാജ, ഭൂതഉപദേശങ്ങളാൽ നയിക്കപ്പെട്ടും ജീവിക്കുന്ന ക്രിസ്ത്യാനിക്ക് തന്നിൽ വസിക്കുന്ന ആത്മാവിനെ ദുഃഖിപ്പിക്കുവാനും (എഫെസ്യർ 4:30) അവഹേളിക്കുവാനും (എബ്രായർ 10:29) കെടുത്തിക്കളയുവാനും (1 തെസ്സ. 5:19) കഴിയുന്നതാണ്. താഴെക്കുറിക്കുന്ന വചനങ്ങളോട് നമ്മൾ ജീവിതത്തിൽ പ്രതികരിക്കുന്നതനുസരിച്ച്, പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണോ സന്തോഷിപ്പിക്കുകയാണോ എന്ന് നമ്മൾക്ക് തന്നെ ശോധന ചെയ്യാൻ സാധിക്കും.

1) "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ജാതികളുടെ വഴി പഠിക്കരുത്; ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കരുതു. ജാതികളല്ലോ അവ കണ്ടു ഭ്രമിക്കുന്നതു..." (യിരെമ്യാവ് 10: 2,3).

2) "നീ ആകാശസൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്...." (ആവ. 4:19).

3) "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്നു ദേശത്തു എത്തിയശേഷം അവിടുത്തെ മുൻതാമസക്കാരുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവർ, മന്ത്രവാദി, ക്ഷുദ്രക്കാരൻ,... എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുതു. **ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്കു വെറുപ്പാകുന്നു...**" (ആവർത്തനം 18:9-14 സ്വതന്ത്ര പരിഭാഷ).

**ഉണ്ണിയേശുവിനെ കാണാൻ വിദ്വാന്മാർ നക്ഷത്രം നോക്കി വന്നതിനെക്കുറിച്ച് ഒരു കുറിപ്പ്**

ദൈവം ചില മനുഷ്യർക്ക് കൊടുക്കുന്ന ദർശനങ്ങളോ സ്വപ്നങ്ങളോ വെളിപ്പാടോ പ്രകൃതിയുടെ സ്ഥിരം ഭൗതികനിയമങ്ങളനുസരിച്ചല്ല. യെഹൂദാ നിയമങ്ങൾക്കും പാരമ്പര്യങ്ങൾക്കും അന്യരായിരുന്ന വിദ്വാന്മാരെ യേശുവിങ്കലേക്കു നടത്തുവാൻ ദൈവം ഒരുക്കിയ ഒരു വഴിയായിരുന്നു ചലിച്ചുകൊണ്ടിരുന്ന നക്ഷത്രം. **ജ്യോതിശാസ്ത്ര അറിവനുസരിച്ച് നക്ഷത്രങ്ങൾ ചലിക്കാറില്ല.** അപ്പോൾ വിദ്വാന്മാർ കണ്ട നക്ഷത്രം ചലിക്കുന്ന ഒരു ധൂമകേതുവോ ദൈവം ഒരുക്കിയ ഒരു പ്രത്യേക പ്രതിഭാസമോ ആയിരിക്കണം. തങ്ങളുടെ സ്വപ്നങ്ങൾക്കും, ദർശനങ്ങൾക്കും, വെളിപ്പാടുകൾക്കും വളരെ പ്രാധാന്യം കൊടുക്കുന്നവരായിരുന്നു കിഴക്കുനിന്ന് വന്ന വിദ്വാന്മാർ. കാരണം, "ഹെരോദാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകരുതെന്ന് **സ്വപ്നത്തിൽ** മുന്നറിയിപ്പു ലഭിച്ചതു കൊണ്ട് വിദ്വാന്മാർ എല്ലാവരും മറ്റൊരു വഴിയിലൂടെ സ്വദേശത്തേക്ക് മടങ്ങിപ്പോയി" (മത്തായി 2:12 സ്വതന്ത്രപരിഭാഷ). കിഴക്കു നിന്നു വന്ന ജ്ഞാനികളെ വെറും ജ്യോത്സ്യന്മാരായി കാണാതിരിക്കാനാണ് ഈ കുറിപ്പ് എഴുതിയത്.

03

## ജേണൽ ഫോക്കസ്...

ണം. എന്തായാലും ഒറീസ്സയെയും ആന്ധ്രയെയും തകർത്ത് തച്ചുടയ്ക്കാൻ കാരണമായ കൊടുങ്കാറ്റിനെ കൃത്യമായി പ്രവചനത്തിലൂടെ കൈപ്പിടിയിലാക്കി തോറ്റ് അടിയറ പറയിച്ച രാജ്യത്തിന്റെ സംവിധാനങ്ങളും ഭരണകൂടവും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

ഫൈലിൻ ചുഴലിക്കാറ്റിനെതിരെ രാജ്യം കൈക്കൊണ്ട നടപടികൾ ഇന്ത്യയിലെ പെന്തക്കോസ്ത് വിശ്വാസികൾക്കും സഭാനേതൃത്വങ്ങൾക്കും ഒരു മാതൃകാപാഠമാണ്. ഒരു മെഗാ ദേശീയ ദുരന്തത്തിനെതിരെ രാജ്യം കൈക്കൊണ്ട നടപടിക്രമങ്ങൾ പെന്തക്കോസ്തുകാരായ നാമും മുഖവില്ക്ക് എടുക്കേണ്ടതുണ്ട്.

**രാഷ്ട്രീയ അടിയൊഴുക്കുകൾ ശക്തമായിട്ടുള്ള പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ ദൃശ്യവൽക്കരിക്കപ്പെട്ടിട്ടില്ലാത്ത കാർമേഘ പടലങ്ങൾ ഉരുണ്ടു കൂടിയിട്ടുണ്ട്. ഈ കാർമേഘ പടലങ്ങളിൽ നിന്നും ഉൽഭവിക്കാവുന്ന ഫൈലിൻ കൊടുങ്കാറ്റുകളെ മുന്നിൽ കണ്ട് പ്രതിരോധ നിര തീർത്ത് പ്രസ്ഥാനങ്ങളെ രക്ഷിക്കാനുള്ള ധാർമ്മിക കടപ്പാട് നിലവിലുള്ള നേതൃത്വങ്ങൾക്കും ഭാരവാഹികൾക്കും ഉള്ളതാണ്. അധികാരഭ്രമം, ധനാർത്ഥി, പക്ഷപിടുത്തം, വിഭാഗീയത, പാനൽ കാഴ്ചപ്പാട്, ഗ്രൂപ്പുകളെ ഇത്യാദി കാർമേഘപടലങ്ങളിൽ നിന്നും ഉരുത്തിരിയുന്ന ഫൈലിൽ കൊടുങ്കാറ്റുകളെ നാം പ്രതിരോധിച്ചേ മതിയാകൂ.** അതിന് ഇൻഡ്യയുടെ ദേശീയ ദുരന്ത നിവാരണ വകുപ്പിന്റെ ത്വരിത നടപടികൾ നമുക്കുമുന്നിലുള്ളത് കണ്ടില്ലെന്ന് നടിക്കുന്നത് അക്ഷന്തൃവുമാണെന്ന് പംക്തി നിരീക്ഷിക്കുന്നു.

Visit Website
www.beljourn.com/ www.bjournal.org

03

## വേദ പഠനം......

ല്ലായെയും കണ്ടുമുട്ടുന്നു. ശബ്ബത്തിൽ പള്ളിയിൽ പ്രസംഗിച്ചു. രാത്രിയിൽ പൗലോസിന് ദർശനം ലഭിക്കുന്നു. 18:1-17.

മിഷണറി വിവരണം - യെരുശലേമിന് ശേഷം അന്ത്യോക്യയിലേക്കു മടങ്ങിപ്പോയി. **തുടരും...**

## പ്രാർത്ഥന സമ്മേളനം

കടപ്ര, നിരണം, യു. പി. എഫിന്റെ ആഭിമുഖ്യത്തിൽ വർദ്ധിച്ചു വരുന്ന പ്രശ്ന കലുഷിതമായ അവസ്ഥയിൽ നിന്നും രാജ്യത്തിന്റെയും, സമൂഹത്തിന്റെയും, സംരക്ഷണത്തിനായ് ഒക്ടോ. 7ന് വൈകിട്ട് 6 മുതൽ കടപ്ര ഏ. ജി. സഭയിൽ വച്ച് പ്രാർത്ഥന സമ്മേളനം നടന്നു. പാ. സാംകുട്ടി നൈനാൻ പ്രസംഗിച്ചു. പാ. പി. അശോകൻ, വർഗീസ് മാത്യു എന്നിവർ നേതൃത്വം നൽകി.

## ഭാരവാഹികൾ

ഐ. പി. സി. നേര്യമംഗലം സെന്റർ ഭാരവാഹികളായി പാസ്റ്റർ ടി. എ. തമ്പി (പ്രസിഡന്റ്), പാസ്റ്റർ സി. എം. വർഗീസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ.ഒ.മാത്യു (സെക്രട്ടറി), പാസ്റ്റർ ബാബു ജോർജ്ജ് (ജോയിന്റ് സെക്രട്ടറി), ബ്രദർ റെജി ഏബ്രഹാം (ട്രഷറർ), പാസ്റ്റർ ജോസ് വർഗ്ഗീസ് (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## 12 മാധ്യമ വിചാരം.....

ഹം ഇളക്കപ്പെരുപ്പരോഗികളുടെ പക്ഷത്ത് ചേക്കേറിയത് അങ്ങേയറ്റം കഷ്ടമായിപ്പോയി. ഫിലിപ്പ് പി. പക്ഷത്ത് നിൽക്കുന്നകാലത്ത് ഒരു ജോയിന്റ് സെക്രട്ടറി സ്ഥാനം അദ്ദേഹത്തിന് ലഭിച്ചിരുന്നു. മറുകണ്ടം ചാടിയപ്പോൾ രണ്ടക്ക വോട്ടിന്റെ വ്യത്യാസത്തിന് തോൽക്കുന്നത് പതിവായിരിക്കുന്നു. ഏബ്രഹാം ജോർജ്ജ് ഫിലിപ്പ്. പി. പക്ഷത്തെയും എം. പി. ജോർജ്ജുകുട്ടി കെ. സി. പക്ഷത്തെയും ബലിയാടുകളാണ്. ഇനിയിപ്പോൾ ഫിലിപ്പ്. പി. കെ. സി. പക്ഷത്ത് അഭയം തേടിയെത്തുന്നതോടെ നില പരിങ്ങലിലാകുന്നത് എം. പി.യുടേതാണ്.

പവ്വർ വിഷനിൽ പ്രസംഗിക്കുന്നു എന്നത് ആദർശത്തിൽ നിന്നുള്ള പുറകോട്ടുപോക്കായും ക്രൈസ്തവചിന്തയും ടോണിയും വിശേഷിപ്പിച്ചത് ശരിയല്ല. കോൺഗ്രസ് ചാനലായ ജയ്ഹിന്ദിൽ ഇടതുപക്ഷക്കാരും കൈരളിയിൽ കോൺഗ്രസുകാരും ചർച്ചയ്ക്ക് വരാറുണ്ട്. ഏഷ്യാനെറ്റിനെതിരെ മാനനഷ്ടം കേസ് ഫയൽ ചെയ്യുന്ന ഉമ്മൻചാണ്ടി നാളെ ഏഷ്യാനെറ്റിൽ ചർച്ചയ്ക്ക് വരാം. അപ്പോൾ പിന്നെ അവരോളം വരില്ലെങ്കിലും ഒട്ടും താഴെയല്ലാത്ത സഭാനേതാക്കന്മാർ ഇങ്ങനെ വരുന്നതിൽ തെറ്റു കാണേണ്ടതില്ല.

ഫിലിപ്പ് പി.യെക്കുറിച്ചുള്ള ക്രൈസ്തവചിന്താ നിരീക്ഷണത്തിന്റെ സാരാംശം, ഒന്ന് സ്വന്തം അധികാരം ഉറപ്പിക്കാൻ മാത്രം അദ്ദേഹം ആദർശം പറയുന്നു. രണ്ട് കൂടെ നിൽക്കുന്നവരെ പരിരക്ഷിക്കുന്നില്ല. മൂന്ന് സ്വാർത്ഥതയ്ക്കുവേണ്ടി ഏത് തരം രാഷ്ട്രീയതന്ത്രവും പയറ്റുന്നു നാല് പറഞ്ഞത് വിഴുങ്ങി വേഗത്തിൽ കൂറുമാറും എന്നിവയാണ്. ക്രൈസ്തവചിന്തയെ പിണക്കിയതിലൂടെ ഫിലിപ്പ് പി.ക്ക് ശുഭകരമായ ഒരു കാലമല്ല വരുവാൻ ഇരിക്കുന്നത്. ഫിലിപ്പ് പി.യുടെ നിയന്ത്രണത്തിലുള്ളത് എന്ന് കരുതിപ്പോന്ന സ്വർഗ്ഗീയധ്വനി ചില നയവ്യതിയാനങ്ങളിലാണ്. പഴയതുപോലെ തന്റെ ഇംഗിതത്തിൽ സ്വർഗ്ഗീയധ്വനിയെ വരുതിക്ക് നിർത്താൻ ഫിലിപ്പ് പി.ക്ക് ആവുകയില്ല എന്നതാണ് സത്യം. ഒരു പക്ഷെ ഫിലിപ്പ് പി.യുടെ ഉയർച്ചയ്ക്കും അവ്വണ്ണം ഇപ്പോഴത്തെ പ്രതിസന്ധിക്കും കാരണം സ്വർഗ്ഗീയധ്വനിയാണ് എന്ന് വിലയിരുത്തിയാലും അത് തെറ്റല്ല. കെ. സി. ജോണിന്റെ നിഴലിൽ വളർന്ന ഹല്ലേലൂയ്യായ്ക്ക് ഫിലിപ്പ് പി.യെ സംരക്ഷിച്ചിട്ട് കാര്യവുമില്ല. ജേണൽ പണ്ടേ ഫിലിപ്പ് പി. വിരുദ്ധമാണ്. ഒരേ സമയം കുമ്പനാട് ബംഗ്ലാവിനെ കൂടെ നിർത്തുകയും കെ. സി.യെ പിണക്കാതിരിക്കുകയും ചെയ്യുക എന്ന ഫിലിപ്പ് പി. തന്ത്രം അത്രകണ്ട് ഫലപ്രദമാകാൻ പോകുന്നില്ല. ജേക്കബ് ജോണിനോട് ഗണ്യമായ മാർജിനിൽ അടിയറവ് പറഞ്ഞ വത്സൻ ഒരു മടങ്ങിവരവിനുള്ള തയ്യാറെടുപ്പിലാണ്. സുഹൃത് വലയം വച്ച കെണിയിൽ അകപ്പെട്ട വത്സൻ ഇനിയും പാഠം പഠിച്ചിട്ടില്ല എന്നത് മറ്റൊരു കാര്യം.

ക്രൈസ്തവചിന്ത ഉയർത്തുന്ന വിമർശനങ്ങൾക്ക് അനിവാര്യമായ ഒരു ഉപസംഹാരം ആവശ്യമാണ്. പാസ്റ്റർ കെ. സി. ജോണിന്റെ നിലപാടുകളെ വിശേഷിച്ച് കരിസ്മാറ്റിക് - പുതുപ്രവണത പ്രസ്ഥാനങ്ങളോടുള്ള അദ്ദേഹത്തിന്റെ താൽപര്യങ്ങളെ എതിർക്കുന്ന ആളാണ് ഫിലിപ്പ് പി.യെങ്കിൽ ആശയസമരം നിലനിർത്തിക്കൊണ്ടുതന്നെ ഒരു പ്രസ്ഥാനത്തിലെ രണ്ട് നേതാക്കന്മാർ എന്ന നിലയിൽ സഹകരിക്കുന്നത് തെറ്റൊന്നുമല്ലായെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ ഫിലിപ്പ് പി. മുന്നിട്ടിറങ്ങുക. തനിക്കെതിരെ അതിരുവിട്ട സ്വാർത്ഥതയും സ്ഥാപിത താൽപര്യങ്ങളും മുൻനിർത്തിയുള്ള കാലുമാറ്റങ്ങൾ പല കോണുകളിൽ നിന്ന് ഒരേ പോലെ ആരോപിക്കപ്പെടുമ്പോൾ അത് തിരുത്താനും ഗൃഹപാഠം ചെയ്യാനും തയ്യാറാവുക. പകരം ഇഗ്നോർ ചെയ്യുമെന്ന് ചിന്തിച്ച് ധിക്കാരപരമായി തിരുത്തൽ പ്രക്രിയ തുടങ്ങുന്നില്ലെങ്കിൽ ഒട്ടേറെ സാധ്യതയുള്ള ഫിലിപ്പ് പി. തോമസിനെപ്പോലെ ഒരു നേതാവിന് കാര്യങ്ങൾ എളുപ്പമാവുകയില്ല.

കുമ്പനാട് അധ്യയനം നടത്തിയ പല പഠിതാക്കളെയും എനിക്ക് പരിചയപ്പെടുവാൻ സാധിച്ചിട്ടുണ്ട്. ഫിലിപ്പ് പി.യുടെ ക്ലാസ്സുകളിൽ നെഹെമ്യാവിനെ ആസ്പദമാക്കി നടത്തിയ നേതൃത്വചിന്തകൾ ആവേശത്തോടുകൂടിയാണ് അവരിൽ പലരും വിവരിക്കുക. അവ്വണ്ണം പാസ്റ്റർ എം. പി. ജോർജ്ജുകുട്ടിയുടെ മിഷൻ അനുഭവങ്ങൾ കേട്ടിട്ടുള്ളവർ അദ്ദേഹത്തെക്കുറിച്ചു നൽകുന്ന സാക്ഷ്യങ്ങൾ നമ്മിൽ ചൈതന്യം ഉണർത്തും. കെ. സി. യുടെ പേരിൽ ഞാൻ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അദ്ദേഹം പുതുപ്രവണതകളുടെ കോമാളി ലോകത്താണ് എന്നതാണ്. പെന്തക്കോസ്ത് ചാനലല്ല ക്രൈസ്തവ ചാനലാണ് തന്റേതെന്ന് പറയുമ്പോഴും അത് പുലർത്തേണ്ട നിലവാരം സംബന്ധിച്ചും എനിക്ക് ആക്ഷേപമുണ്ട്. ഇതൊക്കെയാണെങ്കിലും ഐ. പി. സി.യുടെയും അതുവഴി പെന്തക്കോസ്ത് സഭകളുടെ ആകമാനവുമായ വളർച്ചയ്ക്കും വികാസത്തിനുമായി അവർ വിട്ടുവീഴ്ചകളോടെ സഹകരിക്കുമെങ്കിൽ അതിൽ തെറ്റൊന്നുമില്ല. സഭാരാഷ്ട്രീയത്തിന്റെ ഇപ്പോഴത്തെ എല്ലാ തിന്മകളും പണച്ചിലവും പരിഹരിക്കാൻ കെ. സി.യും വത്സൻ ഏബ്രഹാമും ഫിലിപ്പ്. പിയും എം. പി.യും ഷിബു നെടുവേലിയും ഒരു മേശയ്ക്ക് ചുറ്റും പ്രാർത്ഥനയോടെ ഒരു മണിക്കൂർ ചിലവഴിച്ചാൽ മതി. ഈ പ്രധാന ഗ്രഹങ്ങളെ ചുറ്റിപ്പറ്റി നിൽക്കുന്ന ഉപഗ്രഹങ്ങളാണ് ബാക്കിയൊക്കെ. പരസ്യം വാങ്ങി പത്രം ഇറക്കാനും കിങ് മേക്കറാകാനും അങ്ങനെ നേതാക്കന്മാരെ വഴിതെറ്റിക്കാനും തുനിഞ്ഞിറങ്ങിയിട്ടുള്ള ചില മാധ്യമ ശിരോമണികളെ അകറ്റിനിർത്താനും ഇവർ പഠിച്ചിരിക്കണം. ഐ. പി. സി. രക്ഷപ്പെടും. നേതാക്കന്മാരുടെ മാന്യത വർദ്ധിക്കും. അത്തരമൊരു ഒത്തുകൂടൽ ക്ലബ് സെവനിലോ എലൈറ്റിലോ ആകരുത്. വല്ല അട്ടപ്പാടിയിലോ മേട്ടുപാളയത്തോ ആകാം. അല്ലെങ്കിൽ ബിരിയാണിയുടെ മണം പിടിച്ച് ചില പപ്പരാസികൾ എത്തും. ഞാനും മുതല അച്ചനും ചേർന്ന് ചിലതു ചെയ്തു എന്ന് വീമ്പിളക്കാൻ അത് സൂത്രനും ഷേരുവും ആകാം. ലുട്ടാപ്പിയുടെ കുന്തം പോലെ ഒന്നു കരുതി കെ. സി.യും ഫിലിപ്പ് പിയും എം. പി.യും നെടുവേലിയുമൊക്കെ ദൂരേക്കെവിടെയോ പറന്നുപ്പോയി പ്രശ്നം പരിഹരിച്ച് മടങ്ങിവരുന്നത് സ്വപ്നം കണ്ട് നമുക്ക് മാധ്യമവിചാരം അവസാനിപ്പിക്കാം.

## വാർഷിക കൺവൻഷൻ

**കായംകുളം:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ 42-ാമത് വാർഷിക കൺവൻഷൻ 2014 ഫെബ്രുവരി 12 മുതൽ 16 വരെ കായംകുളം ഫെയ്ത്ത് സെന്റർ ഗ്രൗണ്ടിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എം. വി. വർഗ്ഗീസ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ജേക്കബ് ജോൺ (ഐ. പി. സി. അന്തർദേശീയ പ്രസിഡന്റ്), ബാബു ചെറിയാൻ, ബി. മോനച്ചൻ, വർഗ്ഗീസ് ഏബ്രഹാം, റ്റി. ഡി. ബാബു, സുധീർ കുറുപ്പ്, ഡോ: രാജു തോമസ് എന്നിവർ പ്രസംഗിക്കും. ശുശ്രൂഷക സമ്മേളനം, സോദരി സമാജം, സൺഡേ സ്കൂൾ പി.വൈ.പി.എ വാർഷിക സമ്മേളനം സംയുക്ത സഭായോഗം എന്നിവയും ഉണ്ടായിരിക്കുന്നതാണെന്ന് പബ്ലിസിറ്റി കൺവീനർ ബ്രദർ എം. വി. ഫിലിപ്പ് അറിയിച്ചു.

## സ്നേഹ സംവാദം

**തിരുവല്ല:** സാക്ഷി അപ്പോളജിറ്റിക്സിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 27 ന് ഞായർ വൈകിട്ട് 5 മണിക്ക് തിരുവല്ല മുനിസിപ്പൽ സ്റ്റേഡിത്തിൽ സംവാദം നടത്തും. നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടർ ശ്രീ. എം.എം. അക്ബർ തിരുവല്ലായിൽ ക്രിസ്തുവിനും ബൈബിളിനുമെതിരെ ഉന്നയിച്ച കപട വാദങ്ങൾക്ക് മറുപടി നൽകുന്നു. ബ്രദർ ജെറി തോമസ്, പാസ്റ്റർ ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. സി.ഡി. വർഗ്ഗീസ്, അനിൽകുമാർ. ചാക്കോ നൈനാൻ, സുബ്രഹ്മണ്യം, ഫിന്നി എന്നിവർ നേതൃത്വം നൽകും.

### കല്ലുകടി

## വളയമില്ലാതെ ചാടുന്നവർ


സർക്കസിൽ വളയത്തിൽ കൂടെ ചാടുന്ന അഭ്യാസികളുണ്ട്. അതിനായി അഭ്യസനം ലഭിച്ചവർ വളരെ നാളത്തെ അഭ്യസനത്തിലൂടെ നേടിയെടുക്കുന്നതാണവരുടെ ആ കഴിവ്. എന്നാൽ ഒരു അഭ്യസനവും ലഭിക്കാതെ ഇത്തരം പ്രകടനം നടത്തുന്നവരും നമ്മുടെ നാട്ടിലുണ്ട്. പക്ഷേ അവർ ചാടുന്നത് വളയമില്ലാതെ ആണെന്നു മാത്രം. വളയമില്ലാത്തതിനാൽ അവർക്ക് എങ്ങനെയും ചാടാം ഏതു വഴിയേ വേണമെങ്കിലും ചാടാം. വളയത്തിന്റെ പരിധിയില്ലാതെ ചാടിയിട്ട് ആത്മ പ്രശംസ നടത്തുന്ന കുട്ടികളെയും കാണാറുണ്ട്. ഇതു തന്നെയാണ് ഇന്നത്തെ പല പ്രസംഗകരുടെയും കഥ.

കഴിഞ്ഞ ഒരു ദിവസം ഒരു പ്രസംഗകന്റെ പ്രസംഗം കേട്ടു. കേരളത്തിലല്ല. അങ്ങ് ദൂരെ ഒരു ഗൾഫ് രാജ്യത്തിൽ താൻ വചനം പഠിച്ചിട്ടില്ല. പഠിച്ചത് കർത്താവിൽ നിന്ന് നേരിട്ട് കൂട്ടിന് താൻ കണ്ടെത്തിയത് പൗലോസിനെയും (താൻ ഇപ്പോൾ വളർന്ന് പൗലോസിന്റെ ഒപ്പമെന്ന തോന്നൽ ഉളവാക്കാനുള്ള ശ്രമവും ഉണ്ട്. യേശുവിന്റെ ദാസൻ എന്നു ആരും പറയരുത്. ലേഖനമെഴുതിയ യൂദയും പൗലോസും മണ്ടന്മാർ) ഇനി ആരും സഭയിൽ വരുവാൻ അനുവദിക്കരുത്, ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ നിഴലുവീണും സ്പർശനം കൊണ്ടും സൗഖ്യമാക്കുന്ന തലത്തിലെത്തണം, 100 വയസുവരെ ജീവിക്കും, മക്കൾ അവകാശികളാകയാൽ എല്ലാം ലഭിക്കും ആ തലത്തിൽ വളരണം. ഇവിടെയാണ് സ്വർഗ്ഗം. ഇത് വിശ്വസിക്കാത്ത ഒരു പാസ്റ്ററുടെ 10 വയസുകാരനായ മകൻ മരിച്ചുപോയി. പ്രവാചകന്മാർ യോഹന്നാൻ വരെയുള്ളൂ. ഇങ്ങനെ നൂറുകാര്യങ്ങൾ താൻ അടിച്ചുവിട്ടു. ബലഹീനരായ പല പാവം വിശ്വാസികളും ഭയപ്പെട്ടു നോക്കിയിരുന്നു. വചനം അറിയാവുന്നവർ പുച്ഛത്തോടെ ഇരുന്നു. കയ്യാലപ്പുറത്തിരുന്നവർ ആർത്തും. കക്ഷിയുടെ മാതാവ് വീണ് നട്ടെല്ല് പൊട്ടി ആശുപത്രിയിൽ മാസങ്ങൾ കിടന്നു. അപ്പോൾ വയറ്റിലെ ട്യൂമർ ഡോക്ടർ കണ്ടുപിടിച്ചുപോലും. നട്ടെല്ല് സുഖമായി വീട്ടിൽ വന്നപ്പോൾ ഈ വിദ്വാൻ പ്രാർത്ഥിച്ച് ട്യൂമർ മാറ്റിയത്രെ. പക്ഷേ നട്ടെല്ലിന്റെ കാര്യത്തിൽ ഉറപ്പു പോരാഞ്ഞതിനാലാകാം അത് ഡോക്ടെറയും ഏല്പിച്ചു.


**അടിക്കുറിപ്പ്:** ക്രമീകൃതമായി വചനം പഠിക്കാതെയിരുന്നാൽ ഗുണമുണ്ട്. കാരണം വചനത്തെ എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. ദുരുപദേശമാകുമോ എന്നു ഭയപ്പെടുകയും വേണ്ട.

## 01 യു. എസ്. പ്രതിസന്ധി...

എതിരാണെന്ന് വാദിച്ചത്. കോടിക്കണക്കിന് ജനങ്ങളുടെ സാമ്പത്തിക സ്രോതസും ജീവ സന്ധാരണ മാർഗങ്ങളും നശിപ്പിക്കുന്ന സാമ്പത്തിക പ്രതിസന്ധി ദൈവീക പദ്ധതിക്ക് എതിരാണെന്ന് റോമർ 13-ാം അദ്ധ്യായവും, യെശയ്യ, ആമോസ്, യിരെമ്യാവ്, സങ്കീർത്തനങ്ങൾ എന്നിവ ഉദ്ധരിച്ചുകൊണ്ട് ജീം വാലിസ് വാദിക്കുന്നു. പാവപ്പെട്ടവരെ പരിപാലിക്കേണ്ടത് ഗവൺമെന്റിന്റെ കടമ കൂടയാണെന്നും അതിനുവേണ്ടി കച്ച കെട്ടി ഇറങ്ങിയിരിക്കുന്ന ഒബാമയ്ക്കെതിരെ നീക്കം നടത്തി സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാക്കിയ റിപ്പബ്ളിക്കന്മാരെ ജിം വാലിസ് കുത്തുകയാണ് ഒരു പക്ഷെ താൻ വിശ്വസിക്കുന്ന പുരോഗമന നിലപാടുകളാകാം തന്നെ അതിന് പ്രേരിപ്പിക്കുന്നത്. ഈ സാമ്പത്തിക പ്രതിസന്ധി ലോകത്തിന് അമേരിക്കയെപ്പറ്റി കൂടുതൽ അറിയാൻ ഇടയാക്കിയ സംഭവം ആണ്. അതായത് തങ്ങൾ വിശ്വസിക്കുന്ന പ്രമാണത്തിനുവേണ്ടി അയവില്ലാതെ നിൽക്കാൻ രാഷ്ട്രീയക്കാരും പാർട്ടികളും തയ്യാറാണെന്നും അത് കാരണം കടുത്ത പ്രതിസന്ധി സൃഷ്ടിക്കപ്പെടുമെന്നും അവർ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറല്ലെന്നും ഈ പ്രശ്നം തെളിയിക്കുന്നു, ഇവരിൽ ആരുടെ നിലപാടാണ് ശരി എന്ന് വരും വർഷങ്ങളിലെ അമേരിക്കയുടെ സാമ്പത്തിക പ്രകടനം ലോകത്തെ പഠിപ്പിക്കും.




## ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

26

### LESSION 26
### Articolo


Definite Article Definito
“the’ - പകരം
Maschile മസ്ക്കീകലെ – പുല്ലിംഗം

| | Singolare Singular | Plurale Plural |
|---|---|---|
| 1 Consonante ൽ തുടങ്ങുന്ന | il | i |
| 2 Vocale " | l' | gli |
| 3 Z " | lo | gli |

Femminile ഫെമിനീലേ

| | Singulare | Plurale |
|---|---|---|
| 1 Consonanta ൽ തുടങ്ങുന്ന | la | le |
| 2 Vocale " | l' | le |

# സൗത്താൾ ദൈവസഭയുടെ 30–ാം വാർഷിക സമ്മേളനം ഒക്ടോബർ 25 മുതൽ 27 വരെ



റവ. ഡോ. ജോ കുര്യൻ



റവ. ഡോ. ഡഗ്ളസ് ലീ റോയി

**ലണ്ടൻ:** ഇംഗ്ലണ്ടിൽ സുവിശേഷീകരണ ദർശനത്തോടെ പ്രവർത്തിക്കുന്ന സൗത്താൾ ദൈവസഭയുടെ 30–ാം വാർഷിക സമ്മേളനം ഒക്ടോബർ 25 മുതൽ 27വരെ സൗത്താൾ ദൈവസഭാ ഹാളിൽ നടക്കും. "ഭൂതകാലം ഓർത്തുകൊണ്ട് സുവിശേഷ ദർശനം പുതുക്കുക" എന്നതാണ് തീം. സഭാ ശുശ്രൂഷകനും സ്ഥാപക പ്രസിഡന്റുമായ റവ. ഡോ. ജോ കുര്യന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ റവ. ഡോ. ഡഗ്ളസ് ലീ റോയി മുഖ്യ പ്രസംഗകനായിരിക്കും. പ്രശസ്ത സംഗീത ഗ്രൂപ്പായ സൺബീം സിംഗേഴ്സ് ഗാനശുശ്രൂഷ നയിക്കും. 25,26 തീയതികളിൽ വൈകിട്ട് 7മുതൽ 10 വരെയും 27–ാം തീയതി ഞായറാഴ്ച 10.30 മുതൽ 1.30 വരെയും ആണ് മീറ്റിംഗുകൾ നടക്കുന്നത്.

1983–ൽ പാസ്റ്റർ ജോർജ്ജ് അലക്സാണ്ടറുടെ നേതൃത്വത്തിൽ പ്രാരംഭ പ്രവർത്തനം ആരംഭിച്ച ദൈവസഭ 1985–ൽ റവ. ഡോ. ജോ കുര്യനും കുടുംബവും കേരളത്തിൽ നിന്നും എത്തുകയും സൗത്താളിൽ ദൈവസഭയുടെ പ്രഥമ സഭാകുടിവരവ് ആരംഭിക്കുകയും ചെയ്തു. തുടർന്ന് സഭയുടെ പ്രവർത്തനങ്ങൾ ഇംഗ്ലണ്ടിലെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുവാനും ഇടയായി. ഇന്ന് ക്രോസ് കൾച്ചറൽ മിനിസ്ട്രീസിന്റെ കീഴിൽ ഇംഗ്ലീഷ്, തമിഴ്, മലയാളം, ഹിന്ദി, പാകിസ്ഥാനി, റൊമേനിയൻ, പഞ്ചാബി, ഉറുദു, ഗുജറാത്തി, ബംഗാളി ഭാഷക്കാരുടെ ഇടയിലായി 30–തോളം കൂടിവരവുകളുണ്ട്. സോദരീ സമാജം പ്രവർത്തനത്തിന് സിസ്റ്റർ ശിമോനി കുര്യൻ നേതൃത്വം വഹിക്കുന്നു. യുവജനസമ്മേളനങ്ങളും സണ്ടേസ്കൂൾ ക്യാമ്പുകളും നടത്തപ്പെടുന്നു.



സൗത്താൾ ദൈവസഭാ ഹാൾ

സഭയുടെ വിവിധ ശുശ്രൂഷകളായ പ്രാത്ഥന (മുഴുരാത്രി പ്രാർത്ഥനയും അതിരാവിലെ ഉള്ള പ്രാർത്ഥനയും ഉൾപ്പെടെ) സുവിശേഷീകരണം, ആരാധന, ഗാനശുശ്രൂഷ, വനിതാ സമ്മേളനം, സഹോദരന്മാരുടെ കൂട്ടായ്മ, യുവജനങ്ങളുടെ യോഗങ്ങൾ (ക്യാമ്പ്, സ്പോർട്സ് എന്നിവ ഉൾപ്പെടെ) സൺഡേസ്കൂൾ, കുട്ടികളുടെ ആരാധന, പരിശീലന കൂട്ടങ്ങൾ, ശിഷ്യത്വക്ലാസ്സുകൾ, നേതൃത്വക്ലാസ്സുകൾ, ബൈബിൾ സ്കൂൾ, ആശുപത്രി സന്ദർശനം, മാധ്യമ സമ്പർക്കം (ടെലിവിഷൻ, റേഡിയോ പ്രോഗ്രാമുകൾ, വെബ്സൈറ്റ്) ബാർബിക്യൂ, ഉപവാസം, സ്നേഹവിരുന്ന്, ഉല്ലാസ യാത്രകൾ, ഭവന പ്രാർത്ഥന, മലയാള ആരാധന, ഏഷ്യൻ ആരാധനകൾ, യിസ്രായേൽ യാത്ര, രോഗശാന്തി ശുശ്രൂഷകൾ, ക്രിസ്മസ് കരാൾ (വീടുകൾ തോറും) തുടങ്ങിയവ നടത്തപ്പെടുന്നു.

## നിത്യതയിൽ



**ജോസഫ് കെ. രാജൻ (65)**

**ഡാളസ്:** തിരുവല്ലായിൽ പുളിക്കീഴ് വീട്ടിൽ പരേതരായ കെ. വി. ജോസഫിന്റെയും അച്ചാമ്മ ജോസഫിന്റെയും മകനായ ജോസഫ് കെ. രാജൻ (സംഗമം ട്രാവൽസ്) ഒക്ടോബർ 12,2013 ശനിയാഴ്ച പകൽ 2 മണിക്ക് ഡാളസിൽ വെച്ച് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ ബേബി വർഗീസ് ശുശ്രൂഷിക്കുന്ന ഐ. പി. സി. ഏബനേസർ ഫുൾ ഗോസ്പൽ ചർച്ച് അംഗമായിരുന്നു സംസ്കാരം പിന്നീട്. ഭാര്യ ഏലിയാമ്മ രാജൻ. മക്കൾ സുരേഷ്, സുനിൽ, സഞ്ചയ്.

**Believers Journal**
P.O.Box:31, Manjadi P.O.,
Thiruvalla - 689 105












## ഡോ.കോര സംസാരിക്കുന്നു



1. റോബർട്ട് ഫെലിക്സ് കുക്ക് ശതാബ്ദി സമ്മേളനം കഴിഞ്ഞു

**- വാർത്ത**

*ഇത്തരം ശതാബ്ദി എത്ര കഴിഞ്ഞാലെന്താ ശങ്കരൻ എഗയിൻ ഓൺ കോക്കനട്ട് ട്രീ എന്നല്ലേ.*

2. പി. വൈ. പി. എ.യുടെ പ്രായപരിധി കൂട്ടിയത് കോര അറിഞ്ഞില്ലേ

**- സുബിൻ, കുമ്പനാട്**

*ഒടുവിൽ യുവാക്കൾ പുറത്താകുന്നു. വയോജന സംഘടന എന്ന നിലയിൽ പി. വൈ. പി. എ.ക്ക് കോരയുടെ ആശംസകൾ.*

3. ഐ. പി. സി. ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം 105 ആക്കിയതിനെപ്പറ്റി കോരയുടെ അഭിപ്രായം എന്താണ്?

**- ഫിന്നി മണക്കാല**

*കേരളാസ്റ്റേറ്റും എണ്ണം കൂട്ടട്ടെ. സ്ഥാനാർത്ഥികളുടെ ഹൃദയമിടിപ്പിന് ആശ്വാസമാകും.*

4. നമ്മുടെ പത്രങ്ങളിൽ വരുന്ന പല വാർത്തകളും പെയ്ഡ് ന്യൂസാണെന്ന് നമ്മുടെ നേതാക്കന്മാരിൽ ചിലർ പറയുന്നത് കേട്ടു. എന്താണ് കോരെ ഈ സ്പെയ്ഡ് ന്യൂസ്?

**- ചെറിയാൻ, മുളക്കുഴ**

*നേതാക്കന്മാരെ സംബന്ധിച്ച് അനുകൂലമായെഴുതിയാൽ നിഷ്പക്ഷ വാർത്തയും എങ്ങാനും എതിരായി പോയാൽ അതു പെയ്ഡ് ന്യൂസും ആകും. മനസിലായോ ചെറിയാച്ചാ.*

## ഐ. പി. സി. കോസ്റ്റൽ മിഷൻ ബോർഡ് ഉദ്ഘാടനം ചെയ്തു



ഐ. പി. സി. കോസ്റ്റൽ മിഷൻ ബോർഡിന്റെ ഉദ്ഘാടനം ഐ. പി. സി. സ്റ്റേറ്റ് പ്രസിഡന്റായ പാ. കെ. സി. തോമസ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. കോസ്റ്റൽ മിഷൻ ബോർഡ് ചെയർമാൻ പാ. ജോൺ റിച്ചാർഡ്, സെക്രട്ടറി ബ്ര. പീറ്റർ മാത്യു, ഐ. പി. സി. കേരളാ സ്റ്റേറ്റ് ട്രഷറർ ബ്ര. സണ്ണി മുളമൂട്ടിൽ, സ്റ്റേറ്റ് പ്രസ്ബിറ്ററി അംഗങ്ങളായ പാ. സുനിൽ വേട്ടമല, പാ. ജെയിംസ് അലക്സാണ്ടർ, പാ. ജോസ് കെ. ഏബ്രഹാം, സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ ജോസ് മിസ്പാ, സെന്റർ മിനിസ്റ്റർ പാ. എഫ്. രാജൻ, കെ. എസ്. ശാമുവേൽ എന്നിവർ സമീപം.

## അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

## സാമ്പത്തിക അടിയന്തിരാവസ്ഥ

വളരെ അപ്രതീക്ഷിതമായി പ്രഖ്യാപിക്കപ്പെട്ട സാമ്പത്തിക അടിയന്തിരാവസ്ഥ ജനം ഞെട്ടലോടെയാണ് ശ്രവിച്ചത്. കാരണം മുമ്പുണ്ടായ സാമ്പത്തിക തകർച്ചയുടെ വേദനിപ്പിക്കുന്ന ഓർമ്മകളിൽ നിന്ന് പലരും കരകയറി വരുന്നതേയുള്ളൂ. അന്നത്തെ സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയാതെ തകർന്നുപോയ ബിസിനസ് സാമ്രാജ്യങ്ങളും കുടുംബങ്ങളും ധാരാളം. ആ കാലത്തേക്കുള്ള പോക്ക് വീണ്ടെടുമുണ്ടാകുമോ എന്ന സംശയത്തിലായിരുന്നു പലരും. എന്നാൽ പതിയെ കരകയറുന്ന അമേരിക്കൻ സാമ്പത്തിക വ്യവസ്ഥയിലെ തകരാറല്ല ഇക്കുറി പ്രശ്നമായിരിക്കുന്നത് എന്ന് പറയാം. അടിയന്തിര സർവ്വീസുകൾക്കൊഴികെ പണം ചെലവഴിക്കാൻ അനുവദിക്കാതെ ഒബാമയെ തടയുവാൻ പ്രതിപക്ഷത്തിനു കഴിഞ്ഞു എന്നതാണ് വസ്തുത. നയങ്ങളോടുള്ള എതിർപ്പ് അല്പമല്ലാത്ത പ്രതിസന്ധി സൃഷ്ടിച്ചു എന്നു പറയാം. ഈ കുറിപ്പ് അച്ചടിച്ചു വരുമ്പോഴേക്കും പ്രശ്നപരിഹാരം ഉണ്ടായിരിക്കും എന്നാണ് പ്രതീക്ഷ. ഇവിടെ ഖജനാവുകൾ ഒഴിയുമ്പോഴും പണവിനിമയം തടയുമ്പോഴും തീർന്നു പോകാത്ത കലവറയും തടസമില്ലാത്ത വിനിമയവും നടത്തപ്പെടുന്ന സ്വർഗ്ഗീയ ഭരണാധികാരിയുടെ പ്രജകൾ എന്ന നിലയിൽ നാം ഭയപ്പെടേണ്ടതില്ല ക്ഷാമകാലത്ത് കാക്കയെ അയക്കുന്നവൻ നമ്മുടെ രക്ഷിതാവാകയാൽ നാം ആശങ്കപ്പെടേണ്ടതില്ലല്ലോ!.

# കോട്ട്: ചില അനുഭവങ്ങൾ



**സുനിൽ വേട്ടമല**

പ്രസിദ്ധ നിരൂപകനും പ്രസംഗകനുമായ അനിൽ കൊടിത്തോട്ടത്തിന്റെ മാധ്യമ വിചാരം പംക്തിയിൽ വിശ്വവിഖ്യാതമായ കോട്ട് എന്ന ലേഖനം കൗതുകത്തോടെയാണ് വായിച്ചത്. പ്രമുഖരെ ഞാൻ അനുകരിക്കുന്നു എന്ന മട്ടിൽ ചിലരെങ്കിലും തെറ്റിദ്ധരിച്ചിരിക്കുമ്പോൾ അത് തുടങ്ങിവച്ചത് ഞാനാണെന്ന് തുറന്നു പറയാൻ അത് വ്യക്തമായി അറിയാവുന്ന ഒരാൾത്തന്നെ തയ്യാറായത് എനിക്കാശ്വാസമായി.

നേതാക്കൾക്കും പ്രസ്ഥാനങ്ങൾക്കും സ്വാഭാവികമായും മനപൂർവ്വമായും സംഭവിക്കുന്ന തെറ്റുകൾ ചൂണ്ടിക്കാട്ടുക മാധ്യമങ്ങളുടെ ഉത്തരവാദിത്വമാണ്. അനിൽ കൊടിത്തോട്ടവും ബിലീവേഴ്സും ജേണലും അത് തുടരുക തന്നെ വേണം.

ക്രിസ്ത്യൻ പെന്തക്കോസ്തു സമൂഹത്തിലെ അംഗീകൃത ശുശ്രൂഷകർക്ക് ഒരു യൂണീഫോം നല്ലതാണ് എന്നു കരുതുന്നയാളാണ് നേരത്തേ മുതൽക്കേ ഞാൻ. അതിനെക്കുറിച്ച് ചിന്തിക്കേണ്ടവർ പരിഗണിക്കാത്ത സാഹചര്യത്തിൽ ബന്ത്ഗല്ലാസ്യൂട്ട് ഞാൻ ധരിച്ചപ്പോൾ ഇത് യൂണിഫോമാണെന്ന് പെന്തക്കോസ്തിനു പുറത്തുള്ള ചിലരെങ്കിലും എന്റെ സാമീപ്യത്തിൽ കണക്കാക്കുവാനിടയായിയെന്നത് മറ്റൊരു സത്യം.

ഞാനുൾപ്പെടെയുള്ളവർ ധരിക്കുന്ന വസ്ത്രത്തിന് നെഹ്യക്കോട്ട് എന്ന് അത് ഉപയോഗിക്കുന്നവരിൽ ചിലർത്തന്നെ പറഞ്ഞു കേട്ടിട്ടുണ്ട്. പക്ഷേ, അത് തെറ്റാണ്. നെഹൃക്കോട്ട് മറ്റൊന്നാണ്, ഇതിന് ബന്ത്ഗല്ലാസ്യൂട്ട് എന്നാണ് പറയുക. ഈ ഹിന്ദിവാക്കിന് കഴുത്ത് മൂടുന്നത് എന്നാണർത്ഥം. രണ്ട് പ്രമുഖ പെന്തക്കോസ്തു പ്രസ്ഥാനങ്ങളിലെ പഴയ രണ്ട് മുൻനിരക്കാർ നെഹൃക്കോട്ട് ഉപയോഗിച്ചിട്ടുണ്ട്.

പാസ്റ്റർ കെ. സി. ജോൺ സ്യൂട്ട് ധരിച്ചെത്തുന്നത് ഞാൻ ആദ്യം കാണുന്നത് അദ്ദേഹം ജനറൽ പ്രസിഡന്റായ ശേഷമുള്ള 2006 ലെ സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനത്തിലായിരുന്നു. പിന്നീടൊരിക്കൽ കുമ്പനാട് വച്ച് ചില സ്നേഹിതർ തമാശ രൂപേണ പ്രസിഡന്റിനെ അനുകരിക്കുകയാണോ എന്നു ചോദിച്ചു. ഉടനെ കെ. ജെ. ജയിംസ് സാർ എന്റെ സഹായത്തിനെത്തി. അവരൊക്കെ ഇത് ധരിക്കുന്നതിന് എത്രയോ മുമ്പുതന്നെ സുനിൽ വേട്ടമല സ്യൂട്ട് ധരിക്കാൻ തുടങ്ങിയതാണെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

മുണ്ടക്കയം ചെളിക്കുഴി സഭയുടെ ശുശ്രൂഷയിൽ ഇരിക്കുമ്പോൾ (ചാർജ്ജെടുക്കും മുമ്പ് ആ സഭ സന്ദർശിക്കാൻ പോയത് കൊടിത്തോട്ടവും ഒത്തായിരുന്നു) ചില സാമൂഹ്യ വിരുദ്ധർ സഭയുടെ ബോർഡും മറ്റും തകർത്തു. പെന്തക്കോസ്തുകാരുടേതല്ലേ, അനങ്ങണ്ട എന്ന സമീപനം പോലീസ് സ്വീകരിച്ചപ്പോൾ ബഹുജനങ്ങളെ സംഘടിപ്പിച്ച് ജംഗ്ഷനിൽ ഒരു സമ്മേളനം സംഘടിപ്പിച്ചിരുന്നു. യോഗത്തിനു തൊട്ടു മുമ്പ് കാഞ്ഞിരപ്പള്ളി ഡി വൈ എസ് പി യെ കാണാൻ ചെന്നു. ആഭ്യന്തര വകുപ്പിൽനിന്നാരോ മിന്നൽ പരിശോധനക്കെത്തിയതാണെന്നദ്ദേഹം തെറ്റിദ്ധരിച്ച് ചാടിയെഴുന്നേറ്റ് എനിക്ക് സീറ്റ് നൽകി. അമളി ബോധ്യപ്പെട്ട ഞാൻ മുണ്ടക്കയത്തെ പാസ്റ്ററാണെന്ന് പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം ഉറക്കെ ചിരിക്കുകയും എന്റെ വേഷത്തെക്കുറിച്ച് കൂടുതലായി അന്വേഷിക്കുകയും ചെയ്തു. എന്തായാലും എട്ടു പ്രതികളും അന്നുരാത്രി തന്നെ അറസ്റ്റിലായി.

കൂവപ്പള്ളി സഭയിൽ ഇരിക്കുമ്പോൾ കാഞ്ഞിരപ്പള്ളി എസ് ഐയുടെ മര്യാദയില്ലായ്മയ്ക്കെതിരെ അന്നത്തെ ആഭ്യന്തര മന്ത്രിക്ക് ഒരു പരാതി ഞാൻ ഫാക്സു ചെയ്തു. ശവസംസ്ക്കാരത്തിനു പുറപ്പെട്ട ഞാൻ ആ സമയത്ത് വാഹന പരിശോധനയ്ക്കു വിധേയനാകണം എന്ന അദ്ദേഹത്തിന്റെ ശാഠ്യം എനിക്കു സ്വീകാര്യമായിരുന്നില്ല. എന്റെ പരാതി കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടിന് റഫർ ചെയ്യപ്പെട്ടു. അന്നത്തെ എസ്. പി. എം വഹാബ് കാഞ്ഞിരപ്പള്ളിയിലെത്തി റെസ്റ്റ് ഹൗസിലേക്ക് എന്നെ വിളിച്ചു. കൂടിക്കാഴ്ചയ്ക്കിടെ അദ്ദേഹം ചോദിച്ച ഒരു ചോദ്യം അന്ന് താങ്കൾ യൂണീഫോമിലായിരുന്നോ എന്നായിരുന്നു. ഞങ്ങൾക്ക് യൂണീഫോമില്ലാ എന്നു പറയുന്നതിനു പകരം എന്നെയും എന്റെ വേഷവും എസ്. ഐ. ക്ക് പരിചയമുള്ളതായിരുന്നു എന്നായിരുന്നു ഞാൻ നൽകിയ മറുപടി. അദ്ദേഹമതു സ്വീകരിച്ചു.

നേതൃത്വപരമായ ചില ഉത്തരവാദിത്തങ്ങളുണ്ട്, പ്രസംഗങ്ങൾക്കായി ക്ഷണിക്കപ്പെടാറുണ്ട്, എങ്കിലും ഞാൻ ഏറ്റവുമധികം ചെയ്യുന്നതും ഏറ്റവും താൽപ്പര്യപ്പെടുന്നതുമായ രണ്ട് പ്രവർത്തനങ്ങൾ വനസന്ദർശനങ്ങളും, പരസ്യയോഗങ്ങളുമാണ്. (ഒരു പുതിയ മിഷൻ സ്റ്റേഷൻ പ്രവർത്തനഫലമാക്കിയിരിക്കുന്നയാളാണ്) അതിന് ഈ വേഷം ഏറ്റവും സ്വീകാര്യമായി തോന്നുന്നു.

പ്രസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് പദവിയിലുള്ള ആളല്ലാത്തതിനാലാവണം ബന്ത്ഗല്ലാസ്യൂട്ടിൽ എന്നെ കാണുന്ന ചിലർ അസഹിഷ്ണുക്കളാകുന്നത്. എന്നെ അനുകരിക്കുകയും അസഹിഷ്ണുത പുലർത്തുകയും ഒരുപോലെ ചെയ്യുന്നത് കാണുമ്പോൾ കൗതുകമാണെനിക്കുണ്ടാകുക. ഐ പി സി യ്ക്കകത്തും പുറത്തുമുള്ള ബന്ത്ഗല്ലാ സ്യൂട്ട് ധരിക്കുന്ന എല്ലാ പ്രമുഖരോടും തികഞ്ഞ ബഹുമാനത്തോടെ ഒന്നേ പറയാനുള്ളൂ, അനുകരണങ്ങൾക്കു നന്ദി.

## ദൈവദാസനെ സഹായിക്കുക

35-ൽ പരം വർഷങ്ങളായി ഇടുക്കി ജില്ലയിൽ ആദിവാസി മേഖലയിൽ സുവിശേഷ പ്രവർത്തനം ചെയ്യുന്ന പാസ്റ്റർ റ്റി.ജെ. ഐസക് ഗുരുതരമായ ഹൃദ്രോഗബാധിതനായി എറണാകുളം ലൂർദ് ഹോസ്പിറ്റലിൽ കഴിയുന്നു. ചങ്ങനാശ്ശേരി മാമ്മൂട് കണിച്ചുകുളം ഐ.പി.സി.സഭാഗംമായ ഇദ്ദേഹം ഇപ്പോൾ ഇടുക്കി മണിയാറൻകുടിയിൽ താമസിച്ചു പ്രവർത്തിക്കുന്നു. ഈദൈവദാസന് അടിയന്തര ശസ്ത്രക്രിയ്ക്ക് 7 ലക്ഷത്തോളം രൂപ ആവശ്യമായിരിക്കുന്നു. സാമ്പത്തികമായി വിഷമത അനുഭവിക്കുന്ന ഈ ദൈവദാസനെ സഹായിക്കുവാൻ അപേക്ഷിക്കുന്നു.

വിലാസം
പാസ്റ്റർ റ്റി.ജെ. ഐസക്
തകിടിയിൽ ഹൗസ്, മണിയാറൻകുടി പി.ഒ
ഇടുക്കി 685602

A/C: 346702010014003
Union Bank Of India Maniyarankudi
Ph : 9747744291


## ഏകദിന സമ്മേളനം

**മാവേലിക്കര:** ആലപ്പുഴ ഈസ്റ്റ്, ആലപ്പുഴ വെസ്റ്റ്, മാവേലിക്കര വെസ്റ്റ്, മാവേലിക്കര ഈസ്റ്റ്, ചേർത്തല എന്നീ സെന്ററുകൾ ചേർന്ന ഐ. പി. സി. ആലപ്പുഴ മേഖല സോദരീ സമാജത്തിന്റെ ഏകദിനസമ്മേളനവും ജീവകാരുണ്യസഹായവും ഒക്ടോബർ 31ന് രാവിലെ 10 മുതൽ 4 വരെ ചെന്നിത്തല, ഇരമത്തൂർ ഐ. പി. സി. ബെഥേൽ ഹാളിൽ നടക്കുന്നു. പാസ്റ്റർ ഏബ്രഹാം ജോർജ്ജ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം പാസ്റ്റർ എം. വി. വർഗ്ഗീസ് ഉദ്ഘാടനം ചെയ്യുന്നതും സിസ്റ്റർ സൂസൻ തോമസ് (ബഹറിൻ) മുഖ്യ പ്രഭാഷണം നടത്തുന്നതാണ്. സോദരീ സമാജം സംസ്ഥാന ഭാരവാഹികളും പ്രസംഗിക്കും. മേഖലാ സോദരീ സമാജം ഭാരവാഹികളായ സിസ്റ്റേഴ്സ് സാലി വർഗ്ഗീസ്, റ്റി. കെ. ഏലിയാമ്മ, റോസമ്മ ജോൺ, സുജ മാത്യു, ആനി തോമസ് തുടങ്ങിയവർ നേതൃത്വം നൽകുന്നു.

## ഭാരവാഹികളെ തെരഞ്ഞെടുത്തു


പാ. കെ. ജെ. കുരുവിള
പ്രസിഡന്റ്


പാ. കെ. ഒ. ജോയി
വൈ. പ്രസിഡന്റ്


പാ. കെ. ജി. ജോസഫ്കുട്ടി
ജനറൽ സെക്രട്ടറി

എഴുമറ്റൂർ യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പിലെ 2013, 2014 ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസ്ബിറ്റർ പാസ്റ്റർ കെ. ജെ. കുരുവിള വി. ഐ. സി. സി. പ്രസിഡന്റ് പാസ്റ്റർ കെ. ഒ. ജോയി ജനറൽ സെക്രട്ടറി പാസ്റ്റർ കെ. ജി. ജോസഫ്കുട്ടി എഴുമറ്റൂർ കേന്ദ്രമാക്കി 2013 ഡിസംബർ 4 മുതൽ 8 വരെ കൺവൻഷൻ നടക്കും. പാസ്റ്റർ കെ. ജെ. കുരുവിള ഉദ്ഘാടനം നടത്തും.

## ലഹരി വിരുദ്ധ സന്ദേശയാത്ര

എറണാകുളം ജില്ലയിൽ ചേരാനെല്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സുവിശേഷ ജീവകാരുണ്യ സംഘടനയായ സീയോൻ ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17 ചൊവ്വാഴ്ച മദ്യത്തിനും മയക്കുമരുന്നിനും ആത്മഹത്യക്കുമെതിരെ ഒരു ബോധവൽക്കരണ വാഹനറാലി പെരുമ്പാവൂരിൽ വെച്ച് നടന്നു. 17-ാം തീയതി രാവിലെ 10.30ന് പെരുമ്പാവൂർ ടൗണിൽ പെരുമ്പാവൂർ സി. ഐ. ശ്രീ. വി. റോയി ഉദ്ഘാടനം ചെയ്തു. തുടർന്ന് കുറുപ്പംപടി, ചെറുകുന്നം, പന്നയംകവല, മുടപ്പുഴകവല, വേങ്ങൂർ, ചൂരത്തോട്, വക്കുവള്ളി, തുരുത്തി എന്നിവിടങ്ങളിൽ ബോധവൽക്കരണ സന്ദേശം നൽകി. വിവിധയിടങ്ങളിലായി പാസ്റ്റർ ജെയിംസ് ഏബനേസർ, പാസ്റ്റർ ഫിന്നിപോൾ, പാസ്റ്റർ എ. ജെ. ജോൺസൺ, സാജു പാണിയേലി, എം. സി. വർഗീസ്, ഇവാ. പി. സി. ആന്റണി എന്നിവർ സന്ദേശം നൽകി സീയോൻ ഗോസ്പൽ മിനിസ്ട്രീസ് പ്രസിഡണ്ട്, പാ. ജെയിംസ് ഏബനേസർ, സെക്രട്ടറി പാസ്റ്റർ ഫിന്നി പോൾ, പാസ്റ്റർ പി. വി. മാത്യു എന്നിവർ യാത്രയ്ക്ക് നേതൃത്വം നൽകി.

## ഇവാഞ്ചലിസം ബോർഡ്

**ഹരിപ്പാട്:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്ററിന്റെ പുതിയ പ്രവർത്തനസ്ഥലമായ വെള്ളംകുളങ്ങരയിൽ ഇവാഞ്ചലിസം ബോർഡ് പ്രവർത്തനം ഒക്ടോബർ 7ന് വെള്ളംകുളങ്ങര, പിലാപ്പുഴ, ഹരിപ്പാട് കേന്ദ്രീകരിച്ച് നടന്നു. കർത്തൃദാസന്മാരായ കെ. ജെ. മാത്യു, അജയ് മാത്യു, കെ. പി. ജോർജ്ജ്, സാബു വർഗ്ഗീസ്, ജോൺ ശാമുവേൽ എന്നിവർ നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥന

**ഡൽഹി:** ലക്ഷ്മി നഗർ ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ഒക്ടോബർ 4-6വരെ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർ ജെ. പി. വെണ്ണിക്കുളം നേതൃത്വം നൽകി.

# Matrimonial

കർണ്ണാടകയിൽ മലയാളികളായ പെന്തക്കോസ്ത് വിശ്വാസികളുടെ 2 പെൺമക്കൾ. മൂത്ത ആൾ അമേരിക്കയിൽ സിറ്റിസൺ ന്യൂയോർക്കിൽ വർക്ക് ചെയ്യുന്നു. ബി. എസ്.സി നേഴ്സ് 5'3' ഇഞ്ച്. മെലിഞ്ഞ ശരീര പ്രകൃതി. വയസ്സ് 39 രണ്ടാമത്തെ പെൺകുട്ടി. 34 വയസ്സ് 5'3' ഉയരം ഇരുനിറം. ബി. എസ്. സി. നേഴ്സ് ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ഇവർക്ക് ദൈവഭക്തിയിൽ ജീവിക്കുന്ന വിദേശത്ത് ജോലിയുള്ള വിദ്യാഭ്യാസയോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

**ഫോൺ : 09902055164, 09446913178, 09611455256**

പെന്തക്കോസ്ത് യുവാവ് വയസ്സ് 27 ഇരുനിറം ഉയരം 5'5 ഇഞ്ച് B.Tech Electronics Communication, Diploma Computer ന്യൂസിലാൻഡിൽ Tele Communication Engineer ആയി ജോലി ചെയ്യുന്നു.

**ഫോൺ : 0484 2234537, 9400694537,**
**E-mail: shone.2010@gmail.com**

പെന്തക്കോസ്ത് യുവതി 26 വയസ്സ്, ഇരുനിറം, ഉയരം 5'3 ഇഞ്ച്, ബി. എസ്. സി. നേഴ്സ്. പെന്തക്കോസ്ത് യുവാക്കളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ : 09947088941, 08606813067**

പെന്തക്കോസ്ത് യുവാവ് (27, 5'6) കുവൈറ്റിൽ ജോലി ചെയ്യുന്നു. ഫാമിലി വിസയുണ്ട്. ഡിസംബർ ആദ്യ ആഴ്ചയിൽ നാട്ടിൽ വരുന്നു. ഇടത്തരം കുടുംബം. അനുയോജ്യരായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള ബി. എസ്. സി. നഴ്സുമാർക്ക് മുൻഗണന.

**ഫോൺ: 9745876834, 9048420538**

## ഐ. പി. സി. മധ്യമേഖല കൺവൻഷൻ

**എറണാകുളം:** തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം എന്നീ റവന്യൂ ജില്ലകളിൽ ഉൾപ്പെട്ട ഐ. പി. സി.യിലെ ഇരുപത്തിമൂന്ന് സെന്ററുകൾ ചേർന്ന് രൂപീകരിച്ച ഐ. പി. സി. മധ്യമേഖലയുടെ പ്രഥമ കൺവൻഷൻ നവംബർ 25, 26,27 തീയതികളിൽ പെരുമ്പാവൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർമാരായ വത്സൻ ഏബ്രഹാം, ജോയി ഏബ്രഹാം, കെ. എം. ജോസഫ്, കെ. സി. ജോൺ, ബാബു ചെറിയാൻ, സണ്ണി കുര്യൻ എന്നിവർ പ്രസംഗിക്കും. 26 പകൽ 10ന് മേഖലയിലെ എല്ലാ ശുശ്രൂഷകന്മാരും പങ്കെടുക്കുന്ന ശുശ്രൂഷാ സമ്മേളനവും നടക്കും. പാസ്റ്റർമാരായ ജോസഫ് ജോർജ്ജ്, വർഗീസ് മാത്യു എന്നിവർ പ്രസംഗിക്കും. മേഖലാ പ്രസിഡന്റ് പാസ്റ്റർ കെ. എം. ജോസഫ്, സെക്രട്ടറി പാസ്റ്റർ ടി. എ. തമ്പി, പബ്ലിസിറ്റി കൺവീനർ ബ്രദർ കെ. പി. ജോസ് എന്നിവരെ കൂടാതെ മേഖലയിലെ എല്ലാ സെന്റർ ശുശ്രൂഷകന്മാരും നേതൃത്വം നൽകും. മിസ്പാ വോയ്സ് തൃശൂർ സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

## സുവിശേഷ മഹായോഗം

**കീഴ്‌വായ്പൂർ:** ഐ.പി.സി. എബനേസർ സഭയുടെ ആഭിമുഖ്യത്തിൽ നവംബർ 30 മുതൽ ഡിസംബർ 2വരെ സുവിശേഷ മഹായോഗവും സംഗീതവിരുന്നും ചർച്ച് കോമ്പൗണ്ടിൽ നടക്കും. കറികച്ചാൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ റ്റി.എ ചെറിയാൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വി.പിഫിലിപ്പ് , ഫിലിപ്പ് പി. തോമസ്, ഷാജു സി. ജോസഫ്, ബാബുചെറിയാൻ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ രാജു ആനിക്കാട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

## ഉണർവ്വ് പ്രാർത്ഥന

**വൈപ്പിൻ:** വൈപ്പിൻ ദ്വീപിന്റെ ഉണർവ്വിനായി റിവൈവൽ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ ഉപവാസ പ്രാർത്ഥന നടന്നു. ഞാറക്കൽ കെ. റ്റി. എക്സ് ഹാളിൽ സെപ്റ്റംബർ 21ന് രാവിലെ മുതൽ വൈകുന്നേരം വരെ നടന്ന യോഗത്തിൽ പാസ്റ്റർമാരായ നോബിൾ ശാമുവേൽ, ബെന്നി തോമസ്, ജെയിംസ് മുളവുന തുടങ്ങിയവർ ശുശ്രൂഷിച്ചു.

## കുടുംബസംഗമം

**നിരണം:** യു. പി. എഫിന്റെ ആഭിമുഖ്യത്തിൽ ഒക്ടോ.4ന് ഐ. പി. സി. വളഞ്ഞവട്ടം ഹാളിൽ 4 മണി മുതൽ കുടുംബസംഗമം നടന്നു. പാ. ജെയിംസ് ജോർജ്ജ് ക്ലാസ്സ് എടുത്തു. പാ. ബിനോയ് മാത്യു, ഷിബു ഐപ്പ് എന്നിവർ നേതൃത്വം നൽകി.

## മാസയോഗം

**പത്തനംതിട്ട:** ശാരോൻ ഫെലോഷിപ്പ് ചർച്ച് പത്തനംതിട്ട ഡിസ്ട്രിക്ട് മാസയോഗം ഒക്ടോബർ 12ന് ഗുരുനാഥൻ മണ്ണ് സഭയിൽ വച്ച് നടന്നു. ഡിസ്ട്രിക്ട് മിനിസ്റ്റർ പാസ്റ്റർ വി. ജെ. തോമസ് സന്ദേശം നൽകി. പാസ്റ്റർ ഷാജൻ കുര്യൻ ഇവിടെ ശുശ്രൂഷിക്കുന്നു.

## വാർഷിക കൺവൻഷൻ

**നിരണം:** യു. പി. എഫിന്റെ പത്താമത് വാർഷിക ജനറൽ കൺവൻഷൻ നിരണം ടക്ക് ഫാമിന് സമീപം വച്ച് ഡിസം. 12-15 വരെ നടക്കും. പാ. കെ. ടി. ഉമ്മൻ ഉദ്ഘാടനം ചെയ്യും. പാ. കെ. സി. തോമസ്, ടി. ജെ. ശമുവേൽ, പി. സി. ചെറിയാൻ കെ. ഏ. ഏബ്രഹാം എന്നിവർ പ്രസംഗിക്കും. ബെഥേൽ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും പാ. സാംകുട്ടി നൈനാൻ, ബിനോയ് മാത്യു, ഷിബു ഐപ്പ് എന്നിവർ നേതൃത്വം നൽകും.

## കല്ലിടീൽ

**ചെങ്ങന്നൂർ:** ഐ. പി. സി. ചെങ്ങന്നൂർ സെന്ററിൽപ്പെട്ട വാഴാർമംഗലം സഭയ്ക്ക് വേണ്ടി പണിയുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ ആലയത്തിന്റെയും ഓഡിറ്റോറിയത്തിന്റെയും കല്ലീടിൽ പാസ്റ്റർ കെ. എം. ജോൺ നിർവ്വഹിക്കുന്നു. പാസ്റ്റർ ജോസഫ് വർഗീസ് ഇവിടെ ശുശ്രൂഷിക്കുന്നു.

## താലന്ത് പരിശോധന

**കുറുപ്പന്തറ:** ഐ.പി. സി വൈക്കം സെന്റർ പി.വൈ.പി. എ യുടെ വാർഷിക താലന്ത് പരിശോധന ഒക്ടോബർ 26 ശനി രാവിലെ മുതൽ ഇരവിമംഗലം സഭാ ഹാളിൽ വെച്ച് നടക്കും പാസ്റ്റർ രാജു ആനിക്കാട് ഉദ്ഘാടനം ചെയ്യും പാസ്റ്റർ ജോമോൻ മാത്യു, ബെൻ വി യോഹന്നാൻ, സിസ്റ്റർ ബേബി സിജ തുടങ്ങിയവർ നേതൃത്വം നൽകും.


## വില്പനയ്ക്ക്

കുമ്പനാട് ജംഗ്ഷനിൽ 6 സെന്റ് സ്ഥലവും ഇരുനിലവീടും (2000 Sqft) വില്പനയ്ക്ക്.

**ഫോൺ: 9446113241**

വിധിയും വിചാരണയും

# വിവരക്കേടിന്റെ പതാകവാഹകർ



രാജു ആനിക്കാട്

പ്രഭാഷകർ എല്ലാക്കാലത്തും വചനത്തിന്റെ പ്രചാരകരായിരുന്നു. ക്രൈസ്തവ വിശ്വാസങ്ങളുടെ നയപ്രഖ്യാപനമാണ് നമ്മുടെ ഒരോ പരസ്യസമ്മേളനങ്ങളും. ആദ്യകാലങ്ങളിൽ നമ്മുടെ പ്രമുഖരായ ബൈബിൾ പ്രഭാഷകരുടെ പ്രയത്നം കൊണ്ടാണ് അധികം ജനകിയമല്ലാതിരുന്ന പെന്തക്കോസ്തലിസം ഇവിടെ വേരു പിടിച്ചത്. ശതമാനം വെച്ച് നോക്കുമ്പോൾ എണ്ണം കൊണ്ട് നാം അത്ര കൂടുതലല്ലെങ്കിലും നമ്മുടെ വചനാധിഷ്ഠിത ചിന്തകളും നിലപാടുകളും മിക്കവാറും പൊതുജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഇന്നും പൊതു വേദികളിലെ ബൈബിൾ പ്രഭാഷകരുടെ ദൗത്യം ക്രിസ്ത്യാനിത്വത്തിന്റെ കാതൽ സന്ദേശം ജനകീയമാക്കുക എന്നതുതന്നെയാണ്.

കേരളത്തിലെ ആദ്യകാല പെന്തക്കോസ്തു പ്രഭാഷകരെ എണ്ണിയെടുത്താൽ അവരെല്ലാവരും തുടക്കം മുതൽ ഒടുക്കം വരെ കളം വിടാതെ സുവിശേഷത്തിനുവേണ്ടി ശോഭിച്ചവരായിരുന്നു അവരാരും നിലാപാടു മാറ്റുകയോ ശൈലിമാറ്റുകയോ ചെയ്തിരുന്നില്ല. അവർക്ക് സുവിശേഷപ്രസംഗം വെറുമൊരു പെർഫോമൻസല്ലായിരുന്നു.അവരുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടന്ന ചിന്തധാരയായിരുന്നു അത്. എന്നാൽ ഇന്ന് സ്ഥിതിമാറിയിരിക്കുന്നു. ഒരു പതിറ്റാണ്ടെങ്കിലും പൊതുസമ്മതരായി സുവിശേഷത്തിന്റെ വേദിയിൽ തിളങ്ങുന്നവർ കുറഞ്ഞിരിക്കുന്നു. മാത്രമല്ല ഒരോ ദിവസം കഴിയുമ്പോൾ ഉപദേശവും ശൈലിയും ഒക്കെ മാറി മാറി എന്തൊക്കെയോ ആകുകയാണാളുകൾ

ആദ്യകാലങ്ങളിൽ ജനം എങ്ങനെ ചിന്തിച്ചാലും പ്രഭാഷകർ അവരെ ഏല്പിച്ചദൗത്യം പൂർത്തികരിക്കുക എന്നതാണ് പ്രധാനം. ജനത്തിന്റെ ചിന്ത അനുസരിച്ച് ഉപദേശത്തിന്റെ തനിമയും ഉപദേശിയുടെ ശൈലിയും മാറിയിരുന്നില്ല. പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്. ഇന്നത്തെ സംശുദ്ധ സുവിശേഷ ശുശ്രൂഷകൾ നാളത്തെ ദുരുപദേശകരായിമാറുന്ന അതീവ ഗുരുതരമായ പ്രതിസന്ധി.

സമീപകാലത്ത് കേരളത്തിലെ ഒരു പ്രമുഖ കൺവൻഷൻ പ്രസംഗകൻ പ്രവചിക്കാനും തുടങ്ങിയിരിക്കുന്നു. ബഹുവർണമുള്ള ഒരു തുണികഷ്ണം കണ്ടാലും അതിനും വ്യാഖ്യാനം കൊടുക്കാൻ ശേഷിയുള്ള ഇക്കൂട്ടർ ഒരോ മാസവും ശൈലിമാറ്റി രംഗത്ത് വരുന്നത് ലജ്ജാകരമാണ്. എത്ര അനുഭവിച്ചാലും പഠിക്കാത്ത ഇവർ മറ്റുള്ളവരുടെമേൽ കുറ്റമടിച്ചേല്പ്പിക്കാൻ അതിവിദഗ്ദ്ധരാണ്. തിരുവല്ലയിൽ നടന്ന സമ്മേളനത്തിൽ ഈ സുവിശേഷകൻ ഒരാളോട് അദ്ദേഹത്തെ ദൈവം യൂറോപ്പിലേക്ക് അയക്കും എന്നദൂത് പറഞ്ഞു. അമേരിക്കയിൽ സാമ്പത്തിക തകർച്ച കാരണമാകാം ഇപ്പോൾ ദൈവം ആളുകളെ യൂറോപ്പിലേക്കയക്കുന്നതെന്ന് ആശ്വസിക്കാം. എന്നാൽ ഇതേ സുവിശേഷകൻ കീഴ്വായ്പൂരെത്തിയപ്പോൾ അവിടെയും ഒരാളെ യൂറോപ്പിലയക്കുമെന്ന് ദൂതറിയിച്ചു. രണ്ടു സമ്മേളനങ്ങളിലും സംബന്ധിച്ച് ആളുകൾക്ക് ഈ സ്ഥിരം വായ്ത്താരി കേട്ടപ്പോൾ പരമ പുച്ഛമാണ് തോന്നിയത്. ചിലകാലങ്ങൾക്ക് ശേഷം വേദിയിലേക്ക് തിരിച്ചുവരുന്ന ഇവർ ഇനിയും പഠിച്ചിട്ടില്ലന്നല്ലെ ഇതൊക്കെ വെളിപ്പെടുത്തുന്നത്. സുവിശേഷം പ്രസംഗിക്കാൻ അവസരം കിട്ടുമ്പോൾ മാനംമര്യദയ്ക്ക് ക്രിസ്തുവിനെക്കുറിച്ച് പറയേണ്ടതിന് പകരം ഇത്തരം ഞൊടുക്കു വിദ്യകൾകൊണ്ട് കളം പിടിക്കാനാണ് ഭാവമെങ്കിൽ ഇത് മനസ്സിലാകുന്ന കുറേ ആളുകളെങ്കിലും ഇവിടെ ഉണ്ടന്നറിഞ്ഞാൽ നന്ന്.

പ്രഭാഷണത്തിന് വിളിക്കപ്പെട്ടവർ അതിൽ പരാജയപ്പെടുമ്പോൾ പ്രവചനം കൊണ്ട് കളം കൈയ്യടക്കാനുള്ള ഈ‌കയ്യാങ്കളി നാളിതുവരെ ഉണ്ടാകാത്തതരത്തിലുള്ള പതനത്തിലായിരിക്കും അവസാനിക്കുക. എല്ലാക്കാലത്തും ഭാവി അന്വേഷിച്ച് കറങ്ങുന്ന കുറേ പെന്തക്കോസ്തരുണ്ട്. ഈ വികാര ജീവികൾക്ക് ക്രിസ്തുവിനേവേണ്ട ,നിത്യതവേണ്ട. ഇവരാണ് ഈ ഭാവി പ്രവാചകരുടെ ഇരകൾ. നമ്മുടെ മഹായോഗങ്ങളിൽ ആർക്കും പ്രയോജനമില്ലാത്ത ആർക്കും വിളിച്ചുപറയാവുന്ന ഇത്തരം കുറേ വാചകമടികൾക്ക് കൈയ്യടിക്കുന്നത് വെറും വിവരക്കേടുകാരാണ്. ഇവരാണ് ഈ വീരന്മാരെ വേദികളിലെത്തിക്കാൻ ഒത്താശചെയ്തുകൊടുക്കുന്നത്.

ഇത് ഒരു കൺവൻഷൻ സീസണാണ്. ആയിരക്കണക്കിന് രൂപമുടക്കി പൊതുയോഗങ്ങൾ സംഘടിപ്പിക്കുന്നത് കുറേയാളുകളെ യൂറോപ്പിലയക്കാൻ അല്ല. കുറേപേരെ നിത്യതയിൽ എത്തിക്കാനാണ്. അതുകൊണ്ട് നമ്മുടെ വേദികൾ ക്രിസ്തുവിനെ ഉയർത്തുന്നതിനുവേണ്ടി ആയിരിക്കണം. പ്രഭാഷണംകൊണ്ട് ഇനി ഈ വേദികളിൽ ക്ലച്ച് പിടുക്കുകയില്ലന്നറിഞ്ഞ് പ്രവചനം കൊണ്ട് കളിക്കാൻ ശ്രമിക്കുന്ന ആവിവരക്കേടിന്റെ പതാക വാഹകരെ നാം തിരിച്ചറിഞ്ഞേമതിയാകു.

## കൺവൻഷൻ

**ചെന്നൈ:** ചർച്ച് ഓഫ് ഗോഡ് വില്ലിവാക്കം സഭ കൺവൻഷൻ 2014 ജനു. 9 മുതൽ 12 വരെ സഭാ അങ്കണത്തിൽ വച്ച് നടക്കും. പാസ്റ്റർ കെ. ജെ. തോമസ് കുമളി വചനശുശ്രൂഷ നടത്തും. 10,11 തീയതികളിൽ നടക്കുന്ന ഉപവാസപ്രാർത്ഥനകളിൽ പാസ്റ്റർ എം. കെ. സ്കറിയ ശുശ്രൂഷിക്കും. പാസ്റ്റർ സണ്ണി ഫിലിപ്പ് ഇവിടെ ശുശ്രൂഷിക്കുന്നു.

## വൈക്കം സെന്റർ കൺവൻഷൻ

**കുറുപ്പന്തറ:** ഐ.പി.സി. വൈക്കംസെന്ററിന്റെ 57-ാം മത് വാർഷിക കൺവൻഷൻ 2014 ഫെബ്രുവരി 6 മുതൽ 9 വരെ കുറുപ്പന്തറ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർ രാജു ആനിക്കാട് ഉദ്ഘാടനം ചെയ്യും പാസ്റ്റർമാരായ സാം ജോർജ് , ബി. മോനച്ചൻ, റ്റി. എ. ചെറിയാൻ, എബി എബ്രഹാം , കെ.ജെ.തോമസ് എന്നിവർ പ്രസംഗിക്കും. മാസയോഗം ശുശ്രൂഷക സമ്മേളനം സോദരി സമാജം, സൺഡേ സ്കൂൾ പി.വൈ.പി.എ വാർഷിക സമ്മേളനം സംയുക്ത സഭായോഗം എന്നിവയും ഉണ്ടായിരിക്കുന്നതാണെന്ന് പബ്ലിസിറ്റി കൺവീനർ ബെൻസൺ വി യോഹന്നാൻ അറിയിച്ചു.

## ബൈബിൾ ക്ലാസ്സ്

**നിരണം:** നിരണത്തും പരിസര പ്രദേശങ്ങളിലുമുള്ള അറുപതിൽ പരം പെന്തക്കോസ്തു സഭകളുടെ സംയുക്ത സംരംഭമായ നിരണം യു. പി. എഫിന്റെ ആഭിമുഖ്യത്തിൽ സെപ്. 23 മുതൽ 25 വരെ കടപ്രഷാരോൺ ഹാളിൽ വച്ച് ബൈബിൾ ക്ലാസ്സ് നടന്നു. സന്തുലിത ക്രിസ്തീയ ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി പാ. ബാബു ചെറിയാൻ പഠിപ്പിച്ചു.

## സി. ഇ. എം. ക്യാമ്പ് 2013



അടൂർ - കൊട്ടാരക്കര - ശൂരനാട് ഡിസ്ട്രിക്ടുകളുടെ സി. ഇ. എം. ക്യാമ്പ് സെപ്റ്റംബർ 15-17 വരെ മണക്കാല, ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ വച്ച് നടന്നു. വൈകിട്ട് 6 മണിക്ക് പ്രാർത്ഥിച്ച് ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ പാസ്റ്റർ സൈമൺ കെ. ജെ. അദ്ധ്യക്ഷത വഹിക്കുകയും സെക്രട്ടറി ബ്രദർ സാം ജി. കോശി സ്വാഗതം ചെയ്യുകയും പ്രസിഡന്റ് പാസ്റ്റർ പി. മത്തായി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഈ ക്യാമ്പിൽ ഏകദേശം 340 അംഗങ്ങൾ പങ്കെടുത്തു.

"പീസ്മേക്കേഴ്സ്" (മത്തായി 5:9) എന്ന വിഷയം ആസ്പദമാക്കി വചനപഠനവും, ആരാധനയും, കൗൺസിലിംഗ് സെഷനുകളും മിഷൻ ചലഞ്ചും. താലന്ത് പരിശോധനകളും, ഗെയിമുകളും ഉൾപ്പെടുത്തി വളരെ വ്യത്യസ്തമായ നിലയിലാണ് ഈ ക്യാമ്പ് ക്രമീകരിച്ചിരുന്നത്. പാസ്റ്റർ കുര്യൻ മാത്യു, റവ. ഡോ. എം. സ്റ്റീഫൻ, ഇവാ. ജിഫി യോഹന്നാൻ, പ്രൊഫ. ഡി. ജോഷ്വാ, ഡോ. ആനി ജോർജ്ജ്, പാസ്റ്റർ കോശി ഉമ്മൻ. എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ഇവാ. സാമുവേൽ വിൽസൺ നയിച്ച ഗാനശുശ്രൂഷയും ഉണ്ടായിരുന്നു.

പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, പാസ്റ്റർ മാത്യൂസ് എം. കുര്യൻ, ബ്രദർ സാമുവേൽ വി. എസ്സ്., ബ്രദർ പോൾസൺ റ്റി. മൈക്കിൾ, ബ്രദർ റോഷി തോമസ്, പാസ്റ്റർ ബിനോയി കെ. ജെ., ബ്രദർ ബ്ലസ്സൻ ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ ഈ ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

## സെന്റർ കൺവൻഷൻ – 2013

**കുമ്പനാട്:** ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭ കുമ്പനാട് സെന്റർ കൺവൻഷൻ 2013 നവംബർ 13 ബുധൻ മുതൽ 17 ഞായർ വരെ കുമ്പനാട് -മുട്ടുമൺ ഐക്കര പെനിയേൽ ഗ്രൗണ്ടിൽ വച്ച് നടക്കുന്നു.

സെന്റർ പ്രസിഡന്റ് പാസ്റ്റർ ടി. എസ്. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാ. വത്സൻ ഏബ്രഹാം, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സണ്ണി കുര്യൻ, പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ വർഗീസ് എബ്രഹാം തുടങ്ങിയ കർതൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുന്നു. സയോൺ സിംഗേഴ്സ് വെണ്ണിക്കുളം ഗാനശുശ്രൂഷനടത്തുന്നു. വൈകിട്ട് പൊതുസമ്മേളനങ്ങൾ നടക്കുന്നു. വ്യാഴം പകൽ 10 മണിക്ക് പാസ്റ്റേഴ്സ് & ഫാമിലി മീറ്റിംഗ്, വെള്ളി പകൽ സംയുക്ത ഉപവാസ പ്രാർത്ഥന, ശനി പകൽ സോദരീ സമാജസമ്മേളനം, ഞായർ 8.30ന് സംയുക്തസഭായോഗവും നടക്കുന്നു. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി പാസ്റ്റർ ടി. എസ്. ഏബ്രഹാം, സെന്റർ പ്രസിഡന്റ് പാ. വത്സൻ ഏബ്രഹാം, കൺവൻഷൻ ചെയർമാൻ പാസ്റ്റർ ഏബ്രഹാം സാമുവേൽ, ജനറൽ കൺവീനറായും 60 അംഗകമ്മറ്റി പ്രവർത്തിക്കുന്നു. പാസ്റ്റേഴ്സ് റ്റി. ജെ. ഏബ്രഹാം, ഷിബു നെടുവേലിൽ, റ്റി. എ. ജോസഫ്, വൈസ് ചെയർമാന്മാർ ബ്രദ. ഏബ്രഹാം പി. ഐസക്ക് (ജോ. ജനറൽ കൺവീനർ), പാസ്റ്റർ വി. കെ. കോശി (പ്രയർ), പാസ്റ്റർ റ്റി. ജി. ഫിലിപ്പ് (മ്യൂസിക്), ബ്ര. ജോൺ തോമസ് (ട്രഷറർ), ബ്ര. വി. കെ. തോമസ് (ഫിനാൻസ്), ബ്ര. എൻ. സി. ബാബു, ബ്രദ. ശാമുവേൽ കെ. മാത്യു (പന്തൽ), പാസ്റ്റർ പി. ജെ. ഏബ്രഹാം (ലൈറ്റ് & സൗണ്ട്), ബ്രദർ മോൻസി കിഴക്കേടത്ത്, ബ്ര. സി. എ. തോമസ് (പബ്ലിസിറ്റി), ബ്ര. കെ. വി. നൈനാൻ (വിജിലൻസ് & വോളണ്ടിയേഴ്സ്), പാ. ബെഞ്ചമിൻ ദാനിയേൽ (ഫുഡ്), ബ്ര. കെ. വി. ജോർജ്ജ് (അറേഞ്ച്മെന്റ്), പാസ്റ്റർ ചാക്കോ ഏബ്രഹാം (റിസ്പക്ഷൻ & ഓഫീസ്).

## ഐ. പി. സി. ബാംഗ്ലൂർ സെന്റർ കൺവൻഷൻ സമാപിച്ചു




ബാംഗ്ലൂർ സെന്റർ വൺ ഐ. പി. സി. വാർഷിക കൺവൻഷന്റെ സമാപന ദിനത്തിൽ, തിരുവത്താഴ ശുശ്രൂഷ പാസ്റ്റർ സാം ജോർജ്ജ് നിർവ്വഹിക്കുന്നു.

**ബാംഗ്ലൂർ:** "ദൈവമക്കൾ ക്രിസ്തുയേശുവിൽ ഉറപ്പുള്ളവരും, പ്രതികൂല സാഹചര്യങ്ങളിൽ കുലുങ്ങാത്തവരുമായി കർത്താവിന്റെ ശുശ്രൂഷകൾക്ക് മുൻതൂക്കം കൊടുക്കുന്നവരാകണമെന്ന് പാസ്റ്റർ സാം ജോർജ്ജ് പറഞ്ഞു. സെപ്റ്റംബർ 26-29 വരെ ഹൊറമാവ് ഐ. പി. സി. ഹെഡ്ക്വാർട്ടേഴ്സ് ഓഡിറ്റോറിയത്തിൽ നടന്ന ഐ. പി. സി. ബാംഗ്ലൂർ സെന്റർ വൺ വാർഷിക കൺവൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, സാം ജോർജ്ജ്, എം. ജെ. ഡേവിഡ്, ഏബ്രഹാം മാത്യു എന്നിവർ വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു. സോദരീ സമ്മേളനം, പി. വൈ. പി. എ. സമ്മേളനം എന്നിവ ഉണ്ടായിരുന്നു. ഞായറാഴ്ച നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ ബാബു ചെറിയാൻ പ്രസംഗിച്ചു. പാസ്റ്റർ സാം ജോർജ്ജ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

പാസ്റ്റർമാരായ ജോൺ മാത്യു, ഏബ്രഹാം മാത്യു, വർഗീസ് ഫിലിപ്പ്, ക്രിസ്തുദാസ്, റ്റി. എം. ദാനിയേൽ, തോമസ് ഏബ്രഹാം, വിജു മാത്യു എന്നിവർ കൺവൻഷന് നേതൃത്വം നൽകി.

ലേഖനം

# നയമാന്റെ അടവുനയങ്ങൾ; കുഷ്ഠത്തെക്കാൾ കഷ്ടം



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

സുറിയക്കാരനായ നയമാൻ പരാക്രമശാലി എങ്കിലും കുഷ്ഠരോഗിയായിരുന്നു. അവന്റെ യജമാനൻ അവനെ മഹാനും മാന്യനുമായി എണ്ണി എന്നിരുന്നാലും അവനിലെ കുഷ്ഠം ഒരു വലിയ പ്രശ്നമായി നിലനിന്നു. ഇങ്ങനെ ഇരിക്കവേ കവർച്ചപ്പടയുടെ കൂട്ടത്തിൽ യിസ്രായേൽ ദേശത്തു നിന്ന് വന്ന ഒരു ചെറിയ പെൺകുട്ടിയുടെ സമയോചിതമായ ഇടപെടൽ നയമാന്റെ ജീവിതത്തെ ഒരു പുതിയ വഴിത്തിരിവിലേക്ക് നയിക്കുകയാണ്. ഒടുവിലായി അവർ പ്രവാചകന്റെ അടുക്കൽ എത്തുന്നതോടെ പ്രശ്നപരിഹാരം സാധ്യമാകുന്നുണ്ടെങ്കിലും തുടക്കം മുതലുള്ള നയമാന്റെ സമീപനങ്ങൾ ചിന്തനീയമാണ്. സേനാധിപൻ ആയതുകൊണ്ട് തന്നെ സാധാരണക്കാരോട് പ്രവാചകൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ ആയിരിക്കില്ല തന്നോട് ആവശ്യപ്പെടുക എന്നൊരു ചിന്ത നയമാന്റെ ഉള്ളിൽ ഉണ്ടായിരുന്നു. അതിനാൽ തന്നെ പ്രവാചകന്റെ പരിഹാര മാർഗ്ഗത്തോടുള്ള ഈ മനുഷ്യന്റെ കടുത്ത അമർഷം പ്രകടമാണ്. എന്നാൽ തന്റെ വിചാരത്തെ മറികടന്നു ഏഴു പ്രാവശ്യം യോർദ്ദാനിൽ കുളിക്ക എന്ന പ്രവാചക പ്രസ്താവന നയമാനെ വല്ലാതെ അസ്വസ്ഥനാക്കി എന്ന് മാത്രമല്ല അവൻ ഏറ്റവും ക്രുദ്ധിച്ചു. കുഷ്ഠം മാറേണമെങ്കിലും നിർദ്ദേശങ്ങൾ പാലിക്കുവാൻ മനസില്ലാത്ത നയമാന്റെ നയം അപഹാസ്യമാണ്. തന്റെ പദവിയിൽ നിന്നും ഒന്ന് താഴെക്കിറങ്ങാൻ മനസില്ലാതെ ദൈവിക വിടുതൽ ആഗ്രഹിക്കുന്ന ഇത്തരക്കാർ നടത്തുന്നത് ദൈവത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യലാണ്. ഒടുവിലവൻ പ്രവാചകനിർദ്ദേശത്തെ അനുസരിച്ചപ്പോൾ തന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു എങ്കിലും നയമാൻ മുന്നോട്ടു വച്ച ആവശ്യങ്ങൾ വിധിവിധേയമാക്കേണ്ടതുണ്ട്.

ലഭ്യമായ വിടുതലിന്റെ അനുബന്ധമായി തന്റെ ഉള്ളിൽ നുരഞ്ഞു പൊങ്ങിയ കടുത്ത ഭക്തിയാൽ നടത്തിയ പരസ്യ പ്രസ്താവന ശ്രദ്ധേയമാണ്. ഇനി ഒരു യാഗം താൻ നടത്തുന്നെങ്കിൽ അത് യഹോവയ്ക്ക് മാത്രം ആയിരിക്കുമെന്നും “മണ്ണെ പ്രതി മാണിക്യം വെടിയുവാൻ” താല്പര്യമില്ലാത്ത ഈയുള്ളവന് ആ യാഗപീഠം നിർമ്മിക്കുവാനുള്ള മണ്ണ് പോലും യിസ്രായേലിൽ നിന്നുള്ളതായിരിക്കണമെന്നുള്ള ഉറച്ച തീരുമാനത്തിന്റെയും സമാനതകളില്ലാത്ത ദൈവസ്നേഹത്തിന്റെയും മുമ്പിൽ ശിലപോലും അലിഞ്ഞുപോകും. പക്ഷെ ഈ കപട ദൈവസ്നേഹത്തിന്റെ മുഖം മൂടികൾ തുടർന്ന് താൻ മുന്നോട്ടുവച്ച ആവശ്യങ്ങളുടെ മുമ്പിൽ അഴിഞ്ഞു വീഴുകയായിരുന്നു. അൽപ്പം മുമ്പ് മണ്ണ് പോലും യിസ്രായേലിൽ നിന്നായിരിക്കണമെന്നു നിർബന്ധം പിടിച്ച നയമാന്റെ നയങ്ങളിൽ വരുന്ന മാറ്റം വളരെ വിചിത്രമായിരിക്കുന്നു. രിമ്മോന്റെ ക്ഷേത്രത്തിൽ തലവണക്കത്തിനു വേണ്ടിയുള്ള അനുമതി പ്രവാചകനിൽ നിന്ന് തേടുമ്പോൾ മുമ്പ് നടത്തിയ ആത്മീക നാടകത്തിന്റെയും അഭിനയ ഭക്തിയുടെയും പൊയ്മുഖങ്ങൾ ഇവിടെ വെളിവാകുന്നു. യജമാനപ്രീണനത്തിനായി വിഗ്രഹനമസ്കാരം നടത്തി അതിലൂടെ കൈ വരുന്ന ലോകസുഖസൗഭാഗ്യങ്ങളെ ആവോളം അനുഭവിക്കുകയും അപ്പോൾ തന്നെ യഹോവയിൽ നിന്ന് വിടുതലുകൾ പ്രതീക്ഷിക്കുകയും ചെയ്യുന്ന നയമാന്റെ അടവുനയങ്ങൾ!! അത്ഭുതം കണ്ടു രക്ഷിക്കപ്പെടുകയും ഭക്തിയുടെ അമിതാവേശ പ്രകടനങ്ങൾ കാണിക്കുകയും ചെയ്തിട്ട് ഒടുവിൽ പ്രമാണലംഘനം നടത്തുന്ന നയമാന്റെ വിലകുറഞ്ഞ നയങ്ങളെ നവയുഗ ദൈവശാസ്ത്രവ്യാഖ്യാനശാഖകളിൽ ഏതിൽ ഉൾപ്പെടുത്തണമെന്നറിയില്ല. കർത്താവിന്റെ കൽപ്പനകളെ അനുസരിക്കാതെയും വചനത്തിന്റെ യാഥാർത്ഥ്യങ്ങളെ അംഗീകരിക്കാതെയും താൽക്കാലിക വിടുതലിനായി ദൈവത്തെ സമീപിച്ച് പ്രശ്നപരിഹാരവും നേടി വന്നവഴിക്കു തിരികെ പോകുന്ന അഭിനവ നയമാൻമാർ ഇന്നനവധിയുണ്ട്. ഒട്ടുമിക്ക വിടുതലിൽ ശുശ്രൂഷകളിലും നടക്കുന്നത് ഇതിൽ നിന്നന്യമല്ല. അത്ഭുതങ്ങൾ കാട്ടി ആളുകളുടെ എണ്ണമെടുത്തു ഒടുവിൽ വൻവിജയമായിരുന്നുവെന്നവകാശപ്പെടുമ്പോൾ എത്ര ഇടങ്ങളിൽ രക്ഷയുടെ ദൂതും ദൈവ വചനത്തിന്റെ ഉപദേശങ്ങളും പറയപ്പെട്ടു എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ഇവരിൽ അത്ഭുതങ്ങൾക്കൊടുവിലുണ്ടാകുന്ന കടുത്ത ആവേശം വർണ്ണനാതീതമാണെങ്കിലും രോഗസൗഖ്യം പ്രാപിച്ചു പോകുന്ന പല നയമാന്മാരെയും പിന്നീട് രിമ്മോന്റെ ക്ഷേത്രത്തിൽ കാണാം എന്നത് ഖേദകരമാണ്.

യഹോവയിങ്കലെ വിടുതലും യജമാനന്റെ പ്രീതിയും ഒരേ സമയം അനുഭവിച്ചുകൊണ്ട് ഈ പരദേശ പ്രയാണത്തിൽ ശതാധതിപന്മാരായും സഹസ്രാധിപന്മാരായും ആത്മീകലോകത്ത് വിളയാടുന്നവർ വർദ്ധിക്കുന്നു. പെന്തക്കോസ്തുകാർ എന്ന പേരിൽ അറിയപ്പെടുകയും അപ്പോൾതന്നെ ഇതര യജമാനന്മാരുടെ, വ്യത്യസ്ത ഉപദേശങ്ങളുടെ ദാസന്മാരായി നിന്നുകൊണ്ട് അവിടുത്തെ പ്രതിഫലങ്ങളും കൈപ്പറ്റുന്ന, നാലു തോണികളിൽ ഒരേ സമയം കാൽ വെച്ചു യാത്ര ചെയ്യുവാൻ പ്രത്യേക പരിശീലനം ലഭിക്കപ്പെട്ട നവ നയമാന്മാർ സത്യസുവിശേഷത്തിനും ദൈവസഭകൾക്കും ഒരപവാദമാണ്. യിസ്രായേലിൽ നോക്കിയാൽ അവിടെയും രിമ്മോന്റെ ക്ഷേത്രത്തിൽ നോക്കിയാൽ അവിടെയും കാണുന്ന ഇത്തരക്കാരുടെ നയങ്ങൾ ആശ്ചര്യം തന്നെ!!! ഒരു കാലത്ത് രക്ഷയുടെ സന്ദേശം മുഴങ്ങിയിരുന്ന സുവിശേഷവേദികളിൽ രാഷ്ട്രീയ വർഗ്ഗത്തെയും മതമേലാളന്മാരെയും പ്രീണിപ്പിക്കുവാൻ അവർക്കുവേണ്ടി ഇരിപ്പിടങ്ങൾ ഒരുക്കിയും അവരുടെ ആശയങ്ങൾക്കൊത്താശ പാടിയും ഉള്ള ഇവരുടെ നയങ്ങളെ നാം പ്രോത്സാഹിപ്പിക്കുമ്പോൾ തകരപ്പെടുന്നത് ഒരു മഹത്തായ അനുഭവത്തിന്റെ നിർമ്മലതയാണ് എന്നത് നാം മറക്കരുത്. നയങ്ങളിൽ സ്ഥിരതയില്ലാത്ത നയമാന്റെ ഒരു സമ്മാനവും താൻ കൈപ്പറ്റിയില്ല എന്നത് അഭിനന്ദനാർഹമാണെങ്കിലും ബാല്യക്കാരനായിരുന്ന ഗേഹസിയുടെ നേരെ പോലും പ്രമാണലംഘനത്തിന് കടുത്ത നിലപാടെടുത്ത പ്രവാചകനായ ഏലീശ എന്തുകൊണ്ട് രിമ്മോന്റെ ക്ഷേത്രത്തിൽ നമസ്കരിക്കുവാനുള്ള നയമാന്റെ ആവശ്യത്തെ അംഗീകരിച്ചു എന്നത് ഇന്നും മനസിലാകാതെ അവശേഷിക്കുന്നു.!!

ഒന്നുകിൽ യഹോവയെ നമസ്കരിക്കുക അല്ലെങ്കിൽ രിമ്മോന്റെ ക്ഷേത്രത്തിൽ ആകാം!. ഒരു വശത്ത് സത്യസുവിശേഷത്തിന്റെ പേരിൽ ദൈവത്തിങ്കൽ നിന്നുള്ള നന്മകൾ സ്വീകരിക്കുകയും മറുവശത്ത് അവിഹിതമായ പലതിന്റെയും മുമ്പിൽ വണങ്ങി അവിടുത്തെ യജമാനനിൽ നിന്നുള്ള കനത്ത പ്രതിഫലവും വാങ്ങിക്കൊണ്ടുള്ള ഈ അസംബന്ധാഭ്യാസം നമുക്ക് ഭൂഷണമല്ല. വേദി-പ്രീതി-പണം-പദവി-നില-വില ഇവക്കൊക്കെ വേണ്ടി നമ്മുടെ ഉപദേശത്തിന്റെ തിരുത്തലുകളില്ലാത്ത കൽപ്പനകളുടെ ബലിക്കഴിച്ചുകൊണ്ടുള്ള ഈ ഇരട്ടത്താപ്പ് നയം നമുക്ക് ചേർന്നതല്ല. രിമ്മോന്റെ ക്ഷേത്രത്തിലെ “കലാപരിപാടികൾക്കും” യിസ്രായേലിലെ “ഉത്സവങ്ങൾക്കും” ഒരുപോലെ വേദി പങ്കിടുന്ന ഈ ദുഷിച്ച നയം മാറേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ മുമ്പുണ്ടായിരുന്ന കുഷ്ഠത്തെക്കാൾ കഷ്ടമാണ് നയമാനെ, ഇപ്പോഴത്തെ നിന്റെ ഈ നയങ്ങൾ!!! ഉപദേശത്തിനും ദുരുപദേശത്തിനും ഒരുപോലെ കൊടിപിടിക്കുന്ന വിലകുറഞ്ഞ നയങ്ങൾ നമ്മിൽ നിന്ന് മാറ്റി അറിഞ്ഞ സത്യത്തിനു വേണ്ടി പടചേർത്തവനെ മാത്രം പ്രസാദിപ്പിക്കുന്ന ഒരു നല്ല പടയാളിയായി ഈ മരുഭൂപ്രയാണം നമുക്ക് തുടരാം.

## 02 യുവജന പംക്തി....

ൺമെന്റ് സ്ഥിതീകരിച്ചിട്ടുണ്ട്. ശരിയായ വിവേചനമോ, വിവരമോ ഇല്ലാത്തതിനാൽ മൊബൈൽ ദുരുപയോഗം ചെയ്യപ്പെടാനും കുഞ്ഞുങ്ങളുടെ ഭാവി ഇരുളടയാനും ഇത് കാരണമാകും.

“എന്റെ കുഞ്ഞ്, നല്ല കുഞ്ഞാ” എന്നതാണ് പല മാതാപിതാക്കളുടെയും ധാരണം. എന്നാൽ അത് നൂറു ശതമാനം തെറ്റാണ്. നിങ്ങൾ കാണുന്ന മുഖത്തിന് അപ്പുറത്ത് കുഞ്ഞുങ്ങൾക്ക് ഒരു മുഖമുണ്ട്. രാത്രി മുഴുവൻ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന കുഞ്ഞുങ്ങൾ വീട്ടിൽ ഉണ്ട് എന്നത് പല മാതാപിതാക്കൾക്കും അറിയില്ല.

ഈ കഴിഞ്ഞ ദിവസം എന്റെ സുഹൃത്തായ കോളജ് പ്രൊഫസർ പറഞ്ഞത്; “സ്വന്തമായി ആൺ സുഹൃത്തുക്കൾ ഇല്ലാത്ത പെൺകുട്ടികളും പെൺസുഹൃത്തുക്കൾ ഇല്ലാത്ത ആൺകുട്ടികളും ഇന്ന് ക്ലാസ്സിൽ ഇല്ല. രാത്രി മുഴുവൻ മൊബൈൽ ഫോണിൽ ആവോളം സല്ലപിക്കുന്നവരാണ് ഏറെയും”.

കുഞ്ഞുങ്ങൾക്ക് നൽകേണ്ടത് എന്തെന്ന് തിരഞ്ഞെടുക്കുവാനും, അത് നൽകേണ്ട സമയത്ത് നൽകുവാനും ശ്രദ്ധിക്കുക.

## 11 കണ്ടതും കേട്ടതും....

ല്ല. ആധുനികകാലത്തെ റോക്ക് സംഗീതക്കാരാണു തകർക്കുന്ന രീതിയിൽ ഡ്രം വായിക്കുന്നത്. നമ്മുടെ തനതു വാദ്യോപകരണമായ മൃദംഗം, തബല എന്നിവയുടെ ഗാംഭീര്യം വിസ്മരിക്കുന്നില്ല. തബല വായിക്കേണ്ടുന്ന സ്ഥാനത്തു റിഥം പാഡ് വായിച്ചാൽ അത് അത്ര ആസ്വാദ്യമല്ലതാനും.

എന്തായാലും, ഇപ്പോഴത്തെ ഈ പോക്ക് അപകടത്തിലേക്കാണ്. പഴയകാലത്തെ ഭക്തന്മാർ ധ്യാനിച്ചെഴുതിയ ഒട്ടുമിക്ക പാട്ടുകളും ‘ഉണർവ്വില്ലെ’ന്ന കാരണം പറഞ്ഞു പാടാതെ വിടുന്ന പ്രവണത ഒട്ടും ആശാസ്യമല്ലെന്നേ പറയാനുള്ളൂ. സ്പീഡിൽ പാടുന്ന പാട്ടുകൾ അതിവേഗത്തിൽ പാടുന്നതുകൊണ്ട് യാതൊരു ഗുണവുമില്ലെന്നു പറയട്ടെ. അതുപോലെ, പാട്ടുപാടി സ്പീഡ് കൂട്ടി, അതു പാരമ്യത്തിലെത്തുമ്പോൾ മാത്രം അന്യഭാഷ പറയുന്നതിന്റെ ന്യായമെന്താണ്? അതു വൈകാരികം മാത്രമല്ലേയെന്നും സംശയിക്കുന്നു. ഈ ‘ടണ്ടടട്ടം’ തമ്പേറടി ഒന്നു കുറച്ചിട്ട്, സാവധാനം പാടുന്ന സീയോൻഗീതങ്ങളും കൂടി ഇടയ്ക്കൊക്കെ പാടിയാൽ അത് ആത്മീയവർദ്ധനയ്ക്കു കാരണമാകുമെന്നാണ് എന്റെ എളിയ അഭിപ്രായം. അല്ലെങ്കിൽ മറ്റു കുഴപ്പമൊന്നുമില്ല, കുറെയധികം നല്ല പാട്ടുകൾ ആർക്കുമറിയാനാവാത്ത സ്ഥിതിവിശേഷം വരുമെന്നേയുള്ളൂ. ഞങ്ങളുടെ സഭയിൽ ശുശ്രൂഷിച്ച ഒരു പാസ്റ്റർ പറഞ്ഞതോർക്കുന്നു: “പണ്ടത്തെ ആരാധന തീയായിരുന്നു. ആത്മാവിലായി ചാടിച്ചാടി, ചിലരുടെയൊക്കെ തല ശീലാന്തിയിൽ ഇടിച്ചു പൊട്ടിയിട്ടു ചോര വന്നിട്ടുണ്ട്”. അങ്ങനെ ചോര വരുത്തുന്നതാണോ ആരാധന? അതിൽ ദൈവം പ്രസാദിക്കുമോ? രക്തം ഒഴുകുവോളം തന്നെത്താൻ മുറിവേല്പിച്ചവർ ആരാണ്?

മറ്റൊരു കാര്യം കൂടി പത്തിരുപതു വർഷം മുമ്പുവരെ ദൈവമക്കളുടെ വീടുകളിൽ, നല്ല പാട്ടുകൾ റ്റേപ്പിലും സി. ഡി.യിലുമൊക്കെ കേൾക്കാമായിരുന്നു. ഇന്ന് മിക്ക വീടുകളിലും ക്രിസ്തീയ ഗാനങ്ങൾ കേൾക്കുന്നതേയില്ല! തൽസ്ഥാനം **ഏഷ്യാനെറ്റും മഴവിൽ മനോരമയുമൊക്കെ ഏറ്റെടുത്തു.**

നീക്കിബാക്കി: പെന്തക്കോസ്തു കൺവൻഷനിൽ താമസിച്ചു വന്നയാളോടു പരിചയക്കാരൻ ചോദിച്ചു: എന്താ വൈകിയത്? പാട്ടു കഴിഞ്ഞല്ലോ? മറുപടി: പാട്ടു കേൾക്കാതിരിക്കാനാ താമസിച്ചു വന്നത്.

# പുതിയ പ്രവർത്തനം

**പിറവം:** ഐ.പി.സി. പിറവം സെന്ററിൽപ്പെട്ട നീർപ്പാറ ശാലേം സഭയുടെ ആഭിമുഖ്യത്തിൽ അരയങ്കാവ് കേന്ദ്രമാക്കി പുതിയ പ്രവർത്തനം ആരംഭിച്ചു. ആഗസ്റ്റ് 22 നു സെന്റർ ഇവാഞ്ചലിസം ബോർഡ് ചെയർമാൻ പാസ്റ്റർ ജോയി വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പിറവം സെന്റർ മിനിസ്റ്റർ പാസ്റ്റർ ബാബു ചെറിയാൻ പ്രാർത്ഥിച്ച് പ്രവർത്തനം ഉദ്ഘാടനം ചെയ്തു. പ്രസ്തുത മീറ്റിംഗിൽ സെന്ററിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ദൈവ ദാസന്മാരും ദൈവ മക്കളും പങ്കെടുത്തു. അന്നേ ദിവസം തന്നെ മീറ്റിങ്ങിൽ പങ്കെടുത്തവർക്കു 300 ഭവനങ്ങളിൽ സുവിശേഷം എത്തിക്കുവാൻ കഴിഞ്ഞു. ഈ പ്രദേശത്തെ പ്രവർത്തനങ്ങളെ ഓർത്ത് ദൈവ മക്കൾ പ്രാർത്ഥിക്കുക. പാസ്റ്റർ റ്റി. എ. തോമസ് വടക്കഞ്ചേരി ഇവിടെ പ്രവർത്തിക്കുന്നു.

# ലഹരി വിരുദ്ധ സന്ദേശ യാത്ര

**കൊട്ടാരക്കര:** ഐ. പി. സി. കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് നേതൃത്വം നൽകുന്ന ലഹരിവിരുദ്ധ സന്ദേശയാത്ര കൊട്ടാരക്കരയിലും പരിസര പ്രദേശങ്ങളിലുമായി നടന്നു. ഗാനശുശ്രൂഷ, സ്കിറ്റ്, ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ എന്നിവ പ്രോഗ്രാമിന്റെ ഭാഗമായി നടത്തി. “ലഹരി വിമുക്ത കേരളം - നമ്മുടെ സ്വപ്നം” എന്ന ആപ്ത വാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സംഘടിപ്പിച്ച ഈ പ്രോഗ്രമിലേക്ക് എല്ലാ ദൈവദാസന്മാരും സഭകളും സഹകരിച്ചു.

# ശുശ്രൂഷക കുടുംബ സംഗമം

**കായംകുളം:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ ശുശ്രൂഷക കുടുംബ സംഗമം കായംകുളം ടൗൺ ഐ. പി. സി. ഫെയ്ത്ത് സെന്ററിൽ വച്ച് നടന്നു. അസോസിയേറ്റ് സെന്റർ പാസ്റ്റർ ബി. മോനച്ചന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ എം. വി. വർഗ്ഗീസ് ശുശ്രൂഷക കുടുംബ സംഗമം ഉദ്ഘാടനം ചെയ്തു. ഡോ. ബി. വർഗ്ഗീസ് ക്ലാസ്സെടുക്കുകയും ചർച്ചയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. സെന്റർ ഭാരവാഹികളായ എം. ഒ. ചെറിയാൻ, പി. വി. ഉമ്മൻ എന്നിവർ നേതൃത്വം നൽകി.

## 11 കാലികം......

കളെക്കുറിച്ച് കൃത്യമായി ദൈവജനവും ലോകമനുഷ്യരും തിരിച്ചറിഞ്ഞിരിക്കുന്നു. സ്വന്തം പുരയിടവും സ്വന്തം വീടും വിശാലമാക്കിക്കൊണ്ട് പണസമ്പാദനത്തിന് ആത്മീയ സ്ഥാനമാനങ്ങൾ മറയാക്കുന്ന പ്രവണതയിൽ നിന്നും നേതൃത്വം പിൻതിരിഞ്ഞേ മതിയാകൂ. ദൈവസഭയെ ശരിയായ ദിശയിലേക്ക് നയിക്കുക. ദൈവരാജ്യത്തിന് ഓഹരിക്കാരായി ദൈവജനം മുന്നേറട്ടെ. മുന്നിൽ നടക്കുന്നവരാണ് ജനങ്ങൾക്ക് മാതൃകയെന്ന് മറക്കണ്ട.

കാലികം



സജി നെടുങ്കണ്ടം

# ദൈവരാജ്യത്തിന്റെ മറവിൽ സ്വന്തം സാമ്രാജ്യം പണിതവർ

**ഈ** ലോകത്തിന്റെ ഭാവി അപകടത്തിലാണ്. ഓരോ ദിവസവും ബുദ്ധിജീവികൾ പിറക്കുന്ന ഈ ലോകം ഇത്രകണ്ട് അധഃപതിക്കാൻ കാരണം എന്താണ്? മറുപടി തേടി മുകളിൽ കാണുന്ന ഗ്രഹങ്ങളിൽപ്പോയി മുറവിളി കൂട്ടിയാലും ഫലം നിരാശയായിരിക്കും. ചന്ദ്രനിൽ മനുഷ്യന് വെള്ളം തിരയാം ചൊവ്വയിൽ മനുഷ്യന് നാല് ചുവരുള്ള വീടു പണിയാം. എന്നാൽ മുഴുലോകവും നേരിടുന്ന ഈ അധഃപ്പതനത്തിനു കാരണം കണ്ടെത്താൻ കഴിയുന്ന ഉറവിടം എവിടെയാണ്. അത് മനുഷ്യന്റെ കൈയിൽ മനസിലാകുന്ന ഭാഷയിൽ കിട്ടിയ ബൈബിൾ അത്രേ. ശാന്തമായി വായിച്ച് ദൈവ ശബ്ദത്തിന്റെ ആഴങ്ങൾ പരിശോധിച്ചാൽ നിങ്ങളുടെ കൈപിടിച്ച് ദൈവ കിഴക്കുള്ള ഏദനിലേയ്ക്ക് കൊണ്ടുപോകും. അവിടെയാണ് ദൈവ പ്രവർത്തിയെ തകിടം മറിച്ചുകൊണ്ട് മനുഷ്യൻ സാത്താന്റെ കൈകളിൽ വീണു പോയത്. മനുഷ്യൻ ചെയ്ത പാപവും പരിണിതഫലമായ ശാപവും ഉൽപ്പത്തി പുസ്തകത്തിൽ അക്കമിട്ട് വായിക്കാൻ കഴിയും. ദൈവകല്പന ലംഘിച്ച മനുഷ്യൻ പിന്നീട് പാർത്ത ഭൂമിയും ഭൂപരപ്പിലെ പച്ചപ്പിലും ശാപത്തിന്റെ വേദന ആഴത്തിൽ നൽകുന്ന മുൾമുനകൾ കാണാൻ കഴിയും. സമ്പത്ത് എത്ര പെരുകിയാലും സമൂഹം എത്ര പുരോഗമിച്ചാലും ലോകത്തിൽ പീഡകൾ പെരുകുകയേയുള്ളൂ തമ്മിൽ തലതല്ലിക്കീറുന്ന മതത്തിന്റെ ശക്തികളും കൂട്ടുകാരനെ കുരിരുട്ടിൽ കുത്തിമലർത്തുന്ന മദ്യലഹരിയിൽ മുഴുകുന്ന ക്രൂരന്മാരും സ്വൈര്യ വിഹാരം നടത്തുന്ന ആധുനിക ലോകം. അക്രമ രാഷ്ട്രീയവും കുതികാൽ വെട്ടലുമാണ് ബുദ്ധിരാക്ഷസന്മാർ സമൂഹത്തിൽ അടിച്ചേൽപ്പിക്കുന്നത്. സ്ത്രീകളോട് ക്രൂരത കാട്ടുന്ന കിരാതന്മാർ ഇവിടെ കൂരിരുട്ടിൽ അലറുന്നു. മാതൃമാർവ്വിൽ ചൂടിൽ മധുരം നുണഞ്ഞ് ഉറങ്ങുന്ന കൈക്കുഞ്ഞിനെപ്പോലും ആധുനിക ലോകത്തിലെ കാമഭ്രാന്തന്മാർ ഇരുട്ടിന്റെ മറവിൽ പിച്ചിച്ചീന്തുന്നു. രാജ്യത്തിന്റെ കസേരയിൽ കെട്ടിതൂങ്ങിക്കിടന്ന് അഴിമതികാട്ടി കോടികൾ സമ്പാദിക്കുന്ന പൊതു പ്രവർത്തക മാന്യന്മാരും ഈ രാജ്യത്തിന്റെ വികസനം പ്രസംഗിക്കുന്നു. എന്താണ് പരിഹാരം...? ആരിലാണ് പ്രതീക്ഷ അർപ്പിക്കുവാൻ കഴിയുക .....?

അനീതിയും അശുദ്ധിയും അക്രമവും കതിരുവിരിഞ്ഞ് വിളഞ്ഞ മണ്ണിൽ ന്യായവിധിയുടെ കൊയ്ത്തരുവാളുമായി യേശു പിറന്നു. മതഭക്തിയുടെ മറവിൽ ലാഭങ്ങൾ കൊയ്ത മതമേലാളന്മാരെ വെള്ള പൂശിയ ദൈവരാജ്യത്തിന്റെ സുവിശേഷം ലോകത്തോട് പ്രസംഗിച്ചു. കള്ള ത്രാസും കസേരകളിലും സമൂഹത്തിൽ നിന്നും നീക്കം ചെയ്യാൻ യേശു അധികാരമോഹികളുടെമേൽ വിരൽചൂണ്ടി. ദൈവാലയത്തിന്റെ മറവിൽ വിൽക്കുകയും വാങ്ങുകയും ചെയ്തവർക്കു നേരെ മേശകൾ മറിച്ചും ചാട്ടവാർ ഉയർത്തിയും നീചപ്രവർത്തികളെ നീക്കിക്കളഞ്ഞു. രാത്രി മുഴുവൻ പർവ്വതത്തിൽ പ്രാർത്ഥിച്ച ദൈവപുത്രൻ താഴ്‌വാരത്തിൽ കൂടിയ ജനറൽബോഡിയിൽ നിന്നും പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്തു. അവരെ ലോകത്തിന്റെ അറ്റത്തോളം സത്യസുവിശേഷത്തിന് സാക്ഷികൾ ആകുവാൻ ഈരണ്ടായി അയയ്ച്ചു. ഗുരുവിൽ നിന്നും പഠിച്ച ഗുണപാഠങ്ങൾ കുടിൽ മുതൽ കൊട്ടാരം വരെയും കൃത്യമായി പഠിപ്പിക്കാൻ കല്പന നൽകി ശിഷ്യന്മാരെ അയയ്ച്ചു. ദൈവരാജ്യം സ്ഥാപിക്കുക എന്ന ഏകലക്ഷ്യത്തോടെ സ്വർലോകം വിട്ട് പാപലോകത്ത് വന്നവൻ പാപത്തിന് പരിഹാരമായി പാപിക്ക് പകരമായി മരക്കുരിശിൽ തൂങ്ങി മരണത്തിനേൽപ്പിച്ചു. മൂന്നാം നാൾ ഉയർത്ത് മഹിമയിൽ വസിക്കുന്ന യേശുവാണ് മുഴുലോകത്തിന്റെയും പ്രശ്നത്തിന് ശാശ്വത പരിഹാരം.

ഒന്നാം നൂറ്റാണ്ടിൽ പാലസ്തീനിൽ ഉദയം ചെയ്ത മോചന സന്ദേശം തലമുറകൾ കൈമാറി കരുത്തോടെ മുന്നേറുന്നു. അധർമ്മത്തിന്റെ ദൈവത്തിന് ഇനി അധികകാലം ഇല്ലാ എന്ന തിരിച്ചറിവായിരിക്കും. ആധുനിക ഭക്തന്മാരെയും അടങ്കൽപ്പിടിച്ച് അശുദ്ധിയിലേയ്ക്ക് നടത്തുന്നത്. ദൈവരാജ്യ സ്ഥാപനത്തിനായി ദർശനം പ്രാപിച്ച് പുറപ്പെട്ട പെന്തക്കോസ് തുസഭകളുടെ പല തട്ടുകളിൽ നേതൃത്വം വഹിക്കുന്നവരിൽ നല്ലൊരു ശതമാനം ആളുകളും ഈ ആത്മീയ മറവിൽ സ്വന്തം സാമ്രാജ്യം കെട്ടിപ്പടുക്കുന്നു. ലോകസുഖ നന്മകളെ പാടെ മറന്നുകൊണ്ട് യേശുവിനെ പ്രസംഗിച്ച ആരംഭകാല പിതാക്കന്മാർ, തിരുവചന സത്യങ്ങൾ അടിത്തറയാക്കിപ്പണിത ദൈവസഭയെ തങ്ങളുടെ നന്മയ്ക്കും തലമുറയുടെ സമ്പത്തിനും വിൽപ്പന ചരക്കാക്കുന്ന തരംതാണ രീതി തിരുത്തേണ്ടിയിരിക്കുന്നു. ദൈവരാജ്യ വികസനമായിരിക്കണം ഓരോ ആത്മീയ നേതാവിന്റെയും ലക്ഷ്യം. സ്ഥാനമാനങ്ങൾ നേടി എടുത്ത് സ്വന്തം തലമുറയ്ക്ക് സുഖമായി വാഴാനുള്ളത് ഈ ലോകത്തിൽ തട്ടിക്കൂട്ടുന്ന അനാത്മീക പ്രവണത ഓരോ ഭക്തനും അവസാനിപ്പിക്കണം. ദൈവരാജ്യത്തിന്റെ മറവിൽ സ്വന്തം സ്ഥാപനങ്ങൾ തല്ലിക്കൂട്ടി തലമുറകൾക്കു വേണ്ടി കോടികൾ സമ്പാദിക്കുന്ന വ്യക്തി


10

കണ്ടതും കേട്ടതും

# ഉരട്ടുചെണ്ടത്താളം, അഥവാ പെന്തക്കോസ്തുപാട്ട്

ജയ്മോഹൻ അതിരുങ്കൽ
9567759748

**ക**ഴിഞ്ഞ മാസം, തൃശൂർ റീജിയണൽ തിയേറ്ററിൽ വെച്ച് പാസ്റ്റർ ഭക്തവത്സലന്റെ സംഗീതനിശ നടത്തിയിരുന്നു. കഴിഞ്ഞ നാല്പതു വർഷമായി ക്രിസ്തീയ സംഗീതരംഗത്തു തുടരുന്ന ഭക്തവത്സലൻ രചിച്ച് ഈണം നൽകിയ ഗാനങ്ങളിൽ ചിലതാണ് അവിടെ അവതരിപ്പിച്ചത്. ശ്രോതാക്കളുടെ നിർബന്ധത്തിനു വഴങ്ങിയിട്ടാണെന്നു തോന്നുന്നു, 'ചാരായം കുടിക്കരുതേ' എന്ന പാട്ടും അദ്ദേഹം പാടി. റീജിയണൽ തിയേറ്റർ നിറഞ്ഞു കവിഞ്ഞ്, പുറത്തു ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ വെച്ചിട്ടും മതിയാകാത്ത നിലയിലായിരുന്നു ആളുകൾ തിങ്ങിക്കൂടിയത്. തൃശൂരിലുള്ള ക്രിസ്തീയ കലാകാരന്മാരാണ് ഈ ഗാനങ്ങൾ മിക്കവയും ആലപിച്ചതും ഉപകരണങ്ങൾ വായിച്ചതും. ഭക്തവത്സലന്റെ സംഗീതസംവിധാനത്തിൽ പുറത്തിറക്കിയ 'ഓൾഡ് ഫേവറിറ്റ്സ്' എന്ന ഗാനസമാഹാരം നിത്യഹരിതമാണ്. *അതിലെ ചില പാട്ടുകളുടെ പശ്ചാത്തലസംഗീതം എത്രയും ഉയർന്ന നിലവാരം പുലർത്തുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് 'എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായ്' (എന്നോടുള്ള നിൻ സർവ്വനന്മകൾക്കായ് എന്ന പാട്ടുപോലെ വേറൊരു നന്ദിയർപ്പണഗാനമില്ല) എന്ന പാട്ടിന്റെ പശ്ചാത്തലസംഗീതം. സ്പാനിഷ് ഗിറ്റാറിന്റെ ഹൃദയഹാരിയായ നാദം ആ അതുല്യഗീതത്തെ* തികച്ചും വ്യത്യസ്തമാക്കുകയാണ്. ഭക്തവത്സലൻ, മാത്യു ജോൺ, രമണി മാത്യു എന്നിവരുടെ നല്ല കാലമായിരുന്നു. '*ഹാർട്ട് ബീറ്റ്സ്*' കാലയളവ്. അത്ര നല്ല പേരുള്ള വേറൊരു സംഗീതസംഘവും പിന്നീട് ഉണ്ടായിട്ടില്ല. '*ഹാർട്ട് ബീറ്റ്സിൽ*' നിന്നു പുറത്തു പോയവരിൽ രക്ഷപ്പെട്ടതു മാത്യു ജോൺ മാത്രമാണ്. രമണി മാത്യുവിനൊന്നും *ഹാർട്ട് ബീറ്റ്സിൽ* ലഭിച്ചതുപോലുള്ള അവസരങ്ങൾ




പിന്നീടു ലഭിച്ചതായിത്തോന്നുന്നില്ല. ഭക്തവത്സലൻ പിന്നീടു 'ഹാർവെസ്റ്റ്' എന്ന പേരിൽ സംഗീതശുശ്രൂഷ നടത്തിയെങ്കിലും *ഹാർട്ട് ബീറ്റ്സിനെപ്പോലെയുള്ള* പേരൊന്നും അതിനു സിദ്ധിച്ചില്ല. ഇപ്പോൾ അദ്ദേഹം ചർച്ച് ഓഫ് ഗോഡിന്റെ ഒരു ശുശ്രൂഷകനായും പ്രവർത്തിക്കുകയാണ്.

എല്ലാവരെയും ആകർഷിക്കുന്ന ഏകകലാരൂപം സംഗീതമാണ്. സംഗീതത്തിന്റെ (ഉപകരണസംഗീതത്തിന്റെയും) പിതാവു യൂബാൽ ആണെന്ന് ഉല്പത്തി 4:21ൽ വായിക്കുന്നു. കിന്നരവും (harp) വേണുവും (flute) പ്രയോഗിക്കുന്നവരുടെ കുലപതിയാണു യൂബാൽ. അക്കാലത്തുനിന്നു സംഗീതത്തിനും സംഗീതോപകരണങ്ങൾക്കും എന്തെല്ലാം മാറ്റങ്ങളാണുണ്ടായതെന്നു വിസ്മയത്തോടെ മാത്രമേ ഓർക്കാനാവൂ. ഇരുപതാം നൂറ്റാണ്ടിലെ ഒരു കണ്ടുപിടിത്തമായ 'കീബോർഡ്' ഒരുപാടു ഗുണം ചെയ്തിട്ടുണ്ട്. അപ്പോൾത്തന്നെ അതുകൊണ്ടുള്ള ദോഷവും കാണാനുണ്ട്. അതുകൊണ്ടാണു ചിലർ "കറണ്ട് (ഇലക്ട്രിസിറ്റി) ചേരാത്ത തബല, വയലിൻ, ഫ്ളൂട്ട്, ചിഞ്ചിൽ മുതലായവ ഉപയോഗിച്ചുകൊണ്ടു ഗാനമേള നടത്തുന്നത്. ആ സംഗീതത്തിന്റെ ഗുണം കീബോർഡ് ഗാനമേളയ്ക്കു ലഭിക്കുകയില്ല.

സുവിശേഷവിരോധികളായ ചിലരെങ്കിലും രക്ഷിക്കപ്പെടാൻ കാരണമായതു ഹൃദയസ്പർശിയായ പാട്ടാണ്. 'രക്ഷിതാവിനെ കാൺക പാപീ' എന്ന ഗാനം, പാടേണ്ടതുപോലെ പാടിയാൽ, അത് ആളുകൾ ശ്രദ്ധിക്കുമെന്നതിനു സംശയമില്ല. 'സ്നേഹത്തിന്നിടയനാം യേശുവേ' എന്ന പാട്ടും അതുപോലെതന്നെയാണ്, ഇത്തരം മറ്റു നിരവധി പാട്ടുകളുണ്ട്.

ഉണർവ്വ് എന്ന പദത്തെയും അനുഭവത്തെയും ആളുകൾ ഇന്നു തെറ്റിദ്ധരിച്ചിരിക്കുകയാണ്. പാട്ടിന്റെ അർത്ഥമൊന്നും ചിന്തിക്കാതെ, വേഗത്തിൽ പാടുന്ന പാട്ടുകളാണു കൂടിവരവുകളിൽ പാടുന്നത്. 'ടണ്ടടട്ടം, ടണ്ടടട്ടം' എന്ന താളമാണ് എല്ലാ പാട്ടിനുമുള്ളത്. ഫലം, അർത്ഥപുഷ്ടിയുള്ള ഒന്നാന്തരം പാട്ടുകൾ ആരും പാടാതെ പോകുന്നു. തമ്പേറിച്ചുകൊണ്ടു പാടുമ്പോൾ, മേല്പറഞ്ഞ കൊട്ടാണ് എല്ലാറ്റിനുമുള്ളത്. അങ്ങനെ കൊട്ടിക്കൊട്ടി, അതിനനുസരിച്ച് പാട്ടിന്റെ സ്പീഡ് കൂട്ടി ഒടുവിലത് ഒന്നുമല്ലാത്ത പരുവത്തിലാക്കുകയാണ്. സാവധാനം പാടുന്ന പാട്ടുകൾ നമ്മൾ പാടാതെ വിടുന്നു. അവ പാടിയാൽ ആരും 'ആത്മാവിലാ'കുന്നില്ല! ആത്മാവിലാകുക എന്നു പറഞ്ഞാലെന്താണ്? ഇങ്ങനെ ഉന്മത്തരാകുന്നതാണോ? "ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി" (അ. പ്ര. 4:31) എന്നു വായിക്കുന്നു. "കൂടിയിരുന്നവർ കുലുങ്ങി" എന്നില്ല. അതുകൊണ്ടു കുലുങ്ങിക്കൂടാ എന്നും പറയേണ്ടതില്ല. കുലുങ്ങാം, കുലുങ്ങാതിരിക്കാം. നിർബന്ധം വരുമ്പോഴാണു പ്രശ്നമാകുന്നത്. ഇവിടെ പാട്ടാണല്ലോ വിഷയം. എന്റെ അനുഭവത്തിൽ, ദ്രുതതാളത്തിലുള്ളതും അല്ലാത്തതുമായ പാട്ടുകൾ ഒരുപോലെ ധ്യാനിച്ചുപാടുമ്പോൾ ആത്മീയമായ ഒരു സന്തോഷം, അഥവാ അനുഭൂതി ഉണ്ടാകാറുണ്ട്. പാട്ടിന്റെ അർത്ഥം മനസ്സിലാക്കി വേണം പാടാൻ എന്നു മാത്രം.

അമേരിക്കയിൽ കുടിയേറിയ നീഗ്രോകൾ, അവരുടെ കൊട്ടുവാദ്യപാരമ്പര്യം അമേരിക്കയിലും തുടർന്നു. കോംഗോ ഡ്രം ആഫ്രിക്കക്കാരുടെ ജീവിതത്തിന്റെ ഭാഗം തന്നെയാണ്. എസ്. കെ. പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങളിൽ ഈ 'പറയടി'യുടെ പരാമർശമുണ്ട്. പെന്തക്കോസ്തുകാരായിത്തീർന്ന നീഗ്രോകൾ അവരുടെ പാരമ്പര്യം അതിലും കലർത്തി. അതിന്റെ അനുരണനം ഇവിടെയുമുണ്ടായി. കേരളത്തിലും കൊട്ടുവാദ്യങ്ങൾക്കു സ്ഥാനമുണ്ടല്ലോ. പാശ്ചാത്യ സംഗീതത്തിൽ തന്ത്രി, സുഷിരവാദ്യങ്ങൾക്കാണു പ്രാമുഖ്യം. കൊട്ടുവാദ്യങ്ങൾ അവർ ഉപയോഗിക്കുന്നതാണെങ്കിലും ഇത്രത്തോളം തീവ്ര

10

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 06, ISSUE 20

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/10/2013

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

മാധ്യമ വിചാരം

# കെ. സി.ക്കും ഫിലിപ്പ് പി.ക്കും അട്ടപ്പാടിയിലെന്ത് കാര്യം?



അനിൽ കൊടിത്തോട്ടം
9495733727

**ഐ.** പി. സി. രാഷ്ട്രീയത്തിലെ അതികായൻ ഫിലിപ്പ്. പി. തോമസിനെതിരെ ആഗ്നേയ അസ്ത്രം തൊടുത്തുകൊണ്ട് ക്രൈസ്തവ ചിന്ത ഗോദയിലേക്കിറങ്ങുന്നു. ഉജ്ജ്വലം എന്നേ വിശേഷിപ്പിക്കേണ്ടതുള്ളൂ. കെ. എൻ. റസ്സലിന്റെ പത്രപ്രവർത്തനശൈലി രസാവഹമാണ്. ഒരാളെ പിന്തുണച്ചാൽ അത് ആത്മാർത്ഥം. പിണങ്ങിപ്പിരിഞ്ഞ് പണിതുടങ്ങേണ്ടി വന്നാൽ നാവും നഖവും പേനയും ഒരുപോലെ ചലനാത്മകമാകും. ഏ. ജി.യിലെ റ്റി. ജെ. ശാമുവേൽ, കെ. സി. ജോൺ, മുല്ലക്കര സാർ തുടങ്ങിയ മിടുക്കന്മാർക്കൊക്കെ അത് മനസിലായിട്ടുണ്ട്. സുപ്രീംന്റിന് മറുപടി എന്ന പേരിൽ റ്റി. ജെ. യെ നിലപരിശാക്കിയ ക്രൈസ്തവ ചിന്തയിലെ കുറിപ്പ് സന്ദർഭവശാൽ ഓർത്തുപോകുന്നു. ഇപ്പോഴിതാ ഫിലിപ്പ് പി. ആയിരിക്കുന്നു താരം. അവസരവാദ രാഷ്ട്രീയത്തിന്റെ വക്താവായി അദ്ദേഹത്തെ വിചാരണചെയ്യുന്ന ഒരു ഫുൾ പേജ് ലേഖനത്തോടൊപ്പം എം. പി. ടോണിയുടെ പത്രാധിപ ലേഖനവും കൊണ്ട് ഫിലിപ്പ് പി.യുടെ ആമാശയത്തിലേക്ക് ആസിഡ് ഒഴിക്കുംവിധം ആയിരിക്കുന്നു കാര്യങ്ങൾ. കഠിനമായ ചൂടിൽ ഉള്ളുപിടയുന്ന ഫിലിപ്പ്. പി. എല്ലാ ആരോപണവിധേയരെയുംപോലെ പൊട്ടിത്തെറിക്കുന്നില്ല നന്ന്. നേതൃസഹജമായ പക്വത. എന്നാൽ ആരോപണങ്ങൾക്ക് മറുപടിയില്ലാതെ വരുന്ന ചിലർ ഇഗ്നോർ ചെയ്യുന്ന പതിവുണ്ട്. മാധ്യമവിചാരത്തിലെ ആരോപണങ്ങളെ നേരിടാൻ കഴിയാതെ പോയ അച്ചൻകുഞ്ഞ് ഇലന്തൂർ, പെന്തക്കോസ്ത് ഷേക്സ്പിയർ ആയി സ്വയം ചമയുന്ന സാംകുട്ടി, ഉപദേശിയുടെ മകനായ പെന്തക്കോസ്ത് ഓസ്കാർ ജേതാവ് ജോർജ്ജ് മത്തായി തുടങ്ങിയ മഹാ പ്രതിഭകൾ മാധ്യമവിചാരത്തെ ഇഗ്നോർ ചെയ്യാറുണ്ട്. അച്ചൻകുഞ്ഞിന് ഇഗ്നോർ എന്ന പദം സ്പെല്ലിംഗ് തെറ്റാതെ എഴുതാൻ അറിയാമോ എന്നും സംശയം. ഇഗ്നോർ ചെയ്തവർ ലഘുലേഖകളായും ഇടനിലക്കാരെ നിർത്തിയും പരിഭവം പറഞ്ഞും കരയുന്നതെന്തിനാണാവോ? ഫിലിപ്പ്. പി. ക്രൈസ്തവചിന്തയെ ഇഗ്നോർ ചെയ്യുമോ പ്രതികരിച്ച് രംഗത്തു വരുമോ കാത്തിരുന്നു കാണുക.

ടോണിയുടെ പത്രാധിപ കുറിപ്പിൽ ജോർജ്ജുകുട്ടി പക്ഷത്തെ പുരോഗമനവാദികൾ എന്നു വിശേഷിപ്പിച്ചത് അല്പം കടന്ന കൈയ്യായിപ്പോയി. ആധുനികതയുടെ നിറംപിടിച്ച കുറെ അഭ്യാസങ്ങൾ പെന്തക്കോസ്ത് ആരാധനകളിൽ കുത്തിനിറയ്ക്കാൻ താൽപര്യം എടുക്കുന്ന വിതണ്ഡവാദികളാണ് ഇവർ. പാസ്റ്റർ ജോർജ്ജുകുട്ടി വ്യക്തിപരമായി ദുരുപദേശം പറയുന്ന ആളായി ഞാൻ കാണുന്നില്ല. എന്നാൽ അദ്ദേ

05

## സംസ്ഥാന വൈ. പി. ഇ ക്യാമ്പ് ഡിസംബർ 26 – 28 വരെ മുളക്കുഴയിൽ

**മുളക്കുഴ:** മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റിന്റെ പുത്രികാ സംഘടനയായ വൈ. പി. ഇ സംസ്ഥാന ക്യാമ്പും, താലന്തു പരിശോധനയും 2013 ഡിസംബർ 26 മുതൽ 28 വരെ മുളക്കുഴ സീയോൻകുന്നിൽ റോബർട്ട് എഫ് കുക്ക് കൺവൻഷൻ സെന്ററിൽ വച്ച് നടക്കും. സംസ്ഥാന സെക്രട്ടറി ബ്രദർ അജി കുളങ്ങരയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വൈപി. ഇ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ വൈ റെജി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. താലന്തു പരിശോധന, വചന ശുശ്രൂഷ, ആരാധന, ധ്യാനം, പപ്പറ്റ് ഷോ, കുട്ടികൾക്കുള്ള വിവിധ പ്രോഗ്രാമുകൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 150 രുപാ ആയിരിക്കും. ക്യാമ്പിന്റെ അനുഗ്രഹത്തിനായി വൈ. പി. ഇ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വൈ റെജി, സ്റ്റേറ്റ് സെക്രട്ടറി അജികുളങ്ങര, സ്റ്റേറ്റ് ജോയിന്റെ സെക്രട്ടറി പാസ്റ്റർ മാത്യു ബേബി എന്നിവരുടെ നേതൃത്വത്തിൽ വൈ. പി. ഇ സ്റ്റേറ്റ് ബോർഡ് പ്രവർത്തനം ആരംഭിച്ചു. വൈ. പി. ഇ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ഐ. പി. സി. എരുമേലി ഏരിയ പ്രവർത്തനങ്ങൾ 3–ാം വർഷത്തിലേക്ക്


പാസ്റ്റർ ജെയിംസ് കെ. ഈപ്പൻ (ഡയറക്ടർ)

പ്രാർത്ഥിപ്പിൻ
3 വർഷംകൊണ്ട് 50 മിഷൻ കേന്ദ്രങ്ങളും
1000 പുതിയ അംഗങ്ങളും
സ്വയംപര്യാപ്തമായ 21 സഭകളും ഉണ്ടാകുവാൻ


പാസ്റ്റർ എ. സി. ജോർജ്ജ് (അസോസിയേറ്റ് ഏരിയ പാസ്റ്റർ)

ഏരിയാ പ്രവർത്തനങ്ങൾ
തുലാപ്പള്ളി, പുത്തൻചന്ത, എരുമേലി, ചെറുവള്ളി, കരിനിലം, നീലിപിലാവ്, പുഞ്ചവയൽ, കണമല, കാളകെട്ടി, വെള്ളാവൂർ, കൊടിത്തോട്ടം, ചെങ്ങാംകുന്ന്, പൊന്തൻപുഴ, കൊരട്ടി, ചീനിമരം, മുട്ടപ്പള്ളി, നാറാണംതോട്, ചാരുവേലി, കിസുമം, ആലപ്ര, 34–ാം മൈൽ

മൂന്നാം വർഷത്തിലെ പ്രവർത്തന പദ്ധതികൾ
കൺവൻഷനുകൾ * സുവിശേഷറാലികൾ * ചാരിറ്റി വർക്കുകൾ


പാസ്റ്റർ തോമസ് മാത്യു ചാരുവേലി (പ്രസിഡന്റ്)

എക്സിക്യൂട്ടീവ് കമ്മറ്റി
പാ. കെ. പി. സഖറിയ, പാ. കെ. സി. രാജൻ, പാ. അനിൽ വി. ജെ., ബ്ര. ജെയിംസ് മാത്യു, ബ്ര. തോമസ് തോപ്പിൽ

ഫോൺ
9562130073

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.